PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1952

Wednesday, the 2nd July, 1952.

Vol. VI **OFFICIAL REPORT** **No. 3**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Wednesday, the 2nd July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number in brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

Vellayani Lake.

*90. (1) **Shri P. S. Nataraja Pillai:** Will the Minister for Land be pleased to state:

(*a*) the year in which the Vellayani Lake, Trivandrum taluk, was leased out for cultivation and the average lease amount per acre;

(*b*) the amount realised from each acre for pumping out water and whether the contract for this was fixed by Government;

(*c*) whether this area was leased out for 1952-53 and if so the amount of lease per acre realised;

(*d*) whether there were complaints that in leasing out the area the officers concerned did not do justice?

Chief Minister **(Shri A. J. John):**

(*a*) The Vellayani Kayal was first leased out in 1123. The average lease amount is Rs. 139 per acre.

(*b*) No amount has been realised. The contract was awarded to the lowest tenderer as sanctioned by Government. The land was leased out for 12 years from 1951-52.

(*c*) The average lease amount per acre is Rs. 139.

(*d*) There were allegations. The matter is being enquired into.

Shri P. S. Nataraja Pillai: With reference to answer to (c), may I know whether the fresh leases were granted after auctioning?

Shri A. J. John: 106 acres were not auctioned. The balance was auctioned.

Shri P. S. Nataraja Pillai: Would it not have been better to have auctioned the whole area?

Shri A. J. John: The previous lessees had spent a very big amount in reclaiming the land, and so they were allowed to continue in possession.

Shri P. S. Nataraja Pillai: May I know whether there is any Co-operative Society working there and whether any land has been granted to the society?

Shri A. J. John: There is a Co-operative Society called the Vellayani Agricultural Co-operative Society.

Shri P. S. Nataraja Pillai: What is the area granted to that Society?

Shri A. J. John: 106 acres.

ശ്രീ. എ. കുഞ്ഞൻനാടാർ: കൃഷിആവശ്യത്തിലേയ്ക്കായി പാട്ടം കൊടുക്കുവാൻ അനുവാദം നൽകിയിട്ടുള്ള വെള്ളായണിക്കായലിന്റെ ഏറിയഭാഗവും റവന്യൂഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരും അവരുടെ സിൽബന്തികളുമായി വീതിച്ചെടുത്തു എന്നുള്ളതിനെപ്പററി വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ആ സംഗതിയെപ്പററി ഒരു പരാതി കിട്ടിയിട്ടുണ്ടു്.

ശ്രീ. എ. കുഞ്ഞൻനാടാർ: ൧൯൫൧-ൽ എത്ര ഏക്കർ സ്ഥലം കൃഷി ആവശ്യത്തിനുവേണ്ടി ലേലംചെയ്തുകൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: അതിന്റെ വിവരങ്ങളൊന്നും ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: ൧൯൫൧-ൽ ഒരേക്കറിനു നാനൂറു രൂപാ വച്ചു് ലേലം ചെയ്തു എന്നും അതിനുശേഷം ഏക്കറിനു നൂററിനാൽപ്പതു രൂപാവീതമാണു് ലേലത്തിൽ കിട്ടിയതെന്നുമുള്ള വിവരം ഗവണ്മെന്റിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയായിരിക്കാം.

ശ്രീ. എ. കുഞ്ഞൻനാടാർ: മുൻപുണ്ടായിരുന്ന ലേലത്തുകയിൽ നിന്നും സാരമായ കുറവുവന്നതു് കർഷകർക്കു് നഷ്ടമുണ്ടാകുമെന്നു കരുതിയല്ലേ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയാണെന്നു തോന്നുന്നില്ല.

ശ്രീ. എ. താണുപിള്ള: മുൻ പറഞ്ഞ പരാതി കിട്ടിയതു് എന്നാണെന്നു് പറയാമോ?

ശ്രീ. എ. ജെ. ജാൺ: അതു് ൨൯-൪-൫൨-ലാണു്.

ശ്രീ. എ. താണുപിള്ള: ആ പരാതിയിന്മേൽ വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. എ. താണുപിള്ള : ആരാണ് അന്വേഷണം നടത്തിയതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : അധികാരസ്ഥാനങ്ങളിൽ ഉള്ളവരാണ്.

ശ്രീ. എ. താണുപിള്ള : അധികാരസ്ഥാനങ്ങളിൽ ഉള്ളവർ എന്നു പറഞ്ഞാൽ?

ശ്രീ. എ. ജെ. ജാൺ : ഗവർമ്മെൻറ മുഖാന്തരമാണ് അന്വേഷണം നടത്തിയതു്.

ശ്രീ. എ. താണുപിള്ള : ഏതു ആഫീസർ മുഖേനയാണെന്നു പറഞ്ഞുകൂടയോ?

ശ്രീ. എ. ജെ. ജാൺ : സീ. ഐ. ഡി. ഉദ്യോഗസ്ഥന്മാർ മുഖാന്തരവും മററുമാണ് അന്വേഷണം നടത്തിയിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള : ഏകദേശം നാലുമാസക്കാലമായില്ലേ?

ശ്രീ. എ. ജെ. ജാൺ : ഇല്ല. മൂന്നു മാസമേ ആയുള്ളു.

ശ്രീ. എ. താണുപിള്ള : ഇവയെപ്പററിയുള്ള അന്വേഷണങ്ങൾ ഏതു നിലയിൽ എത്തിയെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : അന്വേഷണങ്ങൾ പൂർത്തിയായിട്ടില്ല.

ശ്രീ. എ. താണുപിള്ള : അന്വേഷണങ്ങൾ എന്നു പൂർത്തിയാകുമെന്നാണ് ഗവർമ്മെൻറ പ്രതീക്ഷിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ : വളരെ താമസംകൂടാതെ പൂർത്തിയാകുമെന്നാണ്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ : കഴിഞ്ഞ തവണ ഈ കാര്യത്തെപ്പററി മി. പനമ്പിള്ളി ഒരു മറുപടി പറഞ്ഞപ്പോൾ ഇതിൻെറ വിശദവിവരങ്ങളെപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ലെന്നും അൽപ്പം താമസിച്ച് പറയാമെന്നും മററും ചീഫ്മന്ത്രി സഭയിൽ പറഞ്ഞതായി ഓർക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : പറഞ്ഞിട്ടുണ്ടായിരിക്കും.

ശ്രീ. എ. കുഞ്ഞൻനാടാർ : വെള്ളായണിക്കായലിൻെറ പമ്പിംഗ് കാൺട്രാക്ട് ഒരേക്കറിനു് നിശ്ചയിച്ചിരിക്കുന്ന തുക വളരെ കൂടുതലാണെന്നു ഗവർമ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഗവർമ്മെൻറിനു ബോദ്ധ്യപ്പെട്ടാൽ അതനുസരിച്ച് നടപടികൾ നടത്തുന്നതായിരിക്കും.

Recruitment to Public Service.

*91. (2) **Shri P. S. Nataraja Pillai:** Will the Minister for General Administration be pleased to state:

(*a*) the number of persons recruited to public service in 1951-52 on the recommendation of the Public Service Commission; and

(*b*) the principles adopted by the Public Service Commission in selecting persons for appointment ?

Chief Minister **(Shri A. J. John):**

(*a*) 3,213.

(*b*) The rules for the working of the P. S. C. which should contain the principles as to the appointments to be made by the Commission have not been finalised yet. Meanwhile, the rules of the erstwhile States of Travancore and Cochin are being followed in so far as they are not inconsistent with the provisions in the Constitution.

Shri P. S. Nataraja Pillai: May I know, of the 3,000 and odd nominations made by the Public Service Commission, how many are initial appointments ?

Shri A. J. John: The number of persons recruited in the lower, intermediate and higher grades in 1951-52 is : higher 23, intermediate 283 and lower 2,907.

Shri P. S. Nataraja Pillai: May I know whether this selection was based upon the previous rules that were in existence in Travancore—previous rules before 1950 ?

Shri A. J. John: Yes, in so far as the two rules are not inconsistent with the provisions of the Constitution.

Shri P. S. Nataraja Pillai: Was not the principle of communal representation considered by the Public Service Commission in making the selection ?

Shri A. J. John: Under the Constitution, it is not possible for the Public Service Commission to give any communal consideration.

Shri P. S. Nataraja Pillai: Am I to understand that these appointments are based on efficiency and efficiency alone ?

Shri A. J. John: In the case of scheduled castes they have shown some special consideration.

Shri P. S. Nataraja Pillai: The 3,000 and odd appointments that have been recommended by the Public Service Commission are based purely on the question of merit. Am I to understand it like that ?

Shri A. J. John: I think so.

Shri M. William: May I know the number of appointments made in the Revenue Department since 1950 ?

Mr. Speaker: The question is with reference to appointments made in 1951-52.

Shri P. S. Nataraja Pillai: Is there any rule fixing the way in which merit is to be judged, to be followed by the Public Service Commission ?

Shri A. J. John: They conduct a *viva voce* examination and interview all the applicants.

Shri P. S. Nataraja Pillai: May I know whether any examination was held in 1951-52 and whether the results have been published ?

Shri A. J. John: I want notice.

Shri Anthonie Andrew Daniel Luiz: Out of the 3,000 and odd appointments, is there any appointment for Anglo-Indians?

Mr. Speaker: Order, order.

Reservation of Appointments to Backward Class of Citizens.

*92. (3) **Shri P. S. Nataraja Pillai:** Will the Minister for General Administration be pleased to state:

(*a*) whether any provision has been made for the reservation of appointments or posts in favour of any backward class of citizens in the State:

(*b*) if so, who are those backward classes of citizens; and

(*c*) what are the provisions made?

Chief Minister **(Shri A. J. John):** (*a*) to (*c*). A Committee has been constituted for the purpose and the tentative proposals submitted by the Committee are being carefully examined by Government. No final decision has been taken in the matter.

Shri P. S. Nataraja Pillai: May I know the date of appointment of the Committee?

Shri A. J. John: The Committee was appointed in August 1951.

Shri P. S. Nataraja Pillai: May I know when the Committee submitted proposals?

Shri A. J. John: Towards the close of March 1952.

Shri P. S. Nataraja Pillai: May I know whether the Government has even now come to any definite conclusion on the matter of the backward classes? What are the criteria by which these backward classes are given appointments?

Shri A. J. John: That will depend upon the provisions of Article 16 (4) of the Constitution.

Shri P. S. Nataraja Pillai: What are the factors that are being taken into consideration by Government in fixing up these backward classes as far as representation in services is concerned?

Shri A. J. John: Government have not finally decided that question. What is stated in Article 16 (4) is this:

> "Nothing in this Article shall prevent the State from making any provision for the reservation of appointments or posts in favour of any backward class of citizens which, in the opinion of the State, is not adequately represented in the services under the State."

Shri P. S. Nataraja Pillai: May I know whether the condition on which the backward classes are given appointments is their inadequate representation or their economic condition or their educational equipment?

Mr. Speaker: Is it not too wide a question to be answered on the floor of the House?

Shri P. S. Nataraja Pillai: Two years are over. They have not yet come to any conclusion. I should like to know how the mind of the Government is working.

Shri A. J. John: Government have not come to any definite conclusion.

Shri A. Thanu Pillai: May I know whether Government have already prepared a list of backward classes and approved it?

Shri A. J. John: The Committee has prepared a list of backward classes; but the Government have not accepted that list but are only considering that question.

Shri A. Thanu Pillai: May I know when that list was forwarded by the Committee?

Shri A. J. John: I have already stated it. The Committee has forwarded that report towards the close of March 1952.

Shri A. Thanu Pillai: How do the Public Service Commission decide whether a particular applicant is backward or not, when we are told that the list is only being considered by Government?

Shri A. J. John: The report of the Committee is under the consideration of Government and is in a confidential stage at present.

Shri A. Thanu Pillai: The report of the Committee, I understand, is in a confidential stage. But till now on what basis has the Commission decided whether a particular community is backward or not?

Shri A. J. John: The Commission has not decided that question. They are interviewing candidates and upon the results of the *viva voce* examination they select candidates for appointment.

Shri A. Thanu Pillai: So, the question whether a particular applicant belongs to the backward class or not has not been considered in respect of any recruitment. Am I to understand it like that?

Shri A. J. John: Yes.

ഭൂമിയുടെ പരിധി നിർണ്ണായകം.

* നം. [൬] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഭൂമിയുടെ പരിധി നിർണ്ണയിച്ചിട്ടുണ്ടോ?

(ബി) ഭൂനയം രൂപീകരിക്കാൻ ശ്രീ. കോമാട്ടിൽ അച്യുതമേനോന്റെ നേതൃത്വത്തിൽ ഒരു കമ്മിററിയെ നിയമിച്ചിരുന്നോ?

(സി) നിയമിച്ചതു് എന്ന്?

(ഡി) കമ്മിററി അംഗങ്ങൾ ആരെല്ലാം?

(ഇ) കമ്മിററി പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവായി?

(എഫ്) കമ്മിററിറിപ്പോർട്ടു എന്നു കിട്ടി ?

(ജി) റിപ്പോർട്ട് നടപ്പിൽ വരുത്തിയിട്ടുണ്ടോ ?

(എച്ച്) വരുത്തിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്ത് ?

(ഐ) ഭൂനയം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

(ജെ) ഉണ്ടെങ്കിൽ എന്നു നടപ്പിൽ വരും ?

ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்) :

(ஏ) நிலம் சொந்தமாய் வைத்திருப்பது சம்பந்தமாக அதிர் பற்றி அளவு நிர்ணயிக்கப்படவில்லை.

(பி) நியமித்திருந்தது.

(ஸி) 24—9—1949-ல்.

(டி) ஸ்ரீ. கோமாட்டில் அச்சுத மேனோன்
„ வி. ஓ. மார்க்கோஸ்
„ கெ. ஆர். இலங்கத்
„ ஏ. பி. உதயபானு
„ ஸி. ஏ. ஔசேப்
„ வி. ஆர். கிருஷ்ணன் எழுத்தச்சன்
„ கெ. சிவராம பிள்ளை
„ அகலூர் கிருஷ்ணன் நம்பூதிரிபாடு
„ பி. எஸ். மகமத்
„ கிருஷ்ணன் அய்யப்பன்
„ என். நீலகண்ட அய்யர்

(இ) ரூ. 28,631—0—4.

(எப்) 25—10—1950-ல்.

(ஜி) இல்லை.

(எச்) ரிப்போர்ட் கவர்ன்மென்டாரின் ஆலோசனையில் இருந்து வருகிறது.

(ஐ) உண்டு

(ஜெ) அதைப்பற்றி இப்பொழுது சொல்ல சாத்தியமில்லை. இது சம்பந்தமாக ஒரு பில்லை கூடியசீக்கிரம் கொண்டுவர கவர்ன்மென்டார் உத்தேசித்துக்கொண்டிருக்கிறார்கள்.

ശ്രീ. ആർ. ഗംഗാധരൻ : റിപ്പോർട്ടു കിട്ടിയിട്ട് രണ്ടുകൊല്ലം ആയതിനുശേഷവും ഇപ്പോഴും ആലോചനയിലിരിക്കുന്നുവെന്നാണോ പറയുന്നത് ?

Mr. Speaker : Yes, that is the answer.

ശ്രീ. ആർ. ഗംഗാധരൻ : ഭൂനയം രൂപീകരിക്കുന്നതിന് ഈ സഭയിലെ അംഗങ്ങൾ ഉൾപ്പെട്ട ഒരു കമ്മിററിയെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ஸ்ரீ. ஏ. சிதம்பரநாத நாடார்: அதைப்பற்றி சர்க்கார் ஆலோசனை செய்த பின்னர் வரும் முடிவை நீங்கள் ஒப்புக்கொள்வீர்கள் என்று நான் நம்புகின்றேன்.

Shri M. M. Abdul Khader: Sir, the Minister's answers being in Tamil, it was very difficult to follow. If you would oblige us by a translation—

Mr. Speaker: Do you expect the Speaker to translate everything? Under the Rules and Standing Orders, Members have the freedom to speak in English, Malayalam or Tamil. I think there is no difficulty, so far as Malayalam knowing Members are concerned, to understand Tamil language.

ശ്രീ. ആർ. ഗംഗാധരൻ: മന്ത്രി പറഞ്ഞതു് യാതൊന്നുംതന്നെ എനിക്കു മനസ്സിലായില്ല. വിശേഷിച്ചു കേൾക്കാനും കഴിഞ്ഞില്ല.

Mr. Speaker: The names of the Members of the Committee and all those things could have been known from the information already furnished.

ശ്രീ. ആർ. ഗംഗാധരൻ: ഭൂമിയുടെ പരിധി നിർണ്ണയിക്കുമെന്നു് കാൺഗ്രസ്സ് പാർട്ടിയുടെ ആദ്യത്തെ തെരഞ്ഞെടുപ്പു പത്രികയിൽ പ്രസ്താവിച്ചിരുന്നില്ലേ?

Shri A. Chidambaranatha Nadar: I claim notice.

ശ്രീ. പി. വി. അവിരാത്തരകൻ: ഭൂനയം നടപ്പാക്കുന്നതിനു് ഇൻഡ്യാഗവണ്മെൻറുമായി വല്ല എഴുത്തുകുത്തും നടക്കുന്നുണ്ടോ?

ശ്രീ. എ. ചിതംബരനാഥനാടാർ: ഉണ്ടു്.

ஸ்ரீ. பி. எஸ். நடராஜ பிள்ளை: இந்த கவர்ன்மென்டார் பூநயத்தைத் தீர்மானப்படுத்துவதற்கு முன் சட்ட சபையின் அபிப்பிராயத்தை கூட ஆராய்வதற்குத் தயவுண்டாகுமா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: அது சம்பந்தமாக, இந்த சட்ட நிர்மாண சபையில் ஒரு பில் கொண்டுவர சர்க்கார் ஆலோசனை செய்துகொண்டிருக்கிறது.

ஸ்ரீ. பி. எஸ். நடராஜ பிள்ளை: அங்ஙனம் ஒரு பில் வருவதற்கு முன்பாக அதில் அடங்கவேண்டிய கொள்கைகளைப் பற்றி, ஒரு தீர்மானம் மூலமாக இந்த சட்டசபையின் அனுமதியைத் தேடுவீர்களா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: அந்த பில் இந்த சட்டநிர்மாண சபையில் வரும்போது இங்குள்ள அங்கத்தினர்களுக்கு அதைப்பற்றி அபிப்பிராயங்கள் சொல்வதற்குள்ள சந்தர்ப்பம் வருமானபடியால் இது எவ்வளவு தூரம் அவசியம் என்று எனக்குத் தோன்றவில்லை.

ஸ்ரீ. பி. எஸ். நடராஜ பிள்ளை: பில்லின் தத்துவத்தைப் பற்றி ஆராய்வதற்கு இச் சட்டசபையின் அபிப்பிராயத்தை கோருவீர்களா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: அங்ஙனம் ஒரு உத்தேசமில்லை.

Shri M. M. Abdul Khader : Does the hon. Minister think that the President of the former Committee being a big landlord himself, the report of that Committee presided by him would not solve the land questions of the State and as such the report need only be scrapped and that a new Committee be appointed to go into the question again ?

Mr. Speaker ; That is a matter of opinion.

വിൽപ്പന നികുതി.

* ൯൪. [൩] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കയറിലും കയർ ഉൽപ്പന്നങ്ങളിലും നിന്ന് 1951–52-ൽ എത്ര രൂപ വിൽപ്പനനികുതി ഇനത്തിൽ ഈടാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത സാധനങ്ങൾ കയററി അയയ്ക്കുന്ന ഏജൻസികൾ ഇവിടത്തെ കയർ വ്യാപാരികളിൽ നിന്നും വിൽപ്പനനികുതി ഈടാക്കി വരുന്നതായി അറിയാമോ;

(സി) വിൽപ്പനനികുതിയിൽ നിന്നും കയറിനെ ഒഴിവാക്കിക്കിട്ടണമെന്നു കാണിച്ച് പരാതികൾ കിട്ടിയിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) കയറിലും കയറുൽപ്പന്നങ്ങളിലും നിന്നും ൧൯൫൧-൫൨-ൽ, ൨,൧൯,൫൮൪ രൂപ സെയിൽസ്ടാക്സ് ഈടാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത സാധനങ്ങൾ കയററി അയയ്ക്കുന്ന ഏജൻസികൾ കയറുവ്യാപാരികളിൽനിന്ന് വിൽപ്പനനികുതി ഈടാക്കിവരുന്നതായി ഗവൺമെൻറിൻെറ അറിവിൽ പെട്ടിട്ടില്ല.

(സി) വിൽപ്പനനികുതിയിൽ നിന്നും കയറിനെ ഒഴിവാക്കിക്കിട്ടണമെന്നു കാണിച്ച് അനേകം നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

(ഡി) അങ്ങനെയുള്ള നിവേദനങ്ങൾ കിട്ടിയതിൻശേഷം ഈ സാധനങ്ങളുടെ മേൽ സെയിൽസ്ടാക്സ് ചുമത്തുന്ന ഉത്തരവ് നിറുത്തിവയ്ക്കുകയും കയറിനും, കയർ ഉൽപ്പന്നങ്ങൾക്കും, തൊണ്ടിനും സെയിൽസ്ടാക്സ് ചുമത്തുന്ന കാര്യങ്ങളെപ്പററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ ഒരു കമ്മിററിയെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കമ്മിററിയുടെ റിപ്പോർട്ട് വരുന്നതുവരെ സെയിൽസ്ടാക്സ് ഈടാക്കുന്നതല്ല

ശ്രീ. ആർ. ഗംഗാധരൻ : കമ്മിററിയുടെ റിപ്പോർട്ട് എന്നത്തേയ്ക്കു വരുമെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റിപ്പോർട്ട് വേഗം കിട്ടും. റിപ്പോർട്ടുവരുന്നതുവരെ സെയിൽസ്ടാക്സ് ചുമത്തുകയില്ലെന്ന് വച്ചിട്ടുള്ളതുകൊണ്ട് ആർക്കും ഉൽക്കണ്ഠയ്ക്ക് അവകാശമില്ല.

ശ്രീ. ആർ. ഗംഗാധരൻ : ഡിമാൻഡ് നോട്ടീസ് അയച്ചിട്ടുള്ളത് ഇപ്പോഴും ഊർജ്ജിതത്തിൽ തന്നെ വച്ചിരിക്കുന്നതെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഡിമാൻഡു നോട്ടീസ പിൻവലിക്കേണ്ട കാര്യം ഇതിൽ ഒരു അവസാന തീരുമാനമുണ്ടായതിനുശേഷമേ പരിഗണിക്കാൻ ഒക്കുകയുള്ളു.

ശ്രീ. ആർ. ഗംഗാധരൻ : ഇപ്പോഴും ഡിമാൻഡ്നോട്ടീസ് അയയ്ക്കുന്നതായി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ ഉത്തരവിനു ശേഷം അങ്ങനെ അയച്ചിരിക്കാൻ ഇടയില്ല.

ശ്രീ. ആർ ഗംഗാധരൻ : അങ്ങനെ ഡിമാൻഡ്നോട്ടീസ് അയച്ച് അതനുസരിച്ച് പണം അടച്ചിട്ടുണ്ടെങ്കിൽ അതു് തിരിച്ചുകൊടുക്കാൻ ഗവണ്മെൻറിനു ഭയവുണ്ടാകുമോ?

ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ : അതു നോക്കിയേ പറയാൻ തരമുള്ളു.

ശ്രീ. എ. താണുപിള്ള : റിപ്പോർട്ടു കിട്ടുന്നതുവരെ സെയിൽസ് ടാക്സ് ഈടാക്കുകയില്ലെന്നു പറഞ്ഞു. റിപ്പോർട്ടു കിട്ടുന്ന കാലംവരെ ഈടാക്കുകയില്ലെന്നാണോ അതോ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഈടാക്കുകയില്ലെന്നാണോ മനസ്സിലാക്കേണ്ടതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റിപ്പോർട്ടു വന്നതിനുശേഷമേ കഴിഞ്ഞ കാലത്തെ കളക്ക് ചെയ്യണമോ വേണ്ടയോ എന്നെല്ലാം തീരുമാനിക്കുകയുള്ളു. ഏതായാലും റിപ്പോർട്ടു വരുന്നതുവരെ കയറിനും കയറൽപ്പന്നങ്ങൾക്കും സെയിൽസ്ടാക്സ് ഈടാക്കുകയില്ല.

ശ്രീ. എ. താണുപിള്ള : കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാമാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബോർഡ് ഓഫ് റവന്യൂ ഫസ്റ്റ് മെംബർ—ചെയർമാൻ, ശ്രീ. വി. കെ. വേലായുധൻ, ശ്രീ. ഒ. ആർ. ചുമ്മാർ, റിട്ടയാർഡ് ഇൻകംടാക്സ് കമ്മീഷണർ.

ശ്രീ. ആർ. കേശവപിള്ള : കയറിനു് സെയിൽസ്ടാക്സ് ഇപ്പോൾ ഒരു കക്ഷിയുടെ പക്കൽനിന്നു് ഈടാക്കുന്നതു തെററാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ ഈടാക്കുകയാണെങ്കിൽ അതു ഗവണ്മെൻറുത്തരവിനു വിപരീതമാണു്.

ശ്രീ. ടി. വി. തോമസ്സ് : കമ്മിററി സെയിൽസ് ടാക്സ് വാങ്ങണമെന്നു് തീരുമാനിച്ചാൽ കുടിശ്ശികയോടുകൂടി വാങ്ങുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ വാങ്ങണമെന്നു തീരുമാനിച്ചാൽ കുടിശ്ശികയോടുകൂടി ഈടാക്കും.

ശ്രീ. ടി. വി. തോമസ്സ് : അതു സാധുക്കളായ കച്ചവടക്കാർക്ക് വിഷമം ഉണ്ടാക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ തീരുമാനിച്ചാൽ ചിലപ്പോൾ വിഷമമുണ്ടായി എന്നു വരാം.

പാസ്സ്പോർട്ട് സിസ്റ്റം.

* ൯൫. [൧] ശ്രീ. ആർ. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസ്സ്പോർട്ട സിസ്റ്റം നടപ്പിൽ വന്നതിനുശേഷം ഇവിടെ നിന്നും എത്ര പേർ സിങ്കപ്പൂർ പോയിട്ടുണ്ടു്;

(ബി) സിങ്കപ്പൂർ പോകുന്നവരുടെ സംഖ്യ വർഷംതോറും വർദ്ധിച്ചുവരികയാണോ;

(സി) ഇവിടത്തെ പാസ്സ്പോർട്ടിനെ മദ്രാസിലെ പരിശോധന ഉദ്യോഗസ്ഥന്മാർ നിഷേധിച്ചുവരുന്നുണ്ടോ?

അഭ്യന്തരകാര്യമന്ത്രി ശ്രീ. ടി. എം. വർഗീസ് :

എ) ൭, ൪൯൧.

(ബി) വർദ്ധിച്ചുവരികയാണ്.

(സി) നിഷേധിച്ചതായി അറിവിൽ പെട്ടിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ : ഈ ചോദ്യം കിട്ടിയതിനുശേഷം അതുസംബന്ധിച്ചു് എന്തെങ്കിലും വിവരം കിട്ടുന്നതിനു ശ്രമിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗീസ് : ശ്രമിച്ചിട്ടുണ്ടു്. അങ്ങനെ കിട്ടിയ ഒരു ഉത്തരമാണ് ഇവിടെ പ്രസ്താവിച്ചതു് പാസ്പ്പോർട്ടിനു് അപേക്ഷിക്കുന്ന അപേക്ഷകളിൽ ജോലി എന്താണെന്നു കാണിക്കേണ്ട ഒരു കാളമുണ്ടു്. അതിൽ ഇല്ല എന്നു് എഴുതിയിട്ടുള്ളതായി ചിലതിൽ കാണാം. അങ്ങനെ ജോലി ഇല്ല എന്നു് എഴുതീട്ടു് മലയായിലോ സിങ്കപ്പൂരിലോ മറേറാ എത്തുന്നവരെ കപ്പലിൽ നിന്നു് കരക്കിറങ്ങാൻ അനുവദിച്ചിട്ടില്ല. അതുകൊണ്ടു് അങ്ങനെ വരാതെ ശരിയായി പാസ്സ്പോർട്ടിൽ എഴുതുന്നതിനു് അപേക്ഷകർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ : ഈ സഭയിലെ എതെങ്കിലുമൊരു ബഹുമാനപ്പെട്ട അംഗം ഇൻഡ്യയ്ക്കു പുറമെ പോകുന്നതിനു് പാസ്സ്പോർട്ടിനു് അപേക്ഷിച്ചിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗീസ് : പാസ്സ്പോർട്ടിനു് അപേക്ഷിച്ചിട്ടുള്ളവരുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടില്ല. പാസ്സ്പോർട്ടിനു് അപേക്ഷിക്കുന്നവരുടെ സംഖ്യ വർദ്ധിച്ചുവരികയാണെന്നറിയാം. അതോടുകൂടി ഒരു കാര്യംകൂടി എനിക്കു സഭയെ അറിയിക്കാനുണ്ടു്. പാസ്സ്പോർട്ടു് കൊടുക്കുന്നതു് ഈ സ്റ്റേററിൻെറ അധികാരാതിർത്തിയിൽപ്പെട്ടതല്ല. അതു് യൂനിയൻ ലിസ്റ്റിൽ പെട്ടതാണ്. ഇവിടെ അതിൻെറ ഏജൻസി മാത്രമേയുള്ളു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഈ ഗവണ്മെൻറിൻെറ ശുപാർശയനുസരിച്ചായിരിക്കയില്ലേ പാസ്സ്പോർട്ട കൊടുക്കുന്നതു്.

ശ്രീ. ടി. എം. വർഗീസ് : അങ്ങനെ തന്നെ.

ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ : ശ്രീ. ടി. വി. തോമസ്സ് ചൈനയിൽ പോകുന്നതിനു് അപേക്ഷിച്ചപ്പോൾ അതിൽ എന്താണു ശുപാർശ ചെയ്തതെന്നു പറയാമോ ?

ശ്രീ. ടി. എം. വർഗീസ് : ആവക സംഗതികൾ പരസ്യപ്പെടുത്താവുന്നതല്ല.

Primary School for Girls.

※96. [8] **Shri K. Madhavan Unnithan:** Will the Minister for Education be pleased to state:

(*a*) whether there was any proposal for acquiring a site at Adoor for building a primary school for girls to accommodate the primary section of the Adoor M. M. School for girls;

(*b*) when was it; and

(*c*) at what stage is the acquisition proceedings?

Chief Minister **(Shri A. J. John):**

(*a*) No.

(*b*) and (*c*): do not arise.

Sanskrit High Schools.

※97. [9] **Dr. M. Sivaraman Nair:** Will the Chief Minister be pleased to state:

(*a*) whether it is a fact that strength of pupils in the various Sanskrit High Schools is very low;

(*b*) that there is increasing difficulty for managements to conduct these schools; and

(*c*) that Government are losing heavily on account of this, in acceded schools?

Chief Minister **(Shri A. J. John):**

(*a*) comparatively low.

(*b*) some managers have made such representations.

(*c*) Yes.

ഡാക്ടർ എം. ശിവരാമൻ നായർ : നിർബന്ധവിഷയമായി സംസ്കൃതം വച്ചിരിക്കുന്നതുകൊണ്ടല്ലേ കുട്ടികൾ കുറവായിപ്പോകുന്നതു്.

ശ്രീ. എ. ജെ. ജാൺ : കാരണമെന്താണെന്നറിഞ്ഞുകൂടാ.

ഡാക്ടർ എം. ശിവരാമൻനായർ : അതിനു പരിഹാരമായി ഈ കളിൽ സംസ്കൃതം ഐച്ഛികമാക്കിക്കൂടെ?

ശ്രീ. എ. ജെ. ജാൺ : അതു സാദ്ധ്യമാണോ എന്നു ഡിപ്പാർട്ടുമെൻറു മുഖാന്തരമായി അന്വേഷണം നടത്തിയശേഷമേ പറയാൻ നിവൃത്തിയുള്ളൂ. സംസ്കൃതം ഐച്ഛികമാക്കിയാൽ അക്കാഡമിക് സ്കൂൾ ആകുക എന്നാണർത്ഥം. അക്കാഡമിക് സ്കൂളിനു് അപേക്ഷിച്ചാൽ അനുവദിക്കയില്ലെന്നു കണ്ടാണു് പല സ്ഥലങ്ങളിൽനിന്നും ഇങ്ങനെയുള്ള സ്കൂളുകൾക്കു് അപേക്ഷിച്ചിട്ടുള്ളതു്.

ശ്രീ. വാസുദേവൻപിള്ള : അക്കാഡമിക് സ്കൂളുകൾ അല്ലാതെയുള്ള സംസ്കൃതസ്കൂളുകൾ അക്കാഡമിക് സ്കൂളുകളാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പറ്റി ആലോചിച്ചേ ഉത്തരം പറയാൻ നിവൃത്തിയുള്ളൂ.

Encroachment on poramboke Lands.

※98. [10] **Dr. M. Sivaraman Nair:** Will the Minister for Revenue be pleased to state whether it is a fact that food production in the State is being adversely affected by the unauthorised and continued encroachment of poramboke lands in and about wetlands?

Minister for Revenue (**Shri A. Chidambaranatha Nadar**): Yes. Steps are being taken to remove and prevent those encroachments.

ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ: പുറമ്പോക്ക സ്ഥലങ്ങൾ കൈവശപ്പെടുത്തിവച്ചിട്ടുള്ളവരുടെ വിവരങ്ങൾ ഗവണ്മെന്റ് ശേഖരിച്ചിട്ടുണ്ടോ?

Shri A. Chidambaranatha Nadar: May I request the hon. Member to repeat that question?

Mr. Speaker: In what part of the State?

Shri M. M. Abdul Khader: Sir, if it is brought to the notice of the Government that many rich land owners have made encroachments, will the Government take action?

Mr. Speaker: That is not a question. The hon. Member is always going on with a speech.

Shri M. M. Abdul Khader: Sir, I would ask if the hon. Minister becomes aware that encroachments are being made on Government lands by big land owners, would the Minister take immediate steps to evict them?

Shri A. Chidambaranatha Nadar: Yes.

ശ്രീ. എ. കുഞ്ഞൻ നാടാർ: തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു പുറമ്പോക്കസ്ഥലങ്ങൾ കൈവശം വച്ചിട്ടുള്ളവരെ എവിക്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ വടക്കുനിന്നാണോ തെക്കുനിന്നാണോ എടുത്തുതുടങ്ങിയിരിക്കുന്നതു്?

ஸ்ரீ. ஏ. சிதம்பரநாத நாடார்: சர்க்கார் புறம்போக்குகளில் ஏறுவது என்பதில் தெற்கு வடக்கு என்பதில்லை. எங்கும் உண்டு.

Shri A. Kunjan Nadar: May I know whether it is not the normal function of the Revenue Department to evict any encroachment on poramboke lands?

Shri A. Chidambaranatha Nadar: Yes.

മന്ത്രിമാരുടെ സ്റ്റാഫും, പ്രവർത്തനവും.

* ൫൫. [൧൧] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മന്ത്രിക്കും അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫിനും വേണ്ടി ശമ്പളത്തിലും അലവൻസിനത്തിലും പ്രതിമാസം എത്ര രൂപ ചെലവാകുന്നുണ്ട്;

(ബി) മന്ത്രിമാർ ഗവണ്മെന്റ് ചെലവിൽ കാൺഗ്രസ്സ് പ്രചരണം നടത്താറുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ശരാശരി രണ്ടായിരത്തിഅഞ്ഞൂറു രൂപ പ്രതിമാസം ചെലവാകുന്നുണ്ട്.

(ബി) മന്ത്രിമാർ ഗവണ്മെൻറുചെലവിൽ കാൺഗ്രസ്സ് പ്രവർത്തനം നടത്താറില്ല.

ശ്രീ. ടി. എ. മജീദ്: കാൺഗ്രസ്സ് പ്രചരണം നടത്തുന്നതു് അവരുടെ സ്വന്ത ചെലവിൽത്തന്നെയാണോ?

ശ്രീ. എ. ജെ. ജാൺ: അതേ.

ശ്രീ. ടി. എ. മജീദ്: മന്ത്രിമാർ സ്റ്റേറവകാർ ഉപയോഗിക്കുന്നില്ലേ?

ശ്രീ. എ. ജെ. ജാൺ: സ്റ്റേറവകാർ ഉപയോഗിക്കുന്നതിനു് അവർ പെട്രോൾ സ്വന്ത ചെലവിൽ വാങ്ങിക്കുകയാണു്.

ശ്രീ. ടി. എ. മജീദ്: സ്റ്റേറവകാറിനു് പെട്രോൾമാത്രം പോരാ എന്നറിയാമോ? പെട്രോളും ആയിലും എല്ലാം ആവശ്യമാണെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: മന്ത്രിമാർ സഞ്ചരിക്കുന്ന സ്റ്റേറവകാറുകൾക്കാവശ്യമുള്ള പെട്രോളും ആയിലും എല്ലാംതന്നെ മന്ത്രിമാരുടെ ചെലവിൽത്തന്നെയാണു് വാങ്ങിക്കുന്നതു്.

ശ്രീ. ടി. എ. മജീദ്: സ്റ്റേറവകാറിൻെറ വെയർ ആൻറ് ടയർ ആരു സഹിക്കുന്നു?

Mr. Speaker: Is it not too trivial a matter to be pursued further? We will pass on to the next question.

പത്തുമല വെടിവയ്പ്പ്.

❋ ൧൦൦. [൧൨] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തുമല എസ്റ്റേററിൽ തൊഴിലാളികളുടെമേൽ നടന്ന വെടിവയ്പിനെപ്പററി ഗവണ്മെൻറ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) വെടിവയ്പിനെപ്പററി ഗവണ്മെൻറ് പ്രസ്സ്നോട്ടിറക്കിയതു്, വെടിവയ്പ് നടന്നു എത്ര ദിവസം കഴിഞ്ഞിട്ടാണു്;

(സി) ഈ താമസത്തിനു പ്രത്യേക കാരണം വല്ലതുമുണ്ടോ;

(ഡി) വെടിവയ്പിനെപ്പററി പരസ്യാന്വേഷണം നടത്തണമെന്നു കാൺഗ്രസ്സുകാർപോലും ആവശ്യപ്പെട്ടിട്ടില്ലേ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗീസ്):

(എ) ഉണ്ടു്.

(ബി) ഏഴു ദിവസത്തിനുശേഷം.

(സി) യഥാർത്ഥ വിവരങ്ങൾ അന്വേഷിച്ചറിയുന്നതിനുണ്ടായ താമസംകൊണ്ടാണു്.

(ഡി) ഈ ചോദ്യത്തിനുത്തരം നേരത്തെ പറഞ്ഞിട്ടുള്ളതാണു്.

ശ്രീ. ടി. എ. മജീദ്: യഥാർത്ഥ വിവരങ്ങൾ കിട്ടാൻ ഇത്ര താമസിച്ചതു് എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. ടി. എം. വർഗീസ്സ്: ശരിയായ അന്വേഷണം നടത്തി യഥാർത്ഥ വിവരങ്ങൾ ലഭിക്കുന്നതിനുണ്ടായ താമസംകൊണ്ടാണ്. ശരിയായ അന്വേഷണം നടത്തി യഥാർത്ഥ വിവരങ്ങളാണ് ലഭിച്ചിട്ടുള്ളതെന്നു് ഗവണ്മെന്റിനു ബോദ്ധ്യം വന്നതിനുശേഷമാണ് പ്രസ്സ്നോട്ട് ഇഷ്യു ചെയ്യേണ്ടതു്.

Mr. Speaker: I think we had enough of discussion on this.

ഭൂനയപരിഷ്കാരം.

* ൧൦൧. [൧൯] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഭൂനയം സംബന്ധിച്ച് ഗവണ്മെന്റ് എന്തെങ്കിലും തീരുമാനം ചെയ്തിട്ടുണ്ടോ;

(ബി) ഭൂനയം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിററിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കമ്മിററി സമർപ്പിച്ച റിപ്പോർട്ടിനെപ്പററി ഗവണ്മെന്റ് എന്തു തീരുമാനമാണ് കൈക്കൊണ്ടിരിക്കുന്നതു്?

ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்):

(ஏ) இல்லை.

(பி) ஏற்படுத்தியிருக்கிறது.

(ஸி) ரிப்போர்ட் கவர்ன்மெண்டாரின் ஆலோசனையில் இருந்து வருகிறது. அதுவுமல்லாமல் இந்த விஷயம் தற்போது மத்திய அரசாங்கத்தின் பிளானிங் கமிஷனின் ஆலோசனையில் இருந்து வருகிறது. மேலும் இந்த சர்க்கார் பிளானிங் கமிஷனுடன் எழுத்துக் குத்துகள் செய்துகொண்டிருப்பதால் தற்சமயம் அதைப்பற்றி கூடுதலாக ஒன்றும் சொல்வதற்கில்லை.

ശ്രീ. ഈ. പി. വർഗ്ഗീസ്: ഈ കമ്മിററിയെ സംഘടിപ്പിച്ചതു് കോൺഗ്രസ്സ്പാർട്ടിയിൽനിന്നാണോ അതോ ഗവണ്മെന്റാണോ?

ശ്രീ. എ. ചിതംബരനാഥനാടാർ: ഗവണ്മെന്റാണ്.

ശ്രീ. ഈ. പി. വർഗ്ഗീസ്സ്: ഈ കമ്മിററിയാണോ അച്ചുതമേനോൻ കമ്മിററി എന്നു പറയുന്നതു്?

Shri A. Chidambaranatha Nadar: The same committee.

Mr. Speaker: Order, order. We have had enough of discussion on that question also.

വിദ്യാർത്ഥിയുടെ ഡിസ്മിസ്സൽകാര്യം.

* ൧൦൨. [൧൪] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) തിരുവിതാംകൂർ യൂണിവേഴ്സിററിയുടെ കീഴിലുള്ള സംസ്കൃതകാളേജിൽനിന്ന് ൧൧൨൭-ൽ ഫൈനൽക്ലാസ്സിലെ ഒരു സ്കാളർഷിപ്പ് വിദ്യാർത്ഥിയായിരുന്ന പി. എൻ. കരുണാകരനെ ഡിസ്മിസ്സ് ചെയ്യുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്തു്;

(ബി) വീണ്ടും പ്രവേശനത്തിനുവേണ്ടി ആ വിദ്യാർത്ഥി ഏതെല്ലാം വർഷങ്ങളിൽ അപേക്ഷിച്ചു; എന്നിട്ട് ഏതെങ്കിലും കൊല്ലം മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, എന്തു് മറുപടി കൊടുത്തു;

(സി) പ്രസ്തുത വിദ്യാർത്ഥിയെ ഡിസ്മിസ്സ്ചെയ്യുവാനുണ്ടായ വിശദമായ ഹേതുക്കൾ ഈ സഭയുടെ മുൻപാകെ പറയുമോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ) :

(എ) ൧൧൨൭-ൽ സസ്പെൻറ ചെയ്യുകയുണ്ടായി. കാളേജിൽ പണിമുടക്ക സംഘടിപ്പിച്ചു എന്ന കാരണത്തിനാണ്.

(ബി) ൧൧൨൮-ൽ വീണ്ടും കാളേജിൽ പ്രവേശനത്തിനു അപേക്ഷിച്ചു. പ്രവേശനം അനുവദിച്ചില്ല.

(സി) കാളേജിൽ പണിമുടക്ക സംഘടിപ്പിച്ചു എന്ന കാരണം കൊണ്ടാണ്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ൧൧൨൮-ൽ പ്രവേശനം നൽകിയില്ലെന്നു പറഞ്ഞു. ആ വിവരം പ്രസ്തുത വിദ്യാർത്ഥിയെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: അറിയിച്ചുകാണും.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: അറിയിച്ചിട്ടില്ലെന്നു പറഞ്ഞാൽ വിശ്വസിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ഏ. ജെ. ജാൺ: അറിയിച്ചിട്ടില്ലെങ്കിൽ കാളേജിൽ പ്രവേശനം അനുവദിക്കാഞ്ഞതുകൊണ്ടായിരിക്കും. അതിനു മറുപടി കിട്ടിയില്ലെങ്കിലും കുഴപ്പമില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ൧൧൨൭-ൽ വിദ്യാർത്ഥികൾ പണിമുടക്കിയതു കുററകരമാണെന്നാണോ ഗവണ്മെൻറ് കരുതുന്നതു്?

ശ്രീ. ഏ. ജെ. ജാൺ: പണി മുടക്കുകയല്ല, കുട്ടികളുടെ ജോലി പഠിക്കുകയാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ: ൧൧൨൭-ൽ കുട്ടികൾ പണിമുടക്കിയതു കാൺഗ്രസ്സിൻെറ ആഹ്വാനമനുസരിച്ചല്ലേ?

Mr. Speaker: The question is disallowed.

It is purely a question about an individual and we should not take so much time.

കുടിയിറക്കുകൾ.

* ൧൦൩. [൧൮] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ-കൊച്ചിയുടെ എല്ലാ ഭാഗത്തും ധാരാളം കുടിയിറക്കുകൾ ഇപ്പോൾ നടന്നുവരുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒററിയിലും പാട്ടത്തിലും ഇരിക്കുന്ന വസ്തുക്കളിൽ ഉള്ള രജിസ്റ്റേഡ് കുടികിടപ്പുകാർക്ക് കുടിയിറക്കു നിരോധനനിയമം വേണ്ട സംരക്ഷണം നൽകുന്നില്ലെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

Minister for Revenue **(Shri A. Chidambaranatha Nadar):** The answer is not ready.

ചന്തപ്പിരിവ്.

* ൧൦൪. [൧൬] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ പബ്ലിക്ക് മാർക്കററുകളിൽ ചന്തപ്പിരിവു നടത്തുന്നതിന് ഏതെങ്കിലും നിബന്ധനകളുണ്ടോ;

(ബി) ആ നിബന്ധനകൾ നടപ്പിൽ വരുത്താൻ അധികാരപ്പെട്ട ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണ്;

(സി) റൂളുകൾക്കു വിരുദ്ധമായി പിരിവ് നടത്തുന്നുവെന്ന കാരണത്താൽ ഏതെങ്കിലും കൺട്രാക്ടരുടെമേൽ കഴിഞ്ഞ രണ്ടുകൊല്ലത്തിനകം നടപടി നടത്തിയിട്ടുണ്ടോ?

ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்):

(ஏ) உண்டு.

(பி) *திருவிதாங்கூர் பகுதியில் அதிகாரமுடையவர்கள் கலெக்டர்களும், தாசில்தார்களும். கொச்சி பகுதியில், சந்தைகள் பப்ளிக் ஹெல்த் டிப்பார்ட்மென்டின் கீழ் இருந்துகொண்டு வருகிறது. முனிசிப்பல் சந்தைகள் முனிசிப்பாலிட்டி அதிகாரிகளின் கீழ் இருக்கின்றன.*

(ஸி) உண்டு.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ചന്തകളിൽ അന്യായമായി പിരിവുനടത്തിയാൽ അതിനെ നിയന്ത്രിക്കുന്നതിനു കളക്ടർക്കും തഹശീൽദാരന്മാർക്കും അധികാരമുണ്ടോ?

Shri A. Chidambaranatha Nadar: Yes.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: അങ്ങനെ പരാതികളുണ്ടായാൽ ചന്തകൾ വീണ്ടും ലേലംചെയ്യാനല്ലാതെ മററു നിബന്ധനകൾ ഒന്നുമില്ലെന്നറിയാമോ?

Shri A. Chidambaranatha Nadar: In accordance with the rules.

ശ്രീ. സി. കെ. വിശ്വനാഥൻ: ചന്തകളിൽ നികുതിനിരക്കുകൾ അറിയുന്നതിന് ബോർഡുകൾ വയ്ക്കാറില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: ചന്തകളിൽ എല്ലാംതന്നെ ബോർഡുകൾ വേണമെന്നാണ നിബന്ധന. അങ്ങനെ ബോർഡുകൾ വയ്ക്കാതെയുണ്ടെന്നു അറിയിക്കുകയാണെങ്കിൽ അതിനുവേണ്ട നടപടികൾ എടുക്കുന്നതാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ: അറിഞ്ഞിട്ടും ഗവണ്മെൻറ നടപടികൾ എടുക്കുന്നില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ അറിയിച്ചിട്ടില്ലായിരിക്കും.

ശ്രീ. സി. കെ. വിശ്വനാഥൻ: തലയോലപ്പറമ്പിൽ മന്ത്രിയുടെ വീട്ടിനുമുൻപിലുള്ള ചന്തയിൽ ബോർഡുവച്ചിട്ടില്ലെന്നു പ്രക്ഷോഭണം നടത്തിയിട്ടും അതിനു നടപടി നടത്തിയിട്ടില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അതേപ്പററി ഗവണ്മെൻറ അറിഞ്ഞിട്ടില്ലെന്നാണു പറഞ്ഞത്.

ചന്തക്കരത്തിൻെറ നിരക്ക്.

* ൧൦൫. [൧൭] †ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തുള്ള പബ്ളിക്ക്മാർക്കററുകളിൽ ചന്തക്കരത്തിൻെറ നിരക്ക കാണിക്കുന്ന ബോർഡുകൾ ചന്തഗേററിൽ സ്ഥാപിക്കണമെന്നുള്ള വ്യവസ്ഥ ഇപ്പോൾ പാലിക്കപ്പെടുന്നില്ലെന്നുള്ള വിവരം പരമാർത്ഥമാണോ;

(ബി) കണിയാപുരം പബ്ളിക്ക്മാർക്കററ് ഗേററിൽ സ്ഥാപിച്ചിരുന്ന ബോർഡ് ചന്ത കൺട്രാക്ടർ എടുത്തു മാററി അക്രമപിരിവു നടത്തുന്നതായി ഗവണ്മെൻറിനു നാട്ടുകാരിൽനിന്നും വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചു?

ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்):

(ஏ) இல்லை.
(பி) இல்லை.
(ஸி) இந்தக் கேள்விக்கு இடமில்லை.

പത്തുമല വെടിവയ്പ്.

* ൧൦൬. [൧൮] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തുമലത്തോട്ടം തൊഴിലാളികളെ വെടിവച്ചുകൊന്നതിന്മേൽ ഇതുവരെ പരസ്യാന്വേഷണം നടത്താതിരിക്കാൻ ഉള്ള കാരണം എന്ത്;

† As the Member was absent, the question was put by Shri Nilakantaru Pandarathil, with the permission of the Chair.

(ബി) തൊഴിലാളികളുടെ മേൽ വെടിവയ്പ് നടത്തത്തക്കവിധം എന്തെങ്കിലും അടിയന്തിരാവസ്ഥ പത്തുമലയിൽ ഉണ്ടായിരുന്നതായി ഗവണ്മെൻറിനു് അറിവു കിട്ടിയിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

ഈ ചോദ്യത്തിനുത്തരം ഈ സഭയിൽ നൽകിയിട്ടുണ്ടു്.

ശ്രീ. ആർ. സുഗതൻ: ഈ ചോദ്യത്തിൻെറ ബി. ഭാഗത്തിനു് ഉത്തരം പറഞ്ഞിട്ടില്ല.

Mr. Speaker: This has already been answered. All the circumstances which necessitated the incident have been explained by the hon. Member in charge. Should we discuss it further? Everything which will cover the answer to that question has been given. I have no objection to call upon the Minister to repeat the answer.

ശ്രീ. ആർ. സുഗതൻ: തൊഴിലാളികളുടെമേൽ വെടിവെയ്പു നടത്തത്തക്കവിധം എന്തെങ്കിലും അടിയന്തിരാവസ്ഥ പത്തുമലയിൽ ഉണ്ടായിരുന്നതായി ഗവണ്മെൻറിനു അറിവു കിട്ടിയിട്ടുണ്ടോ എന്നുള്ളതിനു ഉത്തരം പറയുന്നതിനു ദയവുണ്ടാകണം.

Mr. Speaker: I know it is very fresh in the memory of all the Members. The Police were summoned, they were molested—all these details were given in the House. Do we want to take more of the time of the House?

ഭൂനികുതി.

*509. [509] ശ്രീ. പി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഭൂനികുതി ഏകീകരിക്കുന്നതിനു ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ടി ഏകീകരണം നടത്തുന്ന അവസരം സംസ്ഥാനത്തുള്ള ഇടവക വസ്തുക്കളിലെ നികുതിയും ഗവണ്മെൻറു് ഭൂനികുതിയോടൊപ്പം ആക്കുന്നതിനു ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ?

ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்):

(எ) உண்டு.

(பி) இந்தக் காரியம் கவர்ன்மெண்டாரின் கவனத்தில் இருந்து வருகிறது.

ശ്രീ. പി. ചാക്കോ: തിരുവല്ലാതാലൂക്കിൽ ചില സ്ഥലങ്ങളിൽ നെല്ലു കരമായി ഈടാക്കിവരുന്നരീതി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയുണ്ടു്.

ശ്രീ. പി. ചാക്കോ: ആ സ്ഥലങ്ങളിലും സെൻറിനു സാധാരണ രീതിയിൽ ഉള്ളകരം ഈടാക്കരുതോ?

ശ്രീ. എ. ജെ. ജാൺ: കല്ലുപ്പാറ പകുതിയിലാണു അങ്ങനെ ഈടാക്കിവരുന്നതു്.

Shri P. S. Nataraja Pillai: May I know whether a tax on Sri-pandaravaka lands is being considered?

Shri A. J. John: Yes.

Shri P. S. Nataraja Pillai: May I know whether the matter under consideration will reach a conclusion within reasonable period?

Shri A. J. John: Yes, within reasonable time the matter will be concluded.

Shri P. S. Nataraja Pillai: Is it directly being considered by the Department concerned or by Government as well?

Shri A. J. John: By Government.

ശ്രീ. എ. കുഞ്ഞൻനാടാർ: ഭൂനികുതി ഭേദഗതിചെയ്യുന്നതിനു് ഗവണ്മെൻറു നടപടി നടത്തിവരുന്നുണ്ടെന്നു പറഞ്ഞു. അതെന്താണെന്നു പറയുമോ?

ശ്രീ. എ. ജെ. ജാൺ: നടപടി എടുത്തുവരുന്നുണ്ടു്. അതു് ഈ സഭയിൽതന്നെ കൊണ്ടുവരാനാണുദ്ദേശിക്കുന്നതു്.

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ മണിയംകരം കണ്ടുകൃഷി മുതലായവ നിറുത്തലാക്കാൻ നടപടികൾ എടുക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: മണിയംകരം ശ്രീ പത്മനാഭസ്വാമിക്ഷേത്രം വക സ്വത്തുകളെ സംബന്ധിച്ചുള്ളതാണു്. അതിനു ഈ ഗവണ്മെൻറിൽ നിന്നും ഒന്നും ചെയ്യാൻ സാദ്ധ്യമല്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ കണ്ടുകൃഷിയും മണിയംകരവും നിറുത്തലാക്കുന്നതു ജനങ്ങൾക്കു ആശ്വാസകരമായിരിക്കുമെന്നറിയാമോ? ഇതിനു ശ്രീ പണ്ടാരവക എന്നെല്ലാം പറയുന്നതിൻെറ അർത്ഥം എന്താണു്?

ശ്രീ. എ. ജെ. ജാൺ: അതെല്ലാം ഹിസ്റ്റാറിക്കൽ ഫാക്ടിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണു്. അതേപ്പററിയെല്ലാം അന്വേഷിച്ചതിനു ശേഷമേ നടപടി എടുക്കാൻ നിവൃത്തിയുള്ളു.

പബ്ലിക്കു് സർവീസിൽ പ്രാതിനിധ്യസംവരണം.

* ൧൦൮. [൨൦] ശ്രീ. പി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഇൻഡ്യൻ ഭരണഘടന ൧൬ (൪) അനുസരിച്ചു് പബ്ലിക് സർവീസിൽ പ്രാതിനിധ്യം സംവരണം അനുവദിക്കേണ്ട സമുദായങ്ങളുടെ പട്ടിക തയാറാക്കുന്നതിനായി ഗവണ്മെൻറിൽനിന്നും ഒരു കമ്മിററിയെ നിയമിച്ചിരുന്നുവോ;

(ബി) കമ്മിററി റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ടിന്മേൽ ഗവണ്മെൻറ് എന്തെങ്കിലും തീരുമാനം ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രി (എ. ജെ. ജാൺ)

(എ) ഉവ്വ്.

(ബി) താൽക്കാലിക റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടു്.

(സി) ഇല്ല. ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. പി. ചാക്കോ : ആ റിപ്പോർട്ടിനെക്കുറിച്ചു് ഈ സഭക്കുള്ള അഭിപ്രായംകൂടി അറിയുമോ?

ശ്രീ. എ. ജെ. ജാൺ : അതേപ്പററി ആലോചിക്കാം.

ശ്രീ. ഇ. പി. വർഗ്ഗീസ് : ഈ കമ്മിററി ഗവണ്മെൻറിൽനിന്നും നിയമിച്ചതാണോ?

ശ്രീ. എ. ജെ. ജാൺ : അതെ. അതു ഇതിനുമുൻപു പറഞ്ഞിട്ടുള്ളതാണു്.

പോലീസ് സബ് ഇൻസ്പെക്ടറന്മാർ.

* ൧൦൩. [൨൧] ശ്രീ. പി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസു് ഡിപ്പാർട്ടുമെൻറിൽ സബ് ഇൻസ്പെക്ടറന്മാരുടെ ശമ്പളസ്കെയിൽ എത്ര;

(ബി) അവരുടെ സഞ്ചാരപ്പടി എത്ര?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) സബ് ഇൻസ്പെക്ടർമാർ രണ്ടു ഗ്രേഡുകളിലാണു്. ഒന്നാം ഗ്രേഡു് ൧൨൫ മുതൽ ൧൫൦ രൂപവരെയും, രണ്ടാംഗ്രേഡു ൭൦ മുതൽ ൧൨൦ രൂപവരെയും.

(ബി) കൂടാതെ പ്രതിമാസം ൨൦ രൂപ ഡ്യൂട്ടി അലവൻസും കൊടുക്കുന്നുണ്ടു്.

ശ്രീ. പി. ചാക്കോ : ഏകദേശം നൂറുരൂപ കൊണ്ടു ജീവിക്കാൻ നിവൃത്തിയില്ലാത്ത ഇക്കാലത്തു ഇത്രമാതിരി ഉദ്യോഗസ്ഥന്മാർക്കു ഇത്ര കുറഞ്ഞ ശമ്പളം കൊടുക്കുന്നതുകൊണ്ടു അവർ കൈക്കൂലിവാങ്ങാൻ നിർബ്ബന്ധിതരായിത്തീരുകയില്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ് : ഒന്നുകൊണ്ടും കൈക്കൂലിവാങ്ങാൻ നിർബന്ധിതരാകരുതു്. ശമ്പളത്തിൻെറ തുകയും കൈക്കൂലിവാങ്ങുന്നതിനുള്ള പ്രേരണയും തമ്മിലുള്ള ബന്ധത്തെപ്പററിയുള്ള അഭിപ്രായം പ്രസ്താവ്യമല്ല.

ശ്രീ. പി. ചാക്കോ: അവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനു ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ശമ്പളം വർദ്ധിപ്പിക്കേണ്ടതാണ്.

ശ്രീ. എൻ. രാജഗോപാലൻനായർ: ഈ ഉദ്യോഗസ്ഥന്മാർ അവരുടെ അധികാരാതിർത്തിയിൽ കാര്യങ്ങൾ വരുമ്പോൾ കുതിരപ്പുറത്തു കേറിയ കൊത്തുവാളിൻെറ നിയമമാണു് പാലിക്കുന്നതെന്നു് അറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: കൊത്തുവാളിൻെറ ആ നിയമത്തെപ്പററി അറിവില്ല. ഞാൻ പഠിച്ചിട്ടില്ല.

Mr. Speaker: Order, order. This question relates to the pay of Sub-Inspectors of Police. I think we are wandering away from the question.

സബ് ഇൻസ്പെക്ടർ ശ്രീ. അംബയ്യാ.

* ൧൧൦. [൨൨] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) കുന്നത്തുനാട്ടുകളം സബ് ഇൻസ്പെക്ടർ ശ്രീ. അംബയ്യാ കഴിഞ്ഞ നാലു വർഷത്തോളമായി കൈക്കൂലി, മർദ്ദനം തുടങ്ങിയ അഴിമതികൾ നടത്തുന്നതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) അങ്ങനെ പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ അതേപ്പററി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൻെറ സ്വഭാവമെന്തു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ശ്രീ. പി. ജെ. ആൻറണി എന്ന ഒരാളിനെ ദേഹോപദ്രവം ഏല്പിച്ചു് എന്നു് ആ ആളിൻെറ ഒരു പരാതി കിട്ടിയിട്ടുണ്ടു്.

(ബി) ഉണ്ടു്. ആരോപണം അടിസ്ഥാനരഹിതമാണെന്നു് അന്വേഷണത്തിൽ മനസ്സിലായി.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇതിനെപ്പററി മററുവല്ല പരാതികളും ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഈ ഒരു പരാതിമാത്രമേ ലഭിച്ചുള്ളുവെന്നാണു് അറിവു്. കൈക്കൂലി വാങ്ങിച്ചു എന്നു് പരാതി ലഭിച്ചിട്ടില്ല.

Mr. Speaker: Order, order. Regarding such questions, I have to bring to the notice of the hon. Members one fact. This is a question purely relating to an individual officer. That individual is not in the Assembly. Therefore, whether supplementary questions regarding complaints about that person could be allowed to be asked and answered on the floor of this House is a

matter for the consideration of hon. Members. That is to say, if a departmental officer is under suspension or under enquiry, any question asked here, any discussion started here, will influence that enquiry. Therefore, is it right on the part of the hon. Members to press such questions and start such discussions here regarding the punishment to be awarded to an officer under enquiry ? That aspect may be considered hereafter while sending questions and starting discussions. I would even like to extend the principle of sub judice further. When an enquiry is being conducted not in a court of law but even otherwise, that principle of sub judice must be applied to that enquiry.

Shri N. Rajagopalan Nair : On a point of information.

ഇത്തരം ചോദ്യങ്ങൾ ചോദിക്കാതിരിക്കുവാൻ ഞങ്ങൾ തയാറാണ്. എന്നാൽ കാര്യങ്ങൾ ഗവണ്മെൻറിന്റെ മുൻപിൽ കൊണ്ടുവന്നിട്ടും അവയെപ്പററി അന്വേഷിക്കുകയോ മററു വേണ്ട നടപടി നടത്തുകയോ ചെയ്യാതിരിക്കുന്നതുകൊണ്ട് ആ കാര്യങ്ങൾ വെളിച്ചത്തുകൊണ്ടുവരുവാൻ വേണ്ടിയാണ് ഞങ്ങൾ ഇത്തുമാതിരി ചോദ്യങ്ങൾ ചോദിക്കുന്നത്. കാര്യങ്ങൾ ശരിക്കു നടത്തുകയാണെങ്കിൽ ഞങ്ങൾക്ക് ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കേണ്ടിവരുകയില്ല.

Mr. Speaker: The Ministers and the Heads of Departments may also take note of that.

<u>പശുമലത്തോട്ടത്തിൽ വെടിവെയ്പ്പ്.</u>

* ൧൧൧. [൨൩] <u>ശ്രീ. എൻ. രാഘവക്കുറുപ്പ്</u> : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) പശുമലത്തോട്ടത്തിൽ നടന്ന വെടിവെയ്പിൽ എത്ര ആളുകൾ മരിച്ചിട്ടുണ്ട്;

(ബി) വെടിവെയ്പിനുമുമ്പ് പശുമലത്തോട്ടത്തിൽ ജോലിയായിരുന്ന ആളുകളിൽ എത്ര ആളുകൾ തിരിച്ചു ജോലിക്കു വന്നിട്ടുണ്ട്? എത്ര ആളുകളുടെ (Whereabouts) ഇന്നും അറിഞ്ഞുകൂടാതെയുണ്ട്;

(സി) തോട്ടത്തിൽ വെടിവെക്കുന്നതിനുചെന്ന പോലീസുപാർട്ടിയുടെകൂടെ ററി. ററി. കമ്പനിയുടെ ജനറൽ മാനേജർ സായിപ്പും ഉണ്ടായിരുന്നു എന്നു പറയുന്നത് സത്യമാണോ;

(ഡി) പോലീസുപാർട്ടിയുടെകൂടെ പീരുമേട് മജിസ്ട്രേട്ടു കൂടി ചെല്ലണമെന്ന് അദ്ദേഹത്തിനു എന്തെങ്കിലും രേഖാമൂലമായ (Requisition) കിട്ടിയിരുന്നോ;

(ഇ) വെടിവെയ്പിനെപ്പററി പരസ്യാന്വേഷണം നടത്തണമെന്നാരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ? അപ്രകാരം ഒരു പരസ്യാന്വേഷണം നടത്താൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ഇതിന മുൻപുതന്നെ ഉത്തരം പറഞ്ഞിട്ടുള്ളതാണ്. മൂന്നുപേർ.

(ബി) മരിച്ചവരും മുറിവുപററിയവരും ഒഴികെ ബാക്കിയെല്ലാവരും തിരിച്ചുവന്നിട്ടുണ്ട്. whereabouts അറിയാൻ പാടില്ലാത്തവരായി ആരുമില്ല.

(സി) അല്ല.

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്. നിയമലംഘനത്തിന് തുനിഞ്ഞ ഒരു ജനക്കൂട്ടത്തിൻെറ നേരെ എന്തെങ്കിലും നടപടി നടത്തുന്നതിന് മജിസ്ട്രേട്ടുകൂടി ഉണ്ടായിരിക്കണമെന്നുകരുതി അറിയിച്ചിട്ടുള്ളതാണ്. രേഖാമൂലമായി അറിവുകൊടുത്തതിനുശേഷമാണ് അദ്ദേഹം സ്ഥലത്തെത്തിയത്.

(ഇ) ഉത്തരം പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: മജിസ്ട്രേട്ടിൻെറ ആർഡർ അനുസരിച്ചാണോ വെടിവെച്ചിട്ടുള്ളത്?

ശ്രീ. ഒ. സി. നൈനാൻ: സർ, ഒരു പായിൻറ് ആഫ് ആർഡർ. ഒരു ചോദ്യം ചോദിച്ചതിന് ഉത്തരം പറഞ്ഞതിനുശേഷം പിന്നെയും അതേമാതിരി ചോദ്യങ്ങൾ ചോദിക്കുന്നതുകൊണ്ട് മററു ചോദ്യങ്ങൾ ചോദിക്കാൻ സൗകര്യം കിട്ടുന്നില്ലയെന്ന വിവരം അങ്ങയുടെ ദൃഷ്ടിയിൽപ്പെടുത്തിക്കൊള്ളുന്നു.

Mr. Speaker: I am trying to prevent repetition. I find this question is a pertinent question which the Minister may answer.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഗവണ്മെൻറിനോട് ചോദ്യങ്ങൾ ചോദിക്കുന്നത് ചില വിവരങ്ങളറിയാനാണ്. എത്രപേർ ജോലിക്കു തിരിച്ചുവന്നിട്ടുണ്ട് എന്ന് ചോദിച്ചതിന ശരിക്കു മറുപടി കിട്ടിയിട്ടില്ല. അതു് ഞങ്ങൾതന്നെ പോയി അന്വേഷിക്കണം എന്നാണെങ്കിൽ—

Mr. Speaker: Order, order. If the Member has not got a very vigilant memory, I can tell him that the actual figures showing the total number of coolies who were working in the estate before the shooting incident and the total number of coolies who were working after the incident were given by the Minister the other day. Anyway, the hon. Minister may answer the question put by Mr. Raghava Kurup.

ശ്രീ. എൻ. രാഘവക്കുറുപ്പ്: മജിസ്ട്രേട്ട് സ്ഥലത്തു വന്നതിനുശേഷമാണോ വെടിവയ്പ് നടന്നത്?

ശ്രീ. ടി. എം. വർഗ്ഗീസ്: അതെ.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ബി—ക്കു ശരിയായ മറുപടി കിട്ടിയിട്ടില്ല.

ശ്രീ. ടി. എം. വർഗീസ്: ഞാൻ മുൻപുതന്നെ പറഞ്ഞിട്ടുണ്ട്. വെടിവയ്പിനുമുമ്പ് എത്രപേരുണ്ടായിരുന്നുവെന്നും പിന്നീട് വെടിവയ്പിനു ശേഷം ജോലിക്ക് എത്രപേർ ഹാജരുണ്ടായിരുന്നുവെന്നും.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഞാൻ ചോദിച്ചതു് അതല്ല. മുൻപുണ്ടായിരുന്നവർ എത്രയെന്നും ഇപ്പോൾ എത്രപേരുണ്ടെന്നും അല്ല. വെടിവയ്പിനുശേഷം, മുൻപു ജോലിക്കുണ്ടായിരുന്നവരിൽ എത്രപേർ തിരിച്ചു വന്നുവെന്നാണ്.

ശ്രീ. ടി. എം. വർഗീസ്: മരിച്ചവരും മുറിവുപററിയവരും ഒഴിച്ചു ബാക്കിയുള്ളവരെല്ലാം തിരിച്ചുവന്നിട്ടുണ്ടെന്നു ഞാൻ പറഞ്ഞു കഴിഞ്ഞു. അതിൽ whereabouts അറിയാൻ പാടില്ലാത്തവരായി ആരും ഇല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: എല്ലാ പ്രതികളും കോടതിയിൽ ഹാജരുണ്ടായിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗീസ്: ഇല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അങ്ങനെ എത്രപേർ കോടതിയിൽ ഹാജരാകാതിരുന്നിട്ടുണ്ട്?

ശ്രീ. ടി. എം. വർഗീസ്: അതറിഞ്ഞുകൂടാ.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അവരെപ്പററിയുള്ള വിവരങ്ങൾ അറിയാത്തതുകൊണ്ടല്ലേ?

ശ്രീ. ടി. എം. വർഗീസ്: അല്ല. അവർ ഒളിച്ചിരിക്കുന്നതുകൊണ്ടാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ തോട്ടത്തിൽ നിന്നല്ലാതെ മററു ആരെങ്കിലും അതിലുണ്ടായിരുന്നോ?

ശ്രീ. ടി. എം. വർഗീസ്: മററു തോട്ടത്തിലുള്ളവരും കൂടി ഉണ്ടായിരുന്നു. അവരുടെ അഡ്രസ്സ് അറിയാൻ പാടില്ലാത്തതുകൊണ്ടല്ല, പക്ഷെ അവർ ആ സ്ഥലത്തുനിന്നും മാറി ഒളിവിലിരിക്കുന്നതുകൊണ്ടാണ് അവരെ കിട്ടാത്തതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അഡ്രസ്സ് അറിയാൻപാടില്ലാത്തവരാണ് whereabouts കിട്ടാത്തവർ എന്നു മന്ത്രിയ്ക്കറിയാമോ?

(ഉത്തരമില്ല.)

Cases against Communists and Trade Unionists.

✱ 112. [24] **Shri M. M. Abdul Khader:** Will the Minister for Law and Order be pleased to state the number of cases charged against communists and trade unionists in Alwaye after 21st April last and the number of the accused in each?

Minister for Home Affairs (**Shri T. M. Varghese**): Cases charged: 3.

Crime No. 37/52 of Alwaye Police Station	...	19
Crime No. 25/52 of Harbour Terminus Railway Police Station	...	1
Crime No. 26/52 of Harbour Terminus Railway Police Station	..	9

Shri M. M. Abdul Khader: Is the Minister aware that there was a lathi charge on the workers on the 21st April by the Police ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു്, പ്രതികളുടെ എണ്ണം, കേസുനമ്പർ ഇവയുടെ കൂട്ടത്തിൽ വരുന്നതല്ലാത്തതുകൊണ്ടു് അതിനെപ്പറ്റി അന്വേഷിച്ചില്ല.

Shri M. M. Abdul Khader: Is the Minister aware that there has been demand from the Members of this House itself calling for an enquiry in respect of certain alleged happenings and that the police have now registered these cases in order to shield their own guilt ?

Mr. Speaker: Firstly, that question, contains certain aspersions and reflections. Secondly, the question here is "the number of cases charged against communists and trade unionists in Alwaye."

Shri M. M. Abdul Khader: If the hon. Speaker doubts the relevancy, I would refer to it at the time of discussion.

Mr. Speaker: You have already taken more time.

Shri M. M. Abdul Khader: "Was there any hunger-strike by these accused while they were in the police lock-up ?" These questions had to be put and, the hon. Speaker had to doubt the relevancy of these questions because these questions have come in here badly mutilated. I have put a number of questions, (a), (b), (c), and they would have already showed the relevancy and the context in asking these questions. That is the reason why these questions have to be put now.

Mr. Speaker: I have already explained. The whole question should have been disallowed then. (*Laughter.*)

Shri. P. S. Nataraja Pillai: May I bring to the notice of the Chair that my question of yesterday is included in today's agenda ?

Mr. Speaker: Yes; there is time.

Blackmarketing.

*113. [25] **Shri M. M. Abdul Khader**: Will the Minister for Law and Order be pleased to state:

(*a*) whether there was a recent instance of blackmarketing of over 200 bags of wheat supplied to the Kannan Devan Company Godowns at Alwaye;

(b) whether it is a fact that the self-same culprits were on appearance let on bail by the Circle Inspector the following day?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): (*a*) and (*b*):

There was no recent instance of black marketing of wheat supplied to the Kannan Devan Company at Alwaye.

Shri M. M. Abdul Khader: The hon. Minister may take the information from me that there was such a case and that it has been charge-sheeted before the Division First Class Magistrate's Court at Alwaye.

Shri Panampilli Govinda Menon: The hon. Member may take the information from me that there has been no such case. (*Laughter.*)

അദ്ധ്യാപകരുടെ ഗ്രേഡുമാററം.

✱ ൫൫൪. (൨൩) ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) ശ്രീ. ഏ. എൻ. തമ്പി വിദ്യാഭ്യാസഡയറക്ടരായിരുന്ന കാലത്ത് ഹയർകാരേയും, സ്കൂൾഫൈനൽകാരേയും, ഒരേഗ്രേഡിലുള്ള അദ്ധ്യാപകന്മാരായി പരിഗണിച്ച് പ്രമോഷൻ കൊടുത്തുവന്നിരുന്നോ?

(ബി) ഇപ്പോൾ ആ നടപടിക്ക് എന്തെങ്കിലും വ്യത്യാസം വരുത്തിയിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ എന്തുകൊണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ശ്രീ. ഏ. എൻ. തമ്പി വിദ്യാഭ്യാസഡയറക്ടരായിരുന്ന കാലത്ത് ഹയർകാരെയും സ്കൂൾഫൈനൽകാരെയും ഒരേ ഗ്രേഡിലുള്ള അദ്ധ്യാപകന്മാരായി പരിഗണിച്ച് പ്രമോഷൻ കൊടുത്തുവന്നിരുന്നു.

(ബി)യും (സി)യും: ഇപ്പോൾ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. മലയാളം മിഡിൽസ്കൂൾ ന്യൂടൈപ്പ് മിഡിൽസ്കൂൾ ആക്കിയതുകൊണ്ട് അവിടെ പഠിപ്പിക്കുന്നതിന് ഹയർകാർ പോരെന്ന് തീർച്ചപ്പെടുത്തിയതുകൊണ്ട് ഇ. എസ്. എൽ. സി—ക്കാരെ നിയമിക്കേണ്ടിവന്നു.

Shri P. S. Nataraja Pillai: Is it because that all these subjects are being taught in the vernacular that these teachers who have passed in vernacular higher are not appointed in the middle schools now?

(*No answer.*)

ശ്രീ. എ. താണുപിള്ള : ഹയർകാരെ മലയാളം പ്രൈമറി സ്കൂളുകളിലും മലയാളം മിഡിൽ സ്കൂളുകളിലും നിയമിക്കുന്നില്ലെന്നുള്ള വിവരം അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ അറിഞ്ഞതുകൊണ്ട് ഇപ്പോൾ അൻപതുശതമാനം ഹയർകാരെക്കൂടി നിയമിക്കണമെന്ന് പബ്ലിക്ക് സർവീസ്കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള : ഈ ഓർഡർ എന്നയച്ചു ?

ശ്രീ. എ. ജെ. ജാൺ : ഏകദേശം ഒരു മാസത്തിനു മുൻപ്.

ശ്രീ. എ. താണുപിള്ള : അവരെ പഴയപോലെ നിയമിക്കാതിരിക്കുന്നതിന് കാരണമെന്താണ് ?

ശ്രീ. എ. ജെ. ജാൺ : അതാണ് ഞാൻ പറഞ്ഞത്. ന്യൂട്ടൈപ്പ് മിഡിൽ സ്കൂൾ ആയതോടുകൂടി അവിടെ ഇ. എസ്സ്. എൽ. സി. വേണമെന്നു തീരുമാനിച്ചു. അതായത് ഇപ്പോൾ മലയാളം മിഡിൽ സ്കൂൾ ഇല്ല. ഇംഗ്ലീഷ്സ്കൂളുകളാണ്. അതുകൊണ്ട് ഹയർകാർ പോരെന്നു നിശ്ചയിച്ചു.

ശ്രീ. എ. താണുപിള്ള : പ്രൈമറിസ്കൂളുകളിൽ നിയമിക്കാതെയിരിക്കുന്നതിന് കാരണമെന്താണ് ?

ശ്രീ. എ. ജെ. ജാൺ : അതിന് പ്രത്യേകകാരണം ഒന്നുമില്ല.

Mr. Speaker: We will now proceed to the question asked yesterday but posted for answer today. Mr. Nataraja Pillai will put the question now.

Amenities for Panchayats.

*115. [1]. **Shri P. S. Nataraja Pillai:** Will the Minister for Panchayats be pleased to state:

(a) with reference to answer to part (c) of Short Notice question No. 3 on the 2nd April, the date on which the letter calling quotations from Messrs. Varma Radio, Trichur, and Messrs. Radio Electric Co., Ernakulam, was posted at Trivandrum;

(b) with reference to part (d) of the same question the names of firms or companies who supplied the radio sets and the number of sets supplied by each; and

(c) with reference to part (f) of the same question whether the amount was included in the budget for 1951-52?

Minister for Local Self-Government (**Shri K. Kochukuttan**): (*a*) No letter was posted.

(*b*) *Name of firms.*		*No. supplied.*
(1) Abraham Maret and Sons, Trivandrum	..	24
(2) Jacobs' Radios, Trivandrum	..	3
(3) Radio Electric Co., Ernakulam	..	6
(4) Varma Radio Laboratories, Trichur	..	3

(*c*) Yes.

Shri P. S. Nataraja Pillai: If the tenderer concerned was not informed by the authorities about the change, how did he present the tender on the appointed day?

ശ്രീ. കെ. കൊച്ചുകുട്ടൻ: ൨൯-ാംനു ടെൻറർ വിളിക്കുന്നതാണെന്നുള്ള നോട്ടീസ് ൨൪-ാംനു കൊടുത്തതനുസരിച്ച് ലേലം വിളിക്കുവാനുള്ള ആളുകൾ അതിൻെറ വിവരങ്ങൾ അന്വേഷിക്കുവാനായി പഞ്ചായത്താഫീസിൽ ഹാജരായിരുന്നു.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ൨൬-ാംനു ഗവണ്മെൻറിൽ നിന്നും സാംക്ഷൻ ചെയ്തു ൨൯-ാംനു ടെൻഡർ വിളിക്കുവാൻ പോകുന്നുവെന്ന വിവരം ൨൪-ാംനു യിലെ നോട്ടീസിൽനിന്നും മനസ്സിലാക്കി തൃശ്ശൂരുള്ള ആളുകൾ മുൻകൂട്ടി തിരുവനന്തപുരം പഞ്ചായത്താഫീസിൽ വന്നു കാത്തിരുന്നുവെന്നാണോ മന്ത്രി പറയുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: നോട്ടീസ്സനുസരിച്ചുള്ള വിവരങ്ങൾ അന്വേഷിക്കുവാൻ അവിടെ ആളുകൾ ഹാജരുണ്ടായിരുന്നു.

ശ്രീ. പി. എസ്സ്. നടരാജപിള്ള: റേഡിയോ വാങ്ങുന്നതിനും വിൽക്കുന്നതിനും തയാറാകുന്നുവെന്നുള്ള വിവരം അവർ മുൻകൂട്ടി അറിഞ്ഞിരുന്നില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു മുൻകൂട്ടി അറിഞ്ഞിരിക്കണമെന്നില്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇന്ന ദിവസം പഞ്ചായത്താഫീസിൽ ഹാജരായി ടെൻഡറുണ്ടോ എന്നു നോക്കി കാത്തിരിക്കണമെന്നാണോ പറയുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിവു കിട്ടിയതനുസരിച്ചു പോയി അന്വേഷിച്ചിട്ടുണ്ട്.

ശ്രീ. കെ. ജെ. താമസ്സ്: ഉദ്ദേശം എത്ര രൂപയ്ക്കായിരുന്നു നടരാജ് ബ്രദേഴ്സ് ടെൻഡർ വെച്ചത്.

ശ്രീ. കെ. കൊച്ചുകുട്ടൻ: ൪൩൨ രൂപ. ൭ അണ,

ശ്രീ. കെ. ജെ. തോമസ്സ്: റേഡിയോ സെററുകൾ വാങ്ങുന്ന കാര്യത്തിൽ പഞ്ചായത്തു ഡയറക്ടർമാർക്കു് വല്ല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ടു്. ഓരോന്നിനും ൪൫൦ രൂപയിൽ അധികമാകരുതെന്നു്.

ശ്രീ. കെ. കരുണാകരൻ: ഈ റേഡിയോ സെററുകളുടെ ഉടമസ്ഥൻ ആരാണു്?

Shri K. Kochukuttan: There is one individual from Trichur and another at Trivandrum.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഈ കമ്പനിക്കാരിൽ ൨ പേർ തൃശ്ശൂരും ൨ പേർ തിരുവനന്തപുരത്തും ഉള്ളവരല്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതെ.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ൨൭-ാം തീയതിയിലെ നോട്ടീസു് കിട്ടി. അന്നുതന്നെ തൃശ്ശൂരുള്ളവർ തിരുവനന്തപുരത്തും വന്നന്വേഷിച്ചുവെന്നാണോ പറയുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: പഞ്ചായത്താഫീസിൽ ഈ നാലു പേരും വന്നന്വേഷിച്ചിട്ടുണ്ടോ എന്നു നിശ്ചയമില്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഈ നാലുപേർക്കും കത്തുകൾ അയച്ചിരുന്നില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അയച്ചിട്ടുണ്ടു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഈ നാലു പേർക്കും കത്തുകളയച്ചിട്ടു് പുറമെയുള്ളവരുടെ പേർ എന്തിനു സ്വീകരിച്ചു?

ശ്രീ. കെ. കൊച്ചുകുട്ടൻ: പരസ്യം ചെയ്തിരുന്നതറിഞ്ഞു് ടെൻഡർ വച്ചതുകൊണ്ടു്. നിബന്ധനപ്രകാരം കുറഞ്ഞ നിരക്കിനുള്ള ടെൻഡർ സ്വീകരിച്ചു.

ശ്രീ. പി. എസ്സ്. നടരാജപിള്ള: തിരുവനന്തപുരത്തുനിന്നും വേറെയും മൂന്നാളുകൾ ഉണ്ടായിരുന്നില്ലേ?

Mr. Speaker: Sufficient impression has been created by this question.

Shri A. Thanu Pillai: I have to put one question which is a very important one.

സർ, ൨൯-ാംനു ഉച്ചയ്ക്കു മുൻപായിട്ടു ടെൻഡർ ആഫീസിൽ കിട്ടിയിരിക്കണമെന്നുള്ള നോട്ടീസു് ൨൭-ാംനു അയച്ചാൽ മതിയെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേ.

ശ്രീ. എ. താണുപിള്ള : ഇങ്ങനെ തലേദിവസം നോട്ടീസ്സയച്ചതു് എന്നുമുതൽക്കുള്ള പതിവാണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ൩൧-ാം തീയതിക്കകമായി റേഡിയോ വാങ്ങിയില്ലെങ്കിൽ ആ സംഖ്യ ലാപ്പ്സായി പോകും.

ശ്രീ. എ. താണുപിള്ള : അങ്ങനെയാണെങ്കിൽ ഈ സംഖ്യ ചെലവു വരുത്താതിരിക്കാൻ പാടില്ലെന്നുള്ള നിലയിൽ ആ ഉദ്യോഗസ്ഥൻതന്നെ ആ പണം നേരിട്ടെടുത്താൽ പോരായിരുന്നുവോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ ചെയ്തില്ല.

WRITTEN ANSWERS.

വിദ്യാഭ്യാസപദ്ധതി.

* ൧൧൩. [൨൧] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) പനമ്പിള്ളിപദ്ധതിപ്രകാരമുള്ള ശമ്പളവർദ്ധനവു് എല്ലാ പ്രൈവററ സെക്കൻഡറി സ്കൂളുകളിലേയും അദ്ധ്യാപകന്മാർക്കും കൊടുക്കുന്നുണ്ടോ ?

(ബി) ഇല്ലെങ്കിൽ കാരണമെന്തു് ?

(സി) മലയാളം ഹയർ ട്രെയിൻറകാരെ അവഗണിച്ചിട്ടു് പുതിയ നിയമനങ്ങളിൽ ഇ. എസ്സ്. എൽ. സി. മാരായ അദ്ധ്യാപകന്മാർക്കു് മുൻഗണന കൊടുത്തുവരുന്നതിൻെറ കാരണം പറയുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) പദ്ധതിയിൽ ൧-൪-൧൧൨൦ മുതൽ ചേർന്നിട്ടുള്ള അധികം സ്കൂളുകളിലും കൊടുത്തുവരുന്നു. ശേഷം സ്കൂളുകളിലും കൊടുക്കുന്നതിനു വേണ്ട നടപടികൾ ഊർജ്ജിതമായി നടത്തി വരുന്നു.

(ബി) പുതിയ പദ്ധതി പ്രയോഗത്തിൽ വരുമ്പോൾ അതിലെ വ്യവസ്ഥകൾ കൊച്ചി വിഭാഗത്തിലെ അദ്ധ്യാപകർക്കു് ദോഷകരമാകാതിരിക്കുന്നതിലേയ്ക്കു് ചില പ്രത്യേക നിയമങ്ങൾ ആവശ്യമായിവന്നു. അവ പൂർത്തിയായിട്ടുണ്ടു്. ഉടനെതന്നെ ബാക്കി സ്കൂളുകളിലുള്ളവരുടെയും ശമ്പളം പരിഷ്കരിക്കുന്നതാണു്.

(സി) പ്രൈവററ സ്കൂളുകളിൽ അങ്ങനെ മുൻഗണന കൊടുക്കുന്നതായി ഗവണ്മെൻറിനു് അറിവായിട്ടില്ല. ഗവണ്മെൻറ സ്കൂളുകളെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നം ആലോചനയിൽ ഇരിക്കയാണു്.

അദ്ധ്യാപകരുടെ ശമ്പളസ്കെയിൽ.

* ൧൧൪. [൨൮] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പ്രധാനമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഹയർ ട്രെയിൻറകാർക്കും സ്കൂൾഫൈനൽ ട്രെയിൻറകാർക്കും ശമ്പളനിരക്കിലും പ്രമോഷനിലും വ്യത്യാസം കൽപ്പിക്കുവാൻ കാരണമെന്തു് ?

(ബി) ഈ രണ്ടു തരം അദ്ധ്യാപകരും ഒരേ ക്ലാസ്സിൽ ഒരേ ജോലി തന്നെ ചെയ്യുന്നവരാണോ ?

(സി) മലയാളം പണ്ഡിററന്മാക്ക് ഗവണ്മെൻറ സെക്കൻഡറിസ്കൂളുകളിൽ ൫൦ രൂപ മുതൽ ൧൦൦ രൂപവരെ ശമ്പളസ്കെയിൽ അനുവദിച്ചിട്ടുള്ളപ്പോൾ പ്രൈവററ് സ്കൂളുകളിൽ ഈ ഇനക്കാക്ക് ൩൦ രൂപ മുതൽ ൬൦ രൂപവരെ മാത്രം സ്കെയിൽ കൽപ്പിച്ചിരിക്കുന്നതിൻെറ കാരണമെന്തു് ?

<u>മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ)</u> :

(എ) വ്യത്യാസം കൽപ്പിച്ചിട്ടില്ല.

(ബി) അതേ, എന്നാൽ ഹയർ ട്രെയിൻറകാർ ഭാഷാദ്ധ്യാപകന്മാരായി നിയമിക്കപ്പെടുമ്പോൾ ഭാഷ മാത്രവും, ക്ലാസ്സദ്ധ്യാപകരായി നിയമിക്കപ്പെടുമ്പോൾ ഇംഗ്ലീഷ് ഒഴിച്ചുള്ള മററ വിഷയങ്ങൾ മാത്രവും പഠിപ്പിക്കും.

(സി) ഗവണ്മെൻറ് സ്കൂളുകളിലേയും പ്രൈവററ സ്കൂളുകളിലേയും ശമ്പളസ്കെയിലിന തമ്മിൽ വ്യത്യാസമുള്ളതുകൊണ്ടു്.

<u>കൃഷി ഡയറക്ടർ.</u>

*൧൧൮. [൨൬] <u>ശ്രീ. സി. അച്യുതമേനോൻ</u> : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കൃഷി ഡയറക്ടർ ശ്രീ. എം. ശങ്കരമേനോൻ റിട്ടയർ ചെയ്യേണ്ടിയിരുന്നതു് ഏതു തീയതി മുതൽക്കാണ് ? അദ്ദേഹത്തിന കാലാവധി നീട്ടിക്കൊടുക്കുവാൻ കാരണമെന്തു് ?

(ബി) കൃഷിഡയറക്ടരുടെ തസ്തികയിൽ നിയമിക്കാൻവേണ്ട യോഗ്യതകൾ ഉള്ളവർ ഇന്നു തിരുവിതാംകൂർ-കൊച്ചി സർവീസിലുണ്ടോ? ഉണ്ടെങ്കിൽ അവർ ആരെല്ലാം ? അതിൽ ഏററവും സീനിയർ ആരാണ്?

(സി) ഇതേവരെ ആരേയും ഡയറക്ടരുടെ തസ്തികയിലേയ്ക്കു് സർവീസിൽ നിന്നും പ്രമോഷൻ കൊടുത്തു നിയമിക്കാതിരിക്കാൻ വല്ല കാരണവുമുണ്ടോ ?

<u>മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ)</u> :

(എ) ശ്രീ. എം. ശങ്കരമേനോൻ സർവീസിൽ നിന്നും റിട്ടയർ ചെയ്യേണ്ടിയിരുന്നതു് ൧൯-൩-൧൧൨൭-ൽ ആണ്. ഡിപ്പാർട്ടുമെൻറ മേലധികാരിയായി വളരെ പ്രാപ്തിയും പരിചയവുമുള്ള ഒരാളെ ആവശ്യമായിരുന്നതിനാൽ അദ്ദേഹത്തെ വീണ്ടും നിയമിച്ചു.

(ബി & സി) കൃഷിഡയറക്ടർ ഉദ്യോഗത്തിന നിയമിക്കപ്പെടാൻ അർഹതയുള്ളവരായി കൃഷി ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാരുടെ അവകാശങ്ങൾ അന്വേഷണത്തിലിരിക്കുന്നു.

ഫീസ് സൗജന്യം.

✻ ൧൧൯. [൩൦] ശ്രീ. ഏ. എൻ. ജേക്കബ്: താഴെ പറയുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

എൻ. ജി. ഒ. മാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ഫീസ് സൗജന്യം അനുവദിക്കുവാൻ ഗവണ്മെന്റിന് ആലോചനയുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ): ആ കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

Community Projects.

✻120. [32] **Shri E. P. Varghese:** Will the Chief Minister be pleased to state:

(*a*) What is the basis for selecting the centres for establishing Community Projects.

(*b*) What is the total grant to our State for the Community Projects.

Chief Minister (**Shri A. J. John**): (*a*) Since additional agricultural production is the most urgent objective of Community Projects, they should first be established in those areas in which, on account of irrigation facilities etc., additional effort is likely to produce the most substantial results. There should be need and scope for intensive regional development, including agricultural and rural development, development of cottage and small-scale industries, and education, health, housing and communication facilities.

(*b*) There are two Projects allotted to the State. The total estimated expenditure for each Project for 3 years is Rs. 65 lakhs. Of this Rs. 30 lakhs will be repayable loan, Rs. 23 lakhs will be grant from the Centre and Rs. 12 lakhs grant from the State. The whole of the recurring expenditure after 3 years will have to be met by the State.

ഹിന്ദി കാളേജുകൾ.

✻ ൧൨൧. [൩൫] ശ്രീ. റ്റി. റ്റി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പ്രധാനമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ഹിന്ദി കാളേജുകൾ ആരംഭിക്കുവാൻ പ്രൈവററ് ഏജൻസികൾക്ക് അനുവാദം നൽകിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ്?

(സി) പ്രൈവററ് ഏജൻസികൾ ഏതെല്ലാം?

(ഡി) ഏതെല്ലാം ഏജൻസികൾക്ക് ഗവണ്മെന്റ് ഗ്രാന്റ് നൽകുന്നു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഇല്ല.

(ബി, സി, & ഡി) ഉദിക്കുന്നില്ല.

അദ്ധ്യാപകന്മാരുടെ ശമ്പളങ്ങൾ.

* ൧൨൨. [൩൯] ശ്രീ. ജോസഫ് വാഴപ്പിള്ളി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പ്രധാനമന്ത്രി സദയം മറുപടി നൽകുമോ ?

(എ) പുതിയ വിദ്യാഭ്യാസപദ്ധതിയിൽ ചേൎന്നിരിക്കുന്ന പ്രൈവററ് സെക്കണ്ടറി സ്കൂൾ അദ്ധ്യാപകന്മാരുടെ കഴിഞ്ഞ കൊല്ലത്തേയും അതിനു മുൻപുള്ള കൊല്ലത്തേയും ശമ്പളങ്ങൾ ഇനിയും ബാക്കി കൊടുക്കേണ്ടതായിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തു് ?

(സി) ആകെ എത്ര സംഖ്യ ഇപ്രകാരം ശമ്പളം കൊടുക്കാതെ ലാപ്സാക്കിക്കളഞ്ഞു ?

(ഡി) എത്ര അദ്ധ്യാപകന്മാരുടെ ശമ്പളത്തിനാണു് ഈ കുഴപ്പം സംഭവിച്ചിരിക്കുന്നതു് ?

(ഇ) ഇനി എത്ര നാൾ കഴിഞ്ഞാൽ ഇങ്ങനെയുള്ള അദ്ധ്യാപകന്മാരുടെ ശമ്പളം കൊടുക്കുവാൻ സാധിക്കും ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ടു്.

(ബി) ബിൽ താമസിച്ചു ഹാജരാക്കിയതുകൊണ്ടും അങ്ങനെ താമസിച്ചു ഹാജരാക്കുന്ന ബില്ലുകളെ 'സംബന്ധിച്ചു് ആഡിററ് നിയമങ്ങൾ പൂൎത്തിയാകാത്തതുകൊണ്ടും.

(സി) ലാപ്സാക്കിയിട്ടില്ല.

(ഡി) സീയ്ക്കുള്ള മറുപടിയുടെ വെളിച്ചത്തിൽ ഈ പ്രശ്നം ഉദിക്കുന്നില്ല.

(ഇ) കഴിയുന്നതും വേഗം കൊടുക്കുന്നതാണു്.

ശമ്പള പരിഷ്കരണം.

* ൧൨൩. [൪൦] ശ്രീ. ജോസഫ് വാഴപ്പിള്ളി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ ?

(എ) പ്രൈവററ സെക്കണ്ടൻററിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പള പരിഷ്ക്കരണത്തിൽ 'പനമ്പിള്ളി പദ്ധതി' എന്നു പൊതുവേ അറിയപ്പെടുന്ന പദ്ധതി എന്നാണു് കൽപ്പന ആയിട്ടുള്ളതു് ?

(ബി) പിന്നീടുവന്നിട്ടുള്ള, പൊതുവെ അറിയപ്പെടുന്ന "പൈലി പദ്ധതി" എന്നാണു് നടപ്പാക്കുവാൻ കൽപ്പനയായിട്ടുള്ളതു് ?

(സി) പനമ്പിള്ളി പദ്ധതിയും, പൈലി പദ്ധതിയും തമ്മിൽ അദ്ധ്യാപകന്മാരുടെ ശമ്പളം, അലവൻസ്, പ്രോവിഡൻറഫണ്ടു് എന്നിവയിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ ?

(സി) ഈ പദ്ധതികൾ അനുസരിച്ച് എത്ര സ്കൂളുകൾ ഫീസ് സംഖ്യ ട്രഷറികളിൽ അടച്ചിട്ടുണ്ട് ?

(ഈ) പുതിയ നിരക്കനുസരിച്ച് എത്ര സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് ശമ്പളം കൊടുത്തുവരുന്നുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ൧-൯-൧൯൫൦ മുതൽ തിരുവിതാംകൂർ വിഭാഗത്തും ൧-൧൦-൧൯൫൦ മുതൽ കൊച്ചി വിഭാഗത്തും.

(ബി) ൧-൧൨-൧൯൫൧ മുതൽ.

(സി) രണ്ടു പദ്ധതികളും പ്രസ്സ് നോട്ടുമുഖേനയും ഗസററിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെംബറുടെ ശ്രദ്ധയെ പ്രസ്തുത ഉത്തരവുകളിലേയ്ക്കു ക്ഷണിച്ചുകൊള്ളുന്നു.

(ഡി) പഴയ പദ്ധതിയനുസരിച്ച് ൫൨൦ സ്കൂളുകൾ, പഴയതും പുതിയതും ആയ പദ്ധതിയനുസരിച്ച് ൮൪൨ സ്കൂളുകൾ.

(ഈ) ൪൨൫.

Cardamom in the Mannan Colony.

*124. [41] **Shri N. P. Varghese :** Will the Minister for Forest be pleased to state:

(*a*) are Government in receipt of a representation from the Mannans of Mannamkandom about their claims for cardamom planted in their colony;

(*b*) was there a dispute last year between the minor produce contractor and the Mannans about the yield of cardamom;

(*c*) was it not the age-long practice that the Mannans should be allowed to take the cardamom yield from the Colony where they lived?

Minister for Revenue **(Shri A. Chidambaranatha Nadar) :**

(*a*) Yes.

(*b*) Yes.

(*c*) No.

Admission of children to school.

*125. (44) **Shri A. Kunjan Nadar :** Will the Minister for Education be pleased to state:

(*a*) Whether children below the age of five are admitted in schools in compulsory areas;

(*b*) Whether the same rule applies to non-compulsory areas;

(*c*) Whether any provision is made for the education of children below the age of five in South Travancore;

(*d*) whether there is any Nursery school in Nagercoil town or any town in South Travancore;

(*e*) what is the number of Nursery schools in the State?

Chief Minister **(Shri A. J. John):** (*a*) No.

(*b*) Yes.

(*c*) No.

(*d*) There is one Nursery school at Nagercoil-Home Church Town Nursery School.

(*e*) Eight.

Old Documents.

*126. (45) **Shri M. William:** Will the Minister for Registration be pleased to state:

(*a*) Whether the Government have taken any steps to prepare copies of old crumbled documents kept in sub-registry offices;

(*b*) Whether the Minister has inspected any of the sub-registry offices?

Minister for Revenue **(Shri A. Chidambaranatha Nadar):**

(*a*) Yes.

(*b*) Yes.

Registration Department.

*127. (46) **Shri M. William:** Will the Minister for Registration be pleased to state:

(*a*) Whether on representation from the clerks Sri Pandalai was appointed by the Government to prepare a gradation list of the staff in the Registration Department;

(*b*) Whether such a list has been prepared and approved by the Government;

(*c*) Whether the same has been published: if not what is the reason for the delay;

(*d*) Whether promotions to the grade of Rs. 45-75 are made as per such a list;

(*e*) Whether raw graduates are recruited on 45-75 scale when graduate clerks of five to ten years of service are working in the Department on 30-45 scale.

Minister for Revenue **(Shri A. Chidambaranatha Nadar):**

(*a*) Yes.

(*b*) Yes.

(*c*) No. The publication of the list is pending receipt of the printed copies of the list from the Superintendent of Government Presses.

(*d*) Yes.

(*e*) No.

Registration Department.

*128. [48] **Shri M. William:** Will the Minister for Registration be pleased to State:

(*a*) Whether during the time of Sri Pereira, the then Director of Registration, 35 places on 45-75 scale were created in the Registration Department;

(*b*) If so whether all the thirty five places have been filled up by promoting graduate clerks;

(*c*) Why is it that all the places have not been filled up;

(*d*) Is it a fact that raw recruits were taken to fill up those places while graduate clerks were rotting on 30-45 scale;

(e) Is there disparity in the scale of pay of head clerks in Travancore and Cochin areas ;

(f) Have the Government taken any steps to make the scale of pay of head clerks uniform throughout the whole of Travancore-Cochin area?

Minister for Revenue (**Shri A. Chidambaranatha Nadar**) :

(a) Shri Pereira while he was the Director of Registration sent up proposals to Government to create 33 places on Rs. 45-75 reducing corresponding number of places on Rs. 25-30 in the Registration Department. This proposal was sanctioned by Government at the time when Shri V. S. Arumughom Pillai was the Director of Registration.

(b) The thirty-three places were filled up by promoting both Graduates and non-Graduates in the ratio of 3:1.

(c) The question does not arise in view of answer to (b);

(d) No.

(e) Yes.

(f) Yes.

അദ്ധ്യാപകന്മാർ.

❋ ൲൯൯. [൪൯] ശ്രീ. എം. വി. ചെറിയാൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ശമ്പളസ്കെയിൽ അനുസരിച്ചു് അദ്ധ്യാപകന്മാക്കു് കൂടുതലായി കിട്ടേണ്ട ശമ്പളം സംസ്ഥാനത്തു് എത്ര acceded സ്കൂളുകളിൽ കൊടുത്തിട്ടുണ്ടു് ?

(ബി) പല acceded സ്കൂളുകളിലും ഇതുവരെയും അദ്ധ്യാപകന്മാക്കു കിട്ടേണ്ട increment കൊടുക്കാത്തതിന്റെ കാരണമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : (എ) ൪൨ ൫ സ്കൂളുകളിൽ.

(ബി) ഇംക്രിമെന്റ് എത്രയെന്നു നിർണ്ണയിക്കാത്തതുകൊണ്ടു്; അതു് നിർണ്ണയിക്കുന്നതിനു് അടിയന്തിരമായി നടപടികൾ എടുത്തു വരുന്നു.

ഡീയർനെസ് അലവൻസ്.

❋ ൲൰൦. [൫൦] ശ്രീ. എം. വി. ചെറിയാൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ ?

(എ) സക്കാർ പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർമാക്കു് കഴിഞ്ഞ സ്കൂൾ വർഷത്തിൽ കൊടുത്തിരുന്ന ഡീയർനെസ് അലവൻസ് എത്ര രൂപയായിരുന്നു?

(ബി) ഈ വർഷം അതിൽനിന്നും അഞ്ചുരൂപ കുറച്ചേ കൊടുക്കുവാൻപാടുള്ളുവെന്നു് ഉത്തരവയച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : (എ) തിരുവിതാംകൂർ വിഭാഗത്തിൽ ൨൧ രൂപ. കൊച്ചി വിഭാഗത്തിൽ ൪൫ രൂപവരെ ശമ്പളമുള്ളവക്കു് ൨൧ രൂപയും, ൪൯ രൂപയും അതിനുമേലും ശമ്പളമുള്ളവക്കു ൰൰ രൂപയും.

(ബി) ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ മുഴുവൻ തുകയും കൊടുക്കുന്നുണ്ടു്.

ഭാഷാദ്ധ്യാപകന്മാർ.

✻ ൧൩൧. [൭൧] ഡാക്ടർ എൻ. ഏ. ഡബ്ല്യു. പിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സക്കാർ ഹൈസ്കൂളുകളിലെ ഭാഷാദ്ധ്യാപകന്മാക്കു് ഗ്രാഡ്വേറ്റു് സ്കെയിൽ അനുവദിച്ചിട്ടുള്ളതനുസരിച്ചു് പ്രൈവറ്റു് ഹൈസ്കൂളുകളിലും ടി ശമ്പളസ്കെയിൽ അനുവദിച്ചിട്ടുണ്ടോ ?

(ബി) പ്രൈവററു സ്കൂളുകളിൽ ആ ശമ്പളത്തിനു അർഹതയുള്ളവരുടെ എണ്ണം എത്ര ?

(സി) പുതിയ സ്കെയിൽ അനുസരിച്ചു് അവക്കുംകൂടി കൊടുക്കുന്നതിനു് എത്ര രൂപ വേണ്ടിവരും?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ) : (എ) ഇല്ല.

(ബി) ഉദ്ദേശം ൧,൨൬൦

(സി) ഉദ്ദേശം നാലരലക്ഷം രൂപ ആണ്ടിൽ.

പട്ടുമല വെടിവയ്പു്.

✻ ൧൩൨. [൭൨] ശ്രീ. കെ. പി. പ്രഭാകരൻ : പട്ടുമല വെടിവയ്പ്പിനെ സംബന്ധിച്ചു് ഒരു പരസ്യാന്വേഷണം നടത്താൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) : ഇല്ല. ഗവണ്മെൻറു് സൂക്ഷ്മമായ ഒരന്വേഷണം നടത്തുകയും സമാധാനലംഘനമുണ്ടാക്കിയ ജനക്കൂട്ടത്തെ പിരിച്ചുവിടാൻ വെടിവയ്പു് അനിവാര്യമായിരുന്നു എന്നു കാണുകയും ചെയ്തു.

വനം വകുപ്പു്.

✻ ൧൩൩. [൮൩] ശ്രീ. കെ. ജെ. താമസ് : താഴെ പറയുന്ന ചോദ്യത്തിനു ഭൂനികുതിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

ഈ സംസ്ഥാനത്തെ വനം ഡിപ്പാർട്ടുമെൻറിൻെറ ഭരണം കേന്ദ്രഗവണ്മെൻറിൽനിന്നും ഏറെറടുക്കാൻ വല്ല ആലോചനയും നടക്കുന്നുണ്ടോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. ഏ. ചിദംബരനാഥനാടാർ) : ഇല്ല.

തടവുകാരുടെ ദിവസപ്പടി.

✻ ൧൩൪. [൭൭] ശ്രീ. പി. ഭാസ്ക്കരൻനായർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരകാര്യമന്ത്രി മറുപടി നൽകുമോ ?

(എ) തിരുവനന്തപുരം, വിയ്യൂർ എന്നീ സെൻട്രൽ ജയിലുകളിലുള്ള തടവുകാരുടെ ദിവസപ്പടി ഒരേ തോതിലാണോ?

(ബി) സംസ്ഥാനത്തെ വിവിധ ലാക്കപ്പുകളിലും സബ്ജയിലുകളിലും വിഭിന്നരീതിയിൽ തടവുകാർക്കു് നൽകപ്പെട്ടുവന്നിരുന്ന ദിവസപ്പടി ക്രമീകരിച്ചു് തുല്യമാക്കിയോ ? ഇല്ലെങ്കിൽ കാരണമെന്തു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) തിരുവനന്തപുരം, വിയ്യൂർ എന്നീ സെൻട്രൽ ജയിലുകളിലും തടവുകാർക്ക് ദിവസപ്പടി ലഭിക്കുന്നില്ല. പക്ഷെ അവർക്കു കൊടുത്തു വരുന്ന ഭക്ഷണം ഒരേതോതിലാണ്.

(ബി) ഉവ്വ്. ൧-൫-൧൧൨൪ മുതൽ.

തൊഴിലാളി മർദ്ദനം.

* ൧൩൫. [൫൮] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ആഭ്യന്തരകാര്യമന്ത്രി മറുപടി നൽകുമോ ?

(എ) മണലി ഓട്ടുകമ്പനിയിലെ പണിമുടക്ക സംബന്ധിച്ച് അറസ്റ്റുചെയ്ത ചില തൊഴിലാളികളെ, അഴകപ്പനഗരം പോലീസ് ലോക്കപ്പിൽവച്ച് മർദ്ദിച്ചതുസംബന്ധിച്ച് ഗവണ്മെൻറിലേയ്ക്കു എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതുസംബന്ധിച്ച് ഗവണ്മെൻറ് എന്തു നടപടി എടുത്തു എന്നു് വ്യക്തമാക്കുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) മർദ്ദിച്ചതായിപരാതി കിട്ടിയിട്ടുണ്ട്.

(ബി) അന്വേഷണത്തിൽ ഇരിക്കുന്നു.

ലൈബ്രറി ഫീസ്.

* ൧൩൬. [൬൦] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ലൈബ്രറി ഫീസ് ഒന്നേകാൽ ഉറുപ്പികയിൽനിന്നു രണ്ടു ഉറുപ്പികയായി വർദ്ധിപ്പിച്ചതിൽ പ്രതിഷേധിച്ചുകൊണ്ടുള്ള എന്തെങ്കിലും നിവേദനം ഗവണ്മെൻറിലേയ്ക്കു കിട്ടിയിട്ടുണ്ടോ ?

(ബി) ഈ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഈ വർദ്ധിപ്പിച്ച ഫീസ് വീണ്ടും പഴയ നിലയിലേയ്ക്കു് ചുരുക്കാൻ ഗവണ്മെൻറ ആലോചിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ) :

(എ) ലൈബ്രറി ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. നിവേദനം കിട്ടിയിട്ടും ഇല്ല.

(ബി) ഉദിക്കുന്നില്ല.

Cuorruption in the Services.

* 137. (61) **Shri T. S. Ramaswami**: Will the Minister for General Administration be pleased to state :

What measures the Government have taken to prevent corruption in the services and to punish the offenders effectively?

Chief Minister **(Shri A. J. John):**

Apart from the stringent provisions in the Government Servants' Conduct Rules Government have adopted the following steps also:—

(1) Anti-corruption squad attached to the Police Department is engaged to detect cases of corruption and to take necessary action.

(2) An Enquiries Section is created in the Secretariat to enquire into the cases of corruption.

(3) Deterrent punishments awarded to delinquents are given wide publicity.

സെയിൽ ടാക്സ്.

*൫൯൭. [൩൯] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) സെയിൽസ് ടാക്സ് ഇനത്തിൽ കഴിഞ്ഞവർഷം മൊത്തം ഗവണ്മെന്റ് ഈടാക്കിയ തുക എത്ര?

(ബി) ഇതിൽ മൊത്തവ്യാപാരികളിൽനിന്നും ഈടാക്കിയ തുക എന്തു്?

(സി) ചില്ലറ വ്യാപാരികളിൽനിന്നും ആകെ എന്തു് തുക ഈടാക്കി?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൨,൪൨,൮൭,൮൧൧ ക.

(ബി) പ്രത്യേകം കണക്കുകൾ സൂക്ഷിച്ചിട്ടില്ല. എങ്കിലും മൊത്ത വ്യാപാരികളിൽനിന്നും ൩൦,൧൪,൧൪൪-൪-൦ കയും,

(സി) ചില്ലറ വ്യാപാരികളിൽനിന്നു് ൫,൭൨,൨൪,൨൯൨-൫൨-൦ കയും ഈടാക്കിയിട്ടുണ്ടു്.

ഹിന്ദി.

*൫൯൮. [൩൪] ശ്രീ. കെ. സദാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഹിന്ദിഭാഷ നിർബന്ധിതമാക്കിയതോടുകൂടി വിദ്യാർത്ഥികൾക്കു് എന്തെങ്കിലും വിഷമതകൾ നേരിടുന്നതായി സർക്കാരിനു അറിയാമോ?

(ബി) കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ ഹിന്ദിക്കു എത്ര ശതമാനം വിദ്യാർത്ഥികൾ പാസ്സായിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) അറിയാൻപാടില്ല.

(ബി) ൧൨.൯ ശതമാനം.

വ്യത്യസ്തമായ അലവൻസ്.

*൧൪൦. [൬൬] ശ്രീ. കെ. കരുണാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സർക്കാർ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കും പ്രൈവറ്റ സ്കൂൾ അദ്ധ്യാപകന്മാർക്കും ഇപ്പോൾ കൊടുത്തുവരുന്ന ഡീയർനസ് അലവൻസിൽ വല്ല വ്യത്യാസവുമുണ്ടോ ?

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ട് ?

(സി) ഇതിൽ പഴയകൊച്ചിയും തിരുവിതാംകൂറും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ട്.

(ബി) ഗവണ്മെൻറ ജീവനക്കാർക്കമാത്രം കൂടുതലായ റേററിൽ ഡീയർനസ് അലവൻസ് അനുവദിച്ചിട്ടുണ്ട്. പ്രൈവററസ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

(സി) ഉണ്ട്.

Revenue Depertment.

*141. [67] **Shri M. Gopalan Nair**: Will the Minister for Revenue be pleased to state :—

Whether in the recent revision of the scale of pay in the Revenue Department that of Sheristadars has been left out; if so why?

Minister for Revenue **(Shri. A. Chidambaranatha Nadar)** :

In the recent reorganisation of the Revenue Department, the pay of the Sheristadars of the offices of the Collectors has not been fixed. It will be fixed in accordance with the pay fixed for the Sheristadars of the District Courts in the reorganisation of the Judicial Department.

സർവ്വീസ് സംയോജനം.

*൧൪൨. [൬൮] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ ?

(എ) സർവീസ് സംയോജനം കൊച്ചിവിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തോതിനേയും സ്ഥിരീകരണത്തേയും ദോഷകരമായി സ്പർശിക്കുന്നു എന്ന ആക്ഷേപം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതിനെപ്പററി ഗവണ്മെൻറ് വല്ലതും ചെയ്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ട്.

(ബി) കൊച്ചിയും തിരുവിതാംകൂറും വിഭാഗക്കാരിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികളെ പരിഗണിച്ച് അടിസ്ഥാനതത്വത്തിൽ അല്പം ചില ഭേദഗതികൾ വരുത്തിട്ടുണ്ട്. എങ്കിലും ചിലരുടെ കാര്യത്തിൽ വിഷമപ്രശ്നങ്ങൾ ഉണ്ടാകാനിടയുണ്ട്. അപ്രകാരമുള്ള അവസ്ഥകൾ പ്രത്യേകമായി പരിഗണിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

Pilot Scheme Centres.

*143. [69] **Shri A. Samraj:** Will the Chief Minister be pleased to state:

(*a*) The number of Pilot Scheme centres which have been or are proposed to be opened in the State for the improvement of cattle;

(*b*) How many are going to be started in the taluks of Thovala, Agastheeswaram, Kalkulam and Vilavancode?

Chief Minister **(Shri A. J. John):**

(*a*) Two. One at Panancherry, Trichur, and the other at Thirumalai near Trivandrum.

(*b*) No centre is proposed to be started anywhere else at present.

Agricultural Demonstration

*144. [70] **Shri A. Samraj:** Will the Chief Minister be pleased to state;

(*a*) the total amount spent for Agricultural Demonstration and propaganda during the last financial year and the amount to be spent this year; and

(*b*) the number of demonstrations, exhibitions and fairs arranged under this head in the taluks of Thovala, Agasteeswaram, Kalkulam and Vilavancode?

Chief Minister **(Shri A. J. John):**

(*a*) Rs. 1,378.

An amount of Rs. 700 has been provided for the purpose during the current year.

(*b*) the Agriculture Department participated in the Vavubali Exhibition at Kuzhithura and had given demonstration in Groundnut cultivation in Thovala taluk.

ശിപായിമാർ.

*൧൪൫. [൭൧] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

തിരുവിതാംകൂർ-കൊച്ചിയിലെ ചില എക്സിക്യൂട്ടീവു് ഉദ്യോഗസ്ഥന്മാരുടെ വീടുകളിൽ (Department Heads) ആഫീസു് ശിപായിമാരെക്കൊണ്ടു വീട്ടുജോലികൾ എടുപ്പിക്കുന്നു എന്ന പരാതി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

ഇല്ല. ആഫീസ് ശിപായിമാരെക്കൊണ്ടു് ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർ വീട്ടു ജോലികറം എടുപ്പിച്ചുകൂടാ എന്നു നിഷ്കർഷിച്ചിട്ടുണ്ടു്.

നിർബന്ധിതവിദ്യാഭ്യാസം.

*൧൪൬. [൧൧] ശ്രീ. പരീതുറാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങറംക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഈ സ്കൂറംവർഷം നിർബന്ധിത വിദ്യാഭ്യാസം ഏതെങ്കിലും താലൂക്കുകളിൽ ഏർപ്പെടുത്തുവാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടോ ?

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു് ?

(സി) ഇപ്പോറം ഈ പദ്ധതി എത്ര താലൂക്കുകളിൽ നടപ്പുണ്ടു്?

(ഡി) പത്തനംതിട്ട താലൂക്കിൽ ഈ പദ്ധതി നടപ്പാക്കണമെന്നു് അവിടെനിന്നും ഗവണ്മെൻറിലേയ്ക്കു് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ?

(ഇ) ഉണ്ടെങ്കിൽ അതേപ്പററി എന്തു നടപടി നടത്തിയിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഇല്ല.

(ബി) ധനദൌർല്ലഭ്യം നിമിത്തം.

(സി) പതിനൊന്നു താലൂക്കുകളിൽ

(ഡി) ഇല്ല.

(ഇ) ഈ ചോദ്യം ഉദിക്കുന്നില്ല.

നിരാഹാര സത്യഗ്രഹം.

*൧൪൭. [൧൮] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ പറയുന്ന ചോദ്യങ്ങറംക്കു് അഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കൊല്ലം റിസർവ്വ് ക്യാമ്പിൽ ഈയിടെ നടന്ന നിരാഹാര സത്യഗ്രഹത്തിനു് ഇടയാക്കിയ കാരണങ്ങറം എന്തെല്ലാമായിരുന്നു?

(ബി) അതിനുശേഷം അവിടെയുള്ള അതിനിടയാക്കിയ മേൽ ഉദ്യോഗസ്ഥന്മാരുടെ മേൽ എന്തു നടപടി നടത്തി ?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) നിരാഹാരസത്യഗ്രഹം ഉണ്ടായിട്ടില്ല.

(ബി) 'എ'യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

Land Committee.

*148. [80] **Shri K. Bhanu:** Will the Minister for Revenue be pleased to state :

(*a*) whether the Government have considered the report of the Land Committee ; and

(*b*) the recommendations proposed to be implemented ?

Minister for Revenue **(Shri A. Chidambaranatha Nadar):**

(*a*) *and* (*b*) The report is under the consideration of Government.

Sabarimala Incident.

*149. [81] **Shri K. Bhanu:** Will the Chief Minister be pleased to state:

What action has been taken so far by the Government in the matter of the Sabarimala Incident?

Minister for Home Affairs **(Shri T. M. Varghese):**

A case was registered in the matter and investigation continues. Mr. Kesava Menon of the Madras Police conducted investigation in the matter for some time and submitted a report. Further investigation is being continued by a special staff consisting of one Circle Inspector, one Head Constable, 1 Nk. and 6 Police Constables which functions as a Mobile Squad.

ഷിഫ്റ്റ സമ്പ്രദായം.

* ൧൫൦. [൮൩] ശ്രീ. വി. വി. വക്കി: താഴെകാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

പ്രൈമറി സ്കൂളുകളിലെ ഷിഫ്റ്റ സമ്പ്രദായം നിറുത്തലാക്കുന്നതിന് ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

ഷിഫ്റ്റ സമ്പ്രദായം നിറുത്താൻ ഗവണ്മെൻറ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

UNSTARRED QUESTIONS.

Kuthagapattom.

28. [1] **Shri P. S. Nataraja Pillai:** Will the Minister for Land be pleased to state:

(*a*) the area of poramboke lands granted on Kuthagapattom under Grow More Food Scheme in the Trivandrum Division;

(*b*) the area of poramboke or Puduval land granted to political sufferers in the Trivandrum Division, the names and addresses of persons to whom the land was granted and the area given to each?

Answer.

(*a*) 67,430·368 acres.

*(b) a statement is laid on the table.

പാസ്പോർട്ട്.

൨൯. [൩] ശ്രീ. പി. വി. അവിരാത്തരകൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി മറുപടി നൽകുമോ?

(എ) ൧൯൫൧-ൽ തിരുവിതാംകൂർ-കൊച്ചിയിൽ നിന്നും എത്രപേർ പാസ്പോർട്ടിന് അപേക്ഷിച്ചിട്ടുണ്ട്.

---

*See Appendix I,

(ബി) പാസ്പോർട്ട് ആർക്കെല്ലാം ഏതെല്ലാം രാജ്യത്തേയ്ക്കു് നൽകിയിട്ടുണ്ടു്?

(സി) അനുവദിച്ചിട്ടില്ലാത്തവരുടെ പേരുവിവരവും അതിന്റെ കാരണവും.

ഉത്തരം.

(എ) ൧൯൫൨-ൽ ജൂൺ ൩൦-ാംനു-വരെ ൨൫൧൪ പാസ്പോർട്ടുകൾ കൊടുത്തിട്ടുണ്ടു്.

(ബി) ഈ വിവരങ്ങൾ ശേഖരിക്കുന്നതിനു് ആവശ്യം വേണ്ടിവരുന്ന സമയവും ശ്രമവും പരിഗണിച്ചാൽ അവകൊണ്ടു് സിദ്ധിക്കുന്ന പ്രയോജനം ഏററവും തുച്ഛമാണു്.

(സി) ൧ ൻ പേക്കു് പാസ്പോർട്ടു് നിരസിച്ചിട്ടുണ്ടു്.

പ്രൈമറിസ്കൂൾ.

൧൦. [൪] ശ്രീ. എൻ. രാഘവക്കുറുപ്പു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ?

(എ) കുറിച്ചി പകുതിയിലുള്ള ഇത്തിത്താനം ഗവണ്മെൻറു് പ്രൈമറിസ്കൂളിൽ പ്രതിവർഷം എത്ര വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നുണ്ടു്?

(ബി) ൭൦ അടിനീളം ൨൦ അടിവീതിയുള്ള ഒരു കെട്ടിടത്തിൽ എത്ര വിദ്യാർത്ഥികൾക്കു് അദ്ധ്യയനം നടത്താൻ സാധിക്കും.

(സി) മുൻപറഞ്ഞ സ്കൂളിൽ പല ക്ലാസുകളും സ്കൂൾ കെട്ടിടത്തിൽ സ്ഥലമില്ല എന്ന കാരണത്താൽ സ്കൂൾ പുരയിടത്തിലും അയൽപ്പുരയിടങ്ങളിലുംവച്ചു നടത്തിവരുന്നുണ്ടോ?

ഉത്തരം.

(എ) ശരാശരി ൪൭൦-നും ൫൦൦-നും ഇടയ്ക്കു്.

(ബി) ൨൦൦ കുട്ടികൾക്കു്.

(സി) ൧൪ ക്ലാസുകൾ ഷിഫ്ററു് സിസ്റ്റം അനുസരിച്ചു് ഒരേ സമയത്തു് ഏഴു് ക്ലാസു് എന്നമുറയ്ക്കു് നടത്തിവരുന്നു. ചില സമയത്തു് ഏതാനും ക്ലാസുകൾ സ്കൂൾകെട്ടിടത്തിന്റെ വരാന്തയിലും നടത്തുന്നു. കൂടുതലായി ഒരു ഷെഡ്ഡു് പണിയിക്കുന്നതിനുവേണ്ട നടപടികൾ നടത്തിവരുന്നുണ്ടു്.

ചങ്ങനാശേരി-കുറിച്ചി ഔട്ട്പോസ്റ്റ്.

൧൧. [൩] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് അഭ്യന്തരകാര്യമന്ത്രി മറുപടി നൽകുമോ?

(എ) ചങ്ങനാശേരി-കുറിച്ചി, ഔട്ട്പോസ്റ്റ് പോലീസ്സ്റ്റേഷൻ കെട്ടിടത്തിനു വാടക ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ഏതെങ്കിലും കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എന്തു നടപടികൾ എടുത്തു?

ഉത്തരം.

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

Crimes in Neyyattinkara Police Station.

32. [8] **Shri A. Kunjan Nadar:** Will the Minister for Law and Order be pleased to State :

(*a*) the number of crimes registered in the Neyyattinkara Police Station in the years 1948, 1949, 1950 and 1951 respectively;

(*b*) the number of crimes up to 30th May 1952;

(*c*) the number of Magistrate cases filed in the Magistrate Courts (both first and second class courts together) at Neyyattinkara in each year above from the area falling under the jurisdiction of Neyyattinkara Police Station;

(*d*) whether it is a fact that the number of crimes are increasing at an accelerated rate in recent years ?

Answer.

(*a*) Number of crimes in

1948	..	159
1949	..	153
1950	..	153
1951	..	161

(*b*) 79

(*c*) Number of Magistrate cases filed

1948	...	783
1949	..	790
1950	..	651
1951	..	867
1952 (till 30-5-1952)		318

(*d*) No. There is only a slight fluctuation of crimes in some years.

മുൻസിഫ് കോടതി.

൩൩. [൧൩] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി മറുപടി നൽകുമോ?

(എ) കുന്നംകുളത്ത് ഒരു മുൻസിഫ് കോർട്ട് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതയെ സംബന്ധിച്ചു കോഷി കമ്മിറ്റി ചെയ്ത ശുപാർശയെപ്പറ്റി ഗവണ്മെന്റു വല്ല നടപടികളും എടുത്തിട്ടുണ്ടോ?

(ബി) എടുത്തിട്ടില്ലെങ്കിൽ അതിനുകാരണമെന്ത്?

ഉത്തരം.

(എ) കുന്നംകുളത്ത് ഒരു മുൻസിഫ് കോടതി സ്ഥാപിക്കണമെന്ന് കോഷി കമ്മിറ്റി ഒരിക്കലും റിപ്പോർട്ടു ചെയ്തിട്ടില്ല.

(ബി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ചതുപ്പുനിലങ്ങൾ.

൩൪. [൧൯] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ?

(എ) ആലപ്പുഴ ടൗൺ അതിർത്തിക്കുള്ളിൽ ഉള്ള കുറെ ചതുപ്പുനിലങ്ങൾ നികത്തിയെടുക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഏതു കാലയളവിനുള്ളിൽ പൂർത്തിയാക്കുവാൻ കഴിയും?

(സി) ആലപ്പുഴയിലെ ഭവനരഹിതരായ തൊഴിലാളികൾക്കു് വീടുകൾ വച്ചുകൊടുക്കുന്നതിനു് ആ സ്ഥലം ഉപയോഗപ്പെടുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ക്ലിപ്തമായി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. ഉപയോഗപ്പെടുമെന്നാണു് ഉദ്ദേശിക്കുന്നതു്.

Schools in Devicolam and Peermade Taluks.

35. [20] **Shri Ganapathy:** Will the Minister for Education be pleased to state:

(*a*) the number of High Schools in the two taluks of Devicolam and Peermade;

(*b*) why there are so few schools run by Government in Devicolam and Peermade taluks compared to other taluks?

Answer:

(*a*) Two.

(*b*) The two taluks are thinly populated, being hilly.

PETITION COMMITTEE.

12 NOON] മി. സ്പീക്കർ: ആർഡർ, ആർഡർ. സ്റ്റാൻഡിംഗ് ആർഡർ ൪൯-ാം ചട്ടമനുസരിച്ചു് താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെട്ട ഒരു പെറ്റിഷൻ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടു്.

(൧) ശ്രീ. ടി. ടി. കേശവൻശാസ്ത്രി,
(൨) ,, കെ. ആർ. ഗൗരി,
(൩) ,, പി. വി. അവിരാത്തരകൻ,
(൪) ,, ആർ. പൊന്നപ്പനാടാർ,
(൫) ,, എൻ. രാഘവക്കുറുപ്പു്.

GENERAL DISCUSSION OF THE BUDGET—(contd.)

Mr. Speaker: We will now resume the General Discussion on the Budget. Mr. Kesavan Nair.

Shri Nedumangad R. Kesavan Nair: Sir, let me congratulate the Finance Minister on the boldness he has exhibited in presenting a deficit Budget. Last March we were told that we could legitimately expect a surplus to the extent of 4 lakhs. We were also told that the minimum expenditure that we have to bear,

[Shri Nedumangad R. Kesavan Nair]

would come to nearly 16 crores and 26 lakhs. Accordingly the revenues were worked up and it was anticipated that there is going to be a revenue to the extent of 16 crores and 30 lakhs Rupees. This, according to the Finance Minister, was the "largest revenue" that could possibly be expected in the annals of the State. That the Finance Minister himself was not sanguine as to whether he would be able to realise such an amount would be apparent from his speech itself. I would invite the attention of the House to the most relevant sentence in that speech. This is what he says:

> "This estimate is based on the high level of prices prevailing at the time of framing the budget. However, as a result of the sudden fall in prices and the slump that is now setting in, it is likely that the anticipations under some of the principal heads of revenue like Excise duties, Forest, Sales Tax, Stamps etc., may be affected."

That shows that he was not quite sanguine. I for my part was sure, positively sure, that the Finance Minister was not going to realise the amount of 16 crores 30 lakhs that he anticipated. The day before yesterday we heard the Finance Minister revising his opinions presumably after the Budget was sent to the Centre. I heard the leader of the opposition stating yesterday that it was not very complimentary for us to send our Budgets to the Centre. Not even during the British Administration, if my memory is correct, was the Budget of the Travancore State sent to the British Government. Leaving that apart, let us see how far the Finance Minister would be justified in expecting this 16 crores and 30 lakhs of Rupees. I am not unaware of the fact that he has no alternative other than to expect this income because the Budget has to be balanced with the expected expenditure to the extent of 16 crores 26 lakhs.

Now, the chief items of income that are expected are (1) Sales Tax, (2) State Excise, (3) Land Revenue, (4) Agricultural Income Tax, (5) Stamps and (6) Forest. I may at the very outset state that as a result of integration, we would have it as "Federal Financial Integration"—a very high term, all the inelastic subjects which would bring us limited revenues, have been set apart for us and all the elastic revenues have been taken by the Centre. I would come to that at a later stage. So, unfortunately we cannot possibly expect the amounts that are expected by the Finance Minister for reasons which I am going to detail below. An amount of 2 crores 56 lakhs is expected under Sales Tax. We heard the Finance Minister say that this amount was arrived at after making a calculation of the prices that were prevalent then. We also heard the Finance Minister stating that the slump has set in now. The one inevitable inference one has to draw is that the purchasing power of the people must have diminished. The prices of commodities have gone down and transactions will be on the decrease. So necessarily income under Sales

Tax, must diminish. There is also another difficulty that embarrasses us. Article 286 of the Constitution imposes a restriction on Sales Tax, on things that are sent from one State to another. Sub-clause 3 of that article imposes a further restriction on the realisation of Sales Tax on essential commodities. I may also submit to the House, that I have been told that a bill, further restricting our right to impose Sales Tax on essential Commodities is under contemplation by the Centre. If not, I stand corrected. I am now informed that some judicial decision is under contemplation and so one could not positively say what the result of that decision would be. I do not discuss that any further. The principle that has to be kept in view being, that in view of the decrease in the price of commodities, we are not going to realise the income under Sales Tax as anticipated. The next item is State Excise. We are anticipating an income of Rs. 2 crores 65 lakhs. If we are going to implement the decision of the party in power, that is, if we are not going to raise prohibition, I submit, our realisation under Excise duties would be few and far between. The amounts that are expected are under the items, purchase of liquor, imposition of duty on liquor, rental on shops etc., etc. If prohibition is our creed, we are not going to realise that amount of 2 crores 65 lakhs. The third item is Land Revenue. Land Revenue was the most vital question that was engaging the attention of the Rulers of the erstwhile Travancore State. We found that direct imposition of land tax was a retrograde measure. Some time back very good reform was made by the imposition of basic tax by which the condition of the peasant was ameliorated. Basic tax to the extent of 4 cash was imposed to a cent. Then we were able to realise an amount to the tune of Rs. 27 lakhs. Subsequently I presume, in pursuance of the Report by Sri Krishnamachari, land tax was raised from 4 cash to 7 cash per cent of land.

Now we are at our wit's end to find out funds. I presume that Sri Krishnamachari's report was accepted. The ultimate result was that taxation was raised by 75 per cent. *i. e.* from 4 cash to 7 cash. Our peasants could not be taxed any further. It is a cardinal principle of Public Finance that no enlightened state should run its administration by the imposition of additional land taxes.

The next item is taxes on Agricultural Income. There is not such deviation made here. A sum of Rs. 15 lakhs is anticipated in the budget that was presented yesterday, over and above the Rs. 70 lakhs anticipated in March. I do not propose to say anything on the present excess anticipation of Rs. 15 lakhs. My position is that the earlier anticipation of Rs. 70 lakhs itself is not going to be realised. The Finance Minister himself admitted that the slump has set in, and that the figures were arrived at when commodity prices were at their highest. These facts justify the inference that we are not going to realise these anticipations. Let us examine the prices of commodities. Yesterday an answer was given on the floor of the House that the prices of all commodities have gone down, and that it is a matter which has to be

[Nedumangad Shri R. Kesavan Nair]

settled by world market conditions, and that this Government has sent representations to the Indian Government. These are broad facts which one cannot deny. The price of pepper has gone down considerably, that of cocoanut has gone down by 50 per cent; the price of ginger and other commodities that were produced by us has all gone down. When that is so, transactions will decrease and the purchasing power of the people will diminish and the inevitable consequence will be that we will not realise the sum anticipated by the Finance Minister under "Agricultural Income Tax".

The third item is Stamps. Some of my lawyer friends here know how far the litigant public have now been suffering. All forms of taxation on Stamps have been devised and in my opinion, it would be cruel to tax them any further and to expect further revenues out of this source.

My last point is about Forests. The Finance Minister expects Rs. 2,65,00,000 under that item. I find that there is a great deal of disafforestation going on. I need hardly point out the fact that this disafforestation has been a scandal which has been engaging public attention for a long time past. The forests are our capital assets. It has been the policy of our rulers to conserve our forests and not to destroy them. To lay hands on this capital asset year by year would have a most disastrous effect. I would call this "slaughter felling". The policy of the erstwhile rulers was to replenish the trees you cut by planting new trees. But if we go to the northern parts of this State, we find that this "slaughter felling" has been going on indiscriminately. I would appeal to the Government, in my personal capacity, not to continue this slaughter felling and not to expect any more revenue out of disafforestation.

I do not propose to deal with other items. Therefore when all is said and done, we find that we are not able to realise funds to meet our inevitable expenditure, our obligatory expenditure, the expenditure which is the irreducible minimum for nation-building purposes and for our administration. Day before yesterday, the Finance Minister was saying that over and above the sum anticipated earlier, we have incurred an additional expenditure of Rs. 67 and odd lakhs. Our budget has thus become a deficit budget. And we have to meet our obligations. We have to run the administration. What is the remedy? There are only two sources which can help us, God Almighty and the Centre. Certainly God is not going to help any Government which has been indiscreet, He is not going to help the Finance Minister, more so because the erstwhile ministers were not prudent in their transactions.

Now let us see what the attitude of the Centre towards us is. We have made provision for Rs. 16.30 crores as revenue. Before the integration, the Travancore State was getting 40 per cent. of their revenue from the subjects that have now been surrendered to the Centre. Thus by the integration, we have lost 40 per cent,

of our former revenues. I am not concerned with the ex-gratia grants, and the beggarly gifts from the Centre. What do they give us in return for these surrendered elastic subjects ? They give us Rs. 280 lakhs. This Rs. 280 lakhs works to 18 per cent. of our revenue. Therefore, after taking away from us 40 per cent. of our revenue, they are giving us 18 per cent. in return. I am putting this to the House so that we may see the enormous loss that we are incurring. I appeal to all parties. Let us forget our differences, and let us face a problem which is common to all of us. Let us not allow our energies to be frittered away on things of no consequence. Where are we ? We have to make 82 per cent. of our revenues and all the elastic items of revenues have been taken away by the Centre and in return they have given us only 18 per cent. Where are we to find this 82 per cent. from the inelastic sources left to us ? I tell you we are not going to reach the figures anticipated by the Finance Minister out of these inelastic sources.

Now I am asking, is there any moral obligation on the part of the Centre to help us ? I say there is. There are several sections in the Constitution which would help us. Probably the Centre might turn round and say that we are controlled by our agreement with the Centre. I heard some hon. Member asking whether there was any agreement. On going through the books I believe there is some agreement and that agreement must have been very disastrous to the welfare of the State.

Shri Panampilli Govinda Menon: May I state that there is an agreement called the Federal Financial Agreement which was once referred to on the floor of the House ?

Shri Nedumangad R. Kesavan Nair: So no citation is necessary. Was not the Finance Minister a party to it ? Here is a sentence from the Krishnamachari Report:

> "We were first inclined to recommend that as in the case of other Indian States and Unions the integration of federal finance in Travancore and Cochin should be effective only from the 1st April 1950, by which date the new Constitution of India would, in all probability, have come into force. In the course of our final discussions with the the Governments of Travancore and Cochin, however, it became clear that in view of the financial difficulties which the two States would initially have to encounter as a consequence of their merger into a Union, it would on the whole be beneficial to them to agree to federal financial integration with effect from the 17th August 1949 (the date of commencement of their next financial year.........'

There can be no doubt that the erstwhile ministers had entered into an agreement which has disastrous consequences. That agreement imposes fetters on us so that we cannot make claim to certain things which are allowed by the Constitution. We are in a different position from the Provinces. The Provinces never had the rights that we had such as the right to get income tax. Mysore never had the right to impose excise duties. Madhya Bharat had not. Therefore it is misleading to say that

[Nedumangad Shri R. Kesavan Nair.]

Travancore-Cochin stands on the same footing as other States. Perhaps if we now go to the Centre, they will ask us to be contented with the provisions of our agreement. May be, but all the same there should be justice, equity and good conscience on this part. We lawyers know how we are entitled to put in review petitions and convince Presiding Officers for reviewing our cases. Likewise there is no harm in going and convincing the Centre that whoever was responsible for the agreement was being misled or had honestly misunderstood the position. There are several sections in the Constitution which help us. Before the integration, we had the right to levy. Sea Customs Export duties and internal customs. These have now been surrendered to the Centre. There is no State which had both these rights. Hence no other State stands to lose by the integration as we are. We ere essentially a maritime country (Speaker's Bell). I crave your indulgence for five minutes more, Sir. Immediately before the integration, we were levying export duty at the rate of Rs. 15 per candy on pepper. After the integration, the duty was raised to 40 per cent. "ad valorem." This was at a time when the price of pepper was rising to nearly Rs. 3,000 per candy. Consequently, on that single head alone they were able to realise nearly 3½ to 4 crores of rupees. Is not this a big loss of revenue due to us due to the agreement ? Therefore I appeal that we should stand together to review this agreement.

There, the hon. Member Shri T. V. Thomas pointed out that he and his party represented the people. I am agreed on that. We are all representing the subjects of Travancore-Cochin and it is our fundamental duty and fundamental right to see that every pie that is due to us in justice, equity and good conscience, is realised. The Centre has to be approached on this matter. I am sure the Centre knows the difficulties of our people; because they themselves fought and won freedom. We must forget our differences. We must unite and stand like one man and with one voice tell the Centre—"It is impossible for us to function, it is impossible for the State to go on with the step-motherly treatment. Do not treat us on a par with other States, because we have lost several of our revenues. Our former Ministers might have erred." "To err is human, but to forgive is divine"—you can approach the Centre in that manner and let us not ignore these facts.

There is one more very important thing that I should like to place before the hon. Members here, and that is about our monazite which is our pride, and which is the wealth of Travancore. You could not conceive of its value. It fetches a very high value in the world market. During Sir C. P.'s time frantic attempts were made to get at this monazite and it was ineffective. On going through the budget figures, it is now found that monazite is charged at the rate of Rs. 330 per ton. But I may say that it would fetch more than £ 400 or 500 per ton; who is to take this big gain ? This difference is staggering ? I submit that this also is a matter that has to be brought to the Centre's notice. (Bell.)

ശ്രീ. എ. കുഞ്ഞൻനാടാർ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെപ്പററി പൊതുവെ പറയുകയാണെങ്കിൽ നാട്ടുകാർക്കുള്ള പ്രതീക്ഷകളെല്ലാം തകർന്നിരിക്കുകയാണ്. കാരണം ദിവസംതോറും, മണിക്കൂർതോറും പുതു പുതു പ്രശ്നങ്ങളാണ് നാട്ടുകാരെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നതു്. ശതക്കണക്കിനുള്ള ഈ പ്രശ്നങ്ങൾക്ക് ഈ ഗവണ്മെൻറ് പരിഹാരങ്ങളൊന്നും ചെയ്യാൻ ഉദ്ദേശിക്കുന്നതായിട്ട് ഈ ബഡ്ജററിൽ കാണുന്നില്ല. നമ്മുടെ മുൻപിൽ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന ഭക്ഷണപ്രശ്നത്തിന്, ഭൂനയപ്രശ്നത്തിന്, തൊഴിലില്ലായ്മപ്രശ്നത്തിനു, പട്ടിണിപ്രശ്നത്തിന്, കൈക്കൂലിയും അഴിമതിയും പ്രശ്നത്തിന്, സിവിൾസർവീസ് പ്രശ്നത്തിന്, എന്നുവേണ്ട ഇങ്ങനെ പല പല പ്രശ്നങ്ങളും ഉടലെടുത്തു് നമ്മുടെ മുമ്പിൽ നിന്നുകൊണ്ട് നമ്മെ ഭയപ്പെടുത്തുന്നു. ഇവയ്ക്കെന്തെങ്കിലും ഒരു പരിഹാരം നേടണമെങ്കിൽ ഇനി ഒരു കൊല്ലംകൂടി കാത്തിരിക്കണമെന്നാണ് പറയുന്നതു്. ഈ മന്ത്രിസഭ ഭരണം ഏറെറടുത്തതിൽപിന്നീട് പൊതുജനനന്മക്കുവേണ്ടി ചിലതെല്ലാം ചെയ്യാൻ അവർക്കു കഴിഞ്ഞിട്ടുണ്ടെന്നുള്ളതു് ഇതിനകം തെളിഞ്ഞുകഴിഞ്ഞു. സ്വാർത്ഥതയുടേയും സ്വജനപക്ഷപാതത്തിന്റെയും പേരിൽ പ്രവർത്തിക്കാനുള്ള കഴിവില്ലാതെ നിഷ്പക്ഷനിലയിൽ നിന്നുകൊണ്ട് രാജ്യനന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനുള്ള കഴിവും അവർക്കുണ്ടെന്നു തെളിയിച്ചിരിക്കുന്നു. യാതനക്കാർക്കു ഭൂമിപതിച്ചുകൊടുക്കുക, ഇഷ്ടമുള്ളവർക്ക് ടെക്സ്ററ് ബുക്കുകൾ കൊടുക്കുക, ഉദ്യോഗങ്ങൾ കൊടുക്കുക എന്നുള്ള കാര്യങ്ങൾക്ക് മുൻകാലം മുതൽക്കെ ഒരു പാരമ്പര്യം മുൻമന്ത്രിസഭ വച്ചുപുലർത്തിയിരുന്നു. എന്നാൽ ഈ രാജ്യത്തെ അധഃപതിപ്പിക്കുന്നതിനു വളരെ അധികം പങ്കുവഹിച്ച ഈ പ്രശ്നങ്ങൾക്കു തൃപ്തികരമായ ഒരു തീരുമാനം ഉണ്ടാക്കാൻ ഈ ഗവണ്മെൻറിനു സാധിച്ചിട്ടുണ്ട്. അതിൽ ജനങ്ങൾ ഗവണ്മെൻറിനെ അനുമോദിക്കുകയും ചെയ്യുന്നു. എന്നാൽ ഇപ്പോൾ മന്ത്രിസഭയുടെ പ്രവർത്തനരീതി അല്പം മാറിവരുന്നതായി തോന്നുന്നു. ഒരു പക്ഷെ മന്ത്രിസഭ ഒരു സ്ഥിരമായ മന്ത്രിസഭയാണെന്നുള്ള ധാരണ ഉള്ളതുകൊണ്ടായിരിക്കണം ഈ വിധം ഒരു മാററമുണ്ടായതു്. പൊതുജനങ്ങൾക്കും രാജ്യത്തിനും ഏതെങ്കിലും വിധത്തിൽ ഒരു നന്മയുണ്ടാകണമെങ്കിൽ ഇന്നത്തെ ഭരണകാര്യങ്ങളിൽ, പ്രശ്നങ്ങളുടെ സമീപനരീതിയിൽ, ഒരു മാററം വരുത്തുകതന്നെ വേണം. സമൂലപരിവർത്തനം അത്യന്താപേക്ഷിതമാണ്. രാജ്യത്തിന്റെയും നാട്ടുകാരുടേയും നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാൻ കടമപ്പെട്ട ഈ മന്ത്രിസഭ ജനിച്ചപ്പോൾകൊണ്ടുവന്ന മുൻമന്ത്രിസഭയുടെ പാപഭാരം എങ്കിലും ഇറക്കിവയ്ക്കേണ്ടതാണ്. മുൻമന്ത്രിസഭ ചെയ്തിട്ടുള്ളതായ പല അനീതികളേയും അഴിമതികളേയും പരിഹരിക്കാൻ സാധിക്കുന്നിടത്തോളമെങ്കിലും ഈ മന്ത്രിസഭ ചെയ്യേണ്ടതുണ്ട് സാമുദായികമായി പറയുന്ന പക്ഷം ഇവിടത്തെ മൂന്നു പ്രബലസമുദായങ്ങൾ തമ്മിൽ ഭരണപരമായ കാര്യങ്ങളിൽ ഒരു ത്രികോണസമരം നടത്തുകയാണ്. ഈ നയം ഇനിയും വച്ചുപുലർത്തുന്നപക്ഷം നമ്മുടെ ഭാവി വളരെ ആശങ്കാജനകമായിട്ടുള്ളതായിരിക്കും. ഏതു കാര്യത്തിനും പണമില്ല, പണമില്ലായെന്നുള്ള മറുപടിയല്ലാതെ മന്ത്രിസഭയിൽ നിന്നും മറെറാരു സമാധാനവും കേൾക്കാൻ സാധിച്ചിട്ടില്ല. പണമില്ലെങ്കിൽ എങ്ങനെ പണമുണ്ടാക്കാമെന്നുള്ള കാര്യത്തെപ്പററി ആലോചിക്കുന്നതിനു

[ശ്രീ. എ. കുഞ്ഞൻനാടാർ]

പോലും സമയം ഇല്ലാത്തതിൽ ഖേദിക്കാനേ തരമുള്ളു. പണമുണ്ടെങ്കിൽ ആർ ഭരിക്കുകയില്ല. പണമില്ലെങ്കിൽ പണമുണ്ടാക്കാൻ പഠിക്കണം. എന്നുവിചാരിച്ച് പൊതുജനങ്ങളുടെ മേൽ അനീതിയായി നികുതി ചുമത്തിയോ അല്ലെങ്കിൽ മററേതെങ്കിലും തരത്തിലോ പണമുണ്ടാക്കണമെന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. നമ്മുടെ വരവിന്റെ ഭീമമായ ഭാഗം കേന്ദ്രം ബലാൽ കൊണ്ടുപോയിരിക്കയാണ്. എന്നാൽ കേന്ദ്രത്തിൽ നിന്നും നമുക്ക് ന്യായമായി അവകാശം ഉള്ള സംഖ്യതന്നെ അവർ തരാതിരിക്കയും അവരോടു അതേ സമയത്ത് ശക്തിയായ രൂപത്തിൽ നിവേദനം നടത്തി മന്ത്രിമാർ വാങ്ങിക്കാതെയുമാണ് ഇരിക്കുന്നത്. തിരുവിതാംകൂർ-കൊച്ചി ഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിന്റെ ഒരു ഭാഗമായി തീർന്നതുനിമിത്തം സാമ്പത്തികമായി നമുക്കു ഉണ്ടാകുന്ന ദുർബ്ബലതയെ പരിഹരിക്കാൻവേണ്ടി ഏതു കരാറുകൾ നിലവിലിരുന്നാലും അവരോടു സഹായം അപേക്ഷിക്കാനായിട്ടുള്ള ഒരു ധാർമ്മികമായ അവകാശം നമുക്കുണ്ടു്. ഇതിലേക്കുവേണ്ടി വിവിധ പാർട്ടിനേതാക്കന്മാരെയും വിളിച്ചുവരുത്തി അവരുമായി ആലോചിച്ച് കേന്ദ്രഗവണ്മെന്റിനോട് ശക്തിയായ രൂപത്തിൽ നിവേദനം നടത്തണം. നമുക്ക് നിവർന്നുനിന്ന് കേന്ദ്രത്തിനോട് ഈ കാര്യത്തെപ്പററി പോരാടുകതന്നെ വേണം. അതിനുവേണ്ടി ഒരു പാർലമെന്ററി കമ്മീഷനേയോ ഒരു ശക്തിയായ നിവേദകസംഘത്തെയോ തന്നെ നിയമിച്ച് ഡൽഹിയിലേക്കയച്ചാൽകൊള്ളാം. നമ്മുടെ ഉൽപ്പന്നങ്ങൾക്കും ഇറക്കുമതി സാമാനങ്ങൾക്കും മററും ഇൻഡ്യാഗവണ്മെന്റ് വളരെ വിലക്കുറവ് വരുത്തിക്കൊണ്ടിരിക്കയാണ്. ഇങ്ങനെയായാൽ നമ്മുടെ രാജ്യം ക്രമേണ സാമ്പത്തികമായി തകർന്നു പോകുന്നതിനെ നിവൃത്തിയുള്ളൂ. അതുകൊണ്ടു് നാം വ്യാവസായികമായി പുരോഗമിക്കണം. സർ, നികുതി ചുമത്താതെ പണമുണ്ടാക്കുന്നതിനു പല മാർഗ്ഗങ്ങളുമുണ്ടു്. എലക്ട്രിസിററി ദേശവൽക്കരണം, എസ്. ഐ. ആർ. ഔട്ടേജൻസി ഏറെറടുത്തു നടത്തുക, ഇങ്ങനെ പലവഴികളുമുണ്ടു്. ഔട്ട് ഏജൻസി പ്രൈവററ് ഏജൻസികൾക്ക് കൊടുത്തുകൊണ്ടിരിക്കുന്നതിനാൽ ഗവണ്മെന്റിനു വളരെ നഷ്ടമാണുണ്ടായിക്കൊണ്ടിരിക്കുന്നതു്. ഉദാഹരണമായി നാഗർകോവിലിൽ ഉള്ള ഇലക്ട്രിസിററി വിതരണത്തെ എടുക്കുക. ഗവണ്മെന്റ കറന്റ് വൃ പൈസയ്ക്കു വാങ്ങി ൩ അര അണക്കു വിററ് ഒരു പ്രൈവററ വ്യക്തി അമിതലാഭം തട്ടിയെടുക്കുന്നു. ഔട്ട് ഏജൻസി നിറുത്തൽചെയ്തു് ഗവണ്മെന്റ് ഇതു് ഏറെറടുത്തു നടത്തണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു. എലക്ട്രിസിററി ദേശീകരിക്കാതിരിക്കുന്നതു് ഇവിടത്തെ പൊതുജനങ്ങളോടു ചെയ്യുന്ന ഒരു വലിയ അനീതിയാണ്. മാത്രമല്ല, ഒരു പ്രൈവററ ഏജൻസിയെ മനഃപൂർവം സഹായിക്കുകയും ചെയ്യുന്നു. ഈ ഏജൻസി ലക്ഷക്കണക്കിനുള്ള രൂപാ ഈ ഇനത്തിൽ സമ്പാദിക്കുന്നു. അതുപോലെ തന്നെ ട്രാൻസ്പോർട്ടിന്റെ കാര്യം. ഈ വക സംഗതികൾ നേരിട്ടു നടത്തണമെന്നും അങ്ങനെ നടത്തുന്നതുകൊണ്ടു്, തൊഴിലില്ലായ്മക്കു ഒരു ചെറിയ പരിഹാരമുണ്ടാകുന്നതിനു പുറമെ ഗവണ്മെന്റിനു സാരമായ ആദായവും ലഭിക്കുന്നതാണ്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന്റെ ഇന്നത്തെ സാമ്പത്തികനില വളരെ പരുങ്ങലിലാണിരിക്കുന്നതു്. ഈ അധഃ

പതനത്തെപ്പററി ചിന്തിക്കുമ്പോൾ എനിക്കു മറെറാരുകാര്യം ഓർമ്മയിൽ വരുന്നു. അതായതു്, ''പഞ്ച്'' മാസികയിൽ ഞാൻ ഒരു കാർട്ടൂൺ കണ്ടു. ഒരു തവളയുടെ വായിൽ ഒരു പൂച്ചി ഇരിക്കുന്നു. തവളയൊ ഒരു നീർക്കോലിയുടെ വായിൽ ഇരിക്കുന്നു. നീർക്കോലിയെ ഒരു മുതല വിഴുങ്ങിയിരിക്കുന്നു. ഇതാണു് ആ കാർട്ടൂൺ. അതായതു് തിരുവിതാംകൂർ തമിഴ്നാടാകുന്ന പൂച്ചിയെ തിരുവിതാംകൂർ തവളവിഴുങ്ങി, ആ തവളയെ കൊച്ചിയാകുന്ന നീർക്കോലി വിഴുങ്ങി, നീർക്കോലിയെ ഡൽഹിയാകുന്ന മുതലയും വിഴുങ്ങി. സാമ്പത്തികമായും രാഷ്ട്രീയമായും നമ്മുടെ ഇന്നത്തെ നില ഇതാണു്. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു് ഈ സംസ്ഥാനം സാമ്പത്തികമായും രാഷ്ട്രീയമായും അധഃപതനത്തിൽനിന്നും അധഃപതനത്തിലേക്കു് വഴുതിക്കൊണ്ടിരിക്കുന്നു എന്നാണു്. സർ, തെക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ ഗവണ്മെൻറ വളരെ അനാസ്ഥയാണു് കാണിച്ചിട്ടുള്ളതു്. ഗവണ്മെൻറവകയും ഗവണ്മെൻറ സഹായംകൊണ്ടു നടക്കുന്നതുമായി ഈ സംസ്ഥാനത്തു് ൧൫൦ ഫാക്ടറികൾ ഉണ്ടു്. അതിൽ ഒന്നുപോലും തെക്കൻ തിരുവിതാംകൂറിലില്ല. സർ, സി. പി. യുടെ കാലത്തു് അവിടെ രണ്ടു വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. പഞ്ചസാരഫാക്ടറിയും ചാരായ ഡിപ്പോയും. എന്നാൽ ഇന്നാകട്ടെ അവയെ എടുത്തു് വടക്കു എവിടെയോ കൊണ്ടുപോയി ഇട്ടിരിക്കയാണു്. കരുപ്പട്ടി നിർമ്മാണം തെക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഒരു പ്രധാനമായ കുടിൽ വ്യവസായമാണു്. അതിനെ സംഘടിപ്പിച്ചു് ശക്തിപ്പെടുത്താനുള്ള സന്മനസ്സു് ഗവണ്മെൻറിനു ഉണ്ടാകാതെപോയതിൽ ഖേദിക്കുന്നു. അതുപോലെതന്നെ മീൻ വ്യവസായം. കരിപ്പുകട്ടിയും മീനും വളരെ പോഷകാംശമുള്ള ആഹാരസാധനമാണു്, എന്നാൽ അവയെ പ്രോത്സാഹിപ്പിക്കുന്നില്ല. ഇവിടെ തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോടു്, നെയ്യാററിൻകര, ചിറവൂർ, തലപ്പിള്ളി എന്നീ താലൂക്കുകളിൽ ൧൮ ലക്ഷം വൃക്ഷങ്ങളിൽനിന്നും ൫ കോടിരൂപാ വിലപിടിപ്പുള്ള ൬൦,൦൦൦ ടൺ കരുപ്പെട്ടി നമ്മിക്കുന്നു. മൂന്നു ലക്ഷത്തോളം ജനങ്ങൾ അതുകൊണ്ടു ജീവിക്കുന്നു. എന്നാൽ വില ഇടിവുമൂലം ഇന്നവർ പട്ടിണിയിലാണു്. കുടിൽ വ്യവസായപരിപോഷണാർത്ഥം ഗവണ്മെൻറ് ഒരു കമ്മിററിയെ നിയമിക്കുകയും ആ കമ്മിററിയിലെ പ്രമുഖാംഗമായി ഒരു തങ്ങൾകുഞ്ഞു മുസലിയാരെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ടു്. മുസലിയാർക്കു വ്യവസായങ്ങളെപ്പററി പരിജ്ഞാനമുണ്ടെന്നുള്ളതു ശരിയാണു്. പക്ഷെ കുടിൽ വ്യവസായം കറുപ്പോ വെളുപ്പോ എന്നദ്ദേഹത്തിനറിഞ്ഞുകൂടാ. സംസ്ഥാനത്തുള്ള പല കുടിൽ വ്യവസായങ്ങളും ഇന്നു് പ്രവർത്തനക്കുഴപ്പത്തിലാണു്. ഇതാണു് ഗവണ്മെൻറിൻെറ കുടിൽ വ്യവസായനയം. എന്നാൽ മറെറാരു കുടിൽ വ്യവസായം വളരെ ഭംഗിയായി പ്രവർത്തനം നടത്തുന്നു. ഗവണ്മെൻറ് ആനുകൂല്യങ്ങൾ ഈ വ്യവസായത്തിനു ധാരാളം പ്രോത്സാഹനം കൊടുക്കുന്നുണ്ടെന്നു തോന്നുന്നു. അതായതു്, കള്ളനോട്ടടിയും, വ്യാജച്ചാരായ വാററം. പരിപാവനമായ കന്യാകുമാരി ടി. ബി. യിൽ കള്ളുകുടിയും കൃഷ്ണലീലയുമാണു് നടക്കുന്നതു്. സർ, കഴിഞ്ഞയാഴ്ചയിൽ കന്യാകുമാരിയിലെ പബ്ലിക്കു റോഡിൽവച്ചു് പരസ്യമായി നടന്ന ഒരു സംഭവം മിക്ക മെമ്പറന്മാരും അറിഞ്ഞിരിക്കാനിടയുണ്ടു്. ഈ മാതിരി കൊള്ള

[ശ്രീ. എ. കുഞ്ഞൻനാടാർ]

രുതയ്മകൾ കാണിക്കുന്നതിനുവേണ്ടി ഗവണ്മെൻറ് കെട്ടിടം ഉപയോഗപ്പെടുത്താൻ അനുവദിക്കുന്നതു് ഒട്ടും ശരിയല്ല. അതു് അവസാനിപ്പിക്കണം. ഗവണ്മെൻറിനു നഷ്ടംതന്നെ വന്നാലും ഗവണ്മെൻറ് കെട്ടിടങ്ങളെ പരിശുദ്ധമായ നിലയിൽ സൂക്ഷിക്കണമെന്നാണ് എൻെറ അപേക്ഷ.

കരുപ്പെട്ടി വ്യവസായത്തെപ്പററി ചില സംഗതികൾ പറയുവാനുണ്ടു്. ഗവണ്മെൻറ കണക്കനുസരിച്ചുതന്നെ ഇവിടെ ഏഴരലക്ഷം വൃക്ഷങ്ങളിൽനിന്നു് കരുപ്പെട്ടി ഉൽപ്പാദിപ്പിക്കുന്നുണ്ടു്. പ്രധാനമായി പനയിൽനിന്നും ചില സ്ഥാനങ്ങളിൽ ഉലട്ടിയിൽ നിന്നുമാണ് ഉൽപ്പാദിപ്പിക്കുന്നതു്. തെക്കൻ തിരുവിതാംകൂറിൽ തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോടു്, നെയ്യാററിൻകര എന്നീ സ്ഥലങ്ങളിലും വടക്കു് തലപ്പിള്ളിയിലും ചിററൂരിലുമാണ് ഈ വ്യവസായം നടക്കുന്നതു്. ഏഴരലക്ഷം വൃക്ഷങ്ങളിൽനിന്നു് 60,000 ടൺ കരുപ്പെട്ടി ഉൽപ്പാദിപ്പിക്കുന്നുവെന്നാണ് ഗവണ്മെൻറ കണക്കുകളിൽനിന്നും കാണുന്നതു്. വിററാമിനും മിനറൽസും എല്ലാം അടങ്ങിയ ഒരു വിലയേറിയ ആഹാരസാധനമാണ് കരുപ്പെട്ടി. ഇവിടെയൊരു ഗ്രോ മോർ ഫുഡു് കാമ്പയിൻ ഉണ്ടു്. അതിനുവേണ്ടി ധാരാളം പണം ചെലവാക്കുന്നുമുണ്ടു്. പക്ഷേ ഇത്ര വിലയേറിയ ആഹാരസാധനത്തെ ആഹാരമായി അവർ കണക്കാക്കിയിട്ടില്ല. ഇത്രത്തോളം പോഷകാംശമുള്ള കരുപ്പെട്ടിവ്യവസായത്തിനു് നാലുകാശുപോലും ഗവണ്മെൻറ് ചെലവാക്കുന്നില്ല. ഒരു കാട്ടേജ് ഇൻഡസ്ട്രി എന്ന നിലയിൽപ്പോലും ഇതിനെ പരിഗണിക്കുന്നില്ല. മൂന്നു ലക്ഷത്തോളം ജനങ്ങൾ ഈ വ്യവസായംകൊണ്ടു് ഉപജീവനം കഴിക്കുന്നുണ്ടു്. ഇൻഡ്യാഗവണ്മെൻറിനു് ഈ വ്യവസായത്തെ വികസിപ്പിക്കുന്നതിലേയ്ക്കു് ഒരു പഞ്ചവത്സരപദ്ധതിയുമുണ്ടു്. ഈന്ത, ഉലട്ടി, പന ഇങ്ങനെയുള്ള 5 കോടി വൃക്ഷങ്ങൾ ഉണ്ടെന്നും അവയിൽനിന്നും കരുപ്പെട്ടി എടുക്കുന്നപക്ഷം നമ്മുടെ പഞ്ചസാരയ്ക്കു പകരം ആവശ്യത്തിനുള്ള കരുപ്പെട്ടി ഉൽപ്പാദിക്കാമെന്നുമാണ കാണുന്നതു്. അങ്ങനെയാണെങ്കിൽ ഇപ്പോൾ കരിമ്പുകൃഷി ചെയ്യുന്ന ഏകദേശം ഏഴരലക്ഷം ഏക്കറോളം കൃഷിസ്ഥലം, നല്ല ഒന്നാംതരം നിലങ്ങൾ, നമുക്കു് നെൽക്കൃഷിക്കു് ഉപയോഗിക്കാൻ കഴിയും. അതുനിമിത്തം 45 ലക്ഷം ജനങ്ങൾക്കു് സുഭിക്ഷമായി ഉണ്ണാനുള്ള 45,000 ടൺ അരി ഉൽപ്പാദിപ്പിക്കാമെന്നും 20 ലക്ഷംപേക്കു് തൊഴിൽ കൊടുക്കാമെന്നും 100 കോടി രൂപയ്ക്കുള്ള കരുപ്പെട്ടി നിർമ്മിക്കാൻ സാധിക്കുമെന്നുമാണ് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. കരിമ്പുകൃഷി ചെയ്യുന്നതു് വിദേശികളുടെവക പഞ്ചസാര കമ്പനികളെ പോഷിപ്പിക്കാനാണ്. തിരുവിതാംകൂറിലും ഇത്തരത്തിൽ ചെയ്താൽ വളരെ അധികം സ്ഥലം ഇപ്രകാരം നെൽക്കൃഷിയ്ക്കു് ഉപയോഗിക്കാൻ സാധിക്കും. ഇവിടെ ഏകദേശം 5 കോടി രൂപ വിലയ്ക്കുള്ള കരുപ്പെട്ടി നിർമ്മിക്കുന്നുണ്ടു്. എന്നാൽ അവരുടെ ഇന്നത്തെ അവസ്ഥ എന്താണെന്നു ചോദിച്ചാൽ പട്ടിണിയാണെന്നാണ പറയേണ്ടിയിരിക്കുന്നതു്. പൗണ്ടിനു് 8 അണ വിലയുണ്ടായിരുന്ന കരുപ്പെട്ടിക്കു് ഇന്നു് രണ്ടോ രണ്ടരയോ അണയാണ് കിട്ടുന്നതു്. വിറകിൻെറ വില വളരെ അധികവുമാണ് നമ്മുടെ വനങ്ങളിൽ നാശമായിപ്പോകുന്ന വിറകു് ഒരു സൗജന്യ

നിരക്കിൽ ഈ വ്യവസായികൾക്ക് കൊടുക്കണമെന്നു പറഞ്ഞാൽ അതിനു് ഈ ഗവണ്മെൻറ തയാറില്ല. പുതിയ തരത്തിലുള്ള ഇരുമ്പു് അടപ്പുകളും ഇരുമ്പു ചട്ടികളും കൊടുക്കാമെന്നു് പറഞ്ഞിരുന്നു. അതിലേയ്ക്കു് കഴിഞ്ഞകൊല്ലം 30,000 രൂപ നീക്കിവയ്ക്കുകയും ചെയ്തു. എന്നാൽ ആ തുക ഉപയോഗപ്പെടുത്താതെ ലാപ്സായി പോകുകയാണുണ്ടായതെന്നു് ഞാൻ ഗവണ്മെൻറിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. കേന്ദ്രഗവണ്മെൻറിലുള്ള ഉത്തരവാദപ്പെട്ട വ്യക്തികളുമായി എനിക്കു് സംസാരിക്കാൻ കഴിഞ്ഞതിൽനിന്നും എത്ര രൂപ ഈ വ്യവസായത്തെ ഉദ്ധരിക്കാൻ ഈ ഗവണ്മെൻറ ചെലവാക്കുന്നുവോ അതിൻെറ 50 ശതമാനം സബ്സിഡിയായി കേന്ദ്രഗവണ്മെൻറ് തരാൻ തയാറാണെന്നുള്ള കാര്യം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. ആ വിവരം ഈ ഗവണ്മെൻറിനും അറിയാമെന്നുള്ളതാണു്. എന്നാൽ ഇന്നു് നമ്മുടെ ഗവണ്മെൻറ പറയുന്നതു് സബ്സിഡി തരികയില്ലെന്നാണു്. എനിക്കു് അതിനു് അവരോടു ചോദിക്കുവാനുള്ളതു് ഏതെങ്കിലും സബ്സിഡി തരേണ്ടതായ ഇനത്തിനു് സബ്സിഡി തരാതിരുന്നിട്ടുണ്ടോ എന്നുള്ളതാണു്. 50,000 രൂപ സബ്സിഡി കിട്ടണമെങ്കിൽ ഒരുലക്ഷം രൂപ മുൻകൂറായി ചെലവാക്കേണ്ടിവരും. അതു ചെയ്യാതെയും അതു ചെയ്യാൻ മടിച്ചിട്ടും സബ്സിഡി കിട്ടുകയില്ല എന്നു പറയുന്നതിനർത്ഥമില്ല.

അതുപോലെതന്നെ മത്സ്യവ്യവസായം നമ്മുടെ ഒരു നല്ല വ്യവസായമാണു്. മററു് ആഹാരസാധനങ്ങളേക്കാൾ മത്സ്യത്തിനു് കൂടുതൽ പോഷകാംശം ഉണ്ടു്. ഇവിടെ ഉണ്ടാക്കുന്ന അരിയേക്കാൾ കൂടുതൽ ടൺ മത്സ്യവും കൂടുതൽ ടൺ കരുപ്പെട്ടിയും ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ടു്. എന്നിട്ടും ഈ വ്യവസായത്തിനു് ഒരുകാശുപോലും ചെലവാക്കുന്നതിനുള്ള മനഃസ്ഥിതി ഈ ഗവണ്മെൻറിനു് ഉണ്ടായിട്ടില്ല.

സർ, ഞാൻ തെക്കൻതിരുവിതാംകൂറിലെ ഒരു കമ്മ്യൂണിററി പ്രോജക്ററ് ഏരിയായിൽ ഉൾപ്പെട്ട വ്യക്തിയാണു്. നെയ്യാററിൻകരയും വിളവംകോടുംചേർത്തു് ഒരു കമ്മ്യൂണിററി പ്രോജക്ററ് സ്ഥാപിച്ചിട്ടുണ്ടു്. സാമാന്യജനങ്ങൾക്കു് നാനാവിധത്തിലും വികസിക്കുന്നതിനുള്ള മാർഗ്ഗങ്ങളാരാഞ്ഞു് അതിനുവേണ്ടി പ്രവർത്തിക്കുക എന്നുള്ളതാണു് കമ്മ്യൂണിററി പ്രോജക്ററായി ഞാൻ മനസ്സിലാക്കുന്നതു്. ഡെൽഹിയിലും സൗരാഷ്ട്ര യിലുമെല്ലാം പബ്ലിക്കു് റോഡുകളും, പള്ളിക്കൂടങ്ങളും ഇല്ലായിരിക്കും. നമുക്കു് ഇവിടെ അവയുടെ ആവശ്യമില്ല. നമുക്കു് പദ്ധതികൾ നിർമ്മിക്കേണ്ടതു് ഡെൽഹിക്കാരല്ല. നമ്മുടെ പരിതഃസ്ഥിതിക്കു് അനുയോജ്യമായതു് നാം ആണു് എഴുതിയുണ്ടാക്കേണ്ടതു്. ഇപ്പോൾ നെയ്യാററിൻകരയിലും മററും എടുക്കുന്ന സ്റ്റാററിസ്റ്റിക്സ്തന്നെ നോക്കുക. 18-ാംനൂററാണ്ടിലെ ഒരു പ്രതീതിയാണു കാണുന്നതു്. ആണെത്ര, പെണ്ണെത്ര, വിവാഹം കഴിച്ചവരെത്ര, കഴിക്കാത്തവരെത്ര, പ്രസവിച്ചവരെത്ര, പ്രസവിക്കാത്തവരെത്ര എന്നെല്ലാമാണു കണക്കെടുക്കുന്നതു്. അമേരിക്കയിലുള്ള സായിപ്പന്മാർ വിവാഹം കഴിക്കാത്തതിനും പ്രസവിക്കാത്തതിനുമെല്ലാം പ്രതിവിധിചെയ്യാൻ പോകുകയാണോ എന്നു ഞാൻ ചോദിക്കുന്നു. അവിടത്തെ ജനങ്ങളിൽ 80 ശതമാനവും കരുപ്പെട്ടി വ്യവസായവും മത്സ്യവ്യവസായവുംകൊണ്ടാണു ജീവിക്കുന്നതു്. അവയെപ്പററി യാതൊന്നും തന്നെ സ്ഥിതിവിവരക്കണക്കിൽ കാണുന്നില്ല. ഞാൻ കമ്മ്യൂണിററി

[ശ്രീ. എ. കുഞ്ഞൻനാടാർ]

പ്രോജക്ററ് സ്പെഷ്യലാഫീസർ ശ്രീ. തോമസിനെ കാണുകയുണ്ടായി. അദ്ദേഹം പറഞ്ഞതു് നിങ്ങളോട് കൺസൾട്ട ചെയ്യേണ്ട ആവശ്യമില്ലെന്നും ഇൻഡ്യാഗവണ്മെൻറിൻെറ നിർദ്ദേശമനസരിച്ചു് ചെയ്യുമെന്നമാണു്. ഞാൻ ഉദ്യോഗസ്ഥന്മാരെ കുററം പറയുന്നില്ല. ഇതിനുത്തരവാദപ്പെട്ട മന്ത്രിമാരാണു പൊതുജനങ്ങളുമായി ആലോചിച്ചു് സ്കീം തയാറാക്കേണ്ടതു്. അതിനവർ തയാറാകാത്തതു് കുററകരമാണു്. കുറേ പണം കിട്ടി, അതു എൻെറ ബന്ധുവിനു കുറച്ചു് നിൻെറ ബന്ധുവിനു കുറച്ചു് എന്ന രീതിയിൽ വീതിക്കുന്നതിനാണൊരുക്കമെങ്കിൽ എനിക്കൊന്നും പറയാനില്ല. അങ്ങനെ പണം വീതിയ്ക്കുവാനാണു തീർച്ചപ്പെടുത്തിയിരിക്കുന്നതെങ്കിൽ അതു് തിരുവനന്തപുരത്തുവച്ചുതന്നെ ആയിക്കൊള്ളണം, ഞങ്ങളുടെ നാട്ടിൽ കൊണ്ടുവന്നു് വീതിക്കേണ്ട ആവശ്യമില്ല എന്നാണു് എനിക്കു പറയുവാനുള്ളതു്. (ബെൽ)

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, ബഡ്ജററ വിമർശനത്തിലേയ്ക്കു് കടക്കുന്നതിനു മുമ്പായി എനിക്കു് ഒരു കാര്യം പറയാനുണ്ടു്. അതായതു് നാം ഒരു ബഡ്ജററ്സെഷൻ കൂടിയിരിക്കുകയാണു്. രാജ്യത്തിൻെറ ഭാവി ഭാഗധേയങ്ങൾ നിശ്ചയിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളെപ്പററി വളരെ ഗൗരവമായി ചർച്ചചെയ്യുകയാണു് എന്നാണു വയ്പു്. ചിലപ്പോൾ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടായാൽ ധനകാര്യമന്ത്രി വളരെ ആത്മാർത്ഥതയോടുകൂടിയെന്നപോലെ പറയാറുണ്ടു് മററുള്ളവർക്കൊന്നും ഫിസ്കൽപാളിസി അറിഞ്ഞുകൂടെന്നു്. ഇതൊക്കെക്കൂടി നോക്കിയാൽ ഈ ബഡ്ജററ സെഷനു് എല്ലാ വിഷയവും തീരുമാനിക്കാൻ കഴിവുണ്ടെന്നു തോന്നും. ഇവിടത്തെ മാണിററി പാളിസിയെക്കുറിച്ചോ ഏററവും പ്രധാനപ്പെട്ട ടാക്സേഷൻ പാളിസിയെക്കുറിച്ചോ ഒന്നും ചർച്ചചെയ്യാനധികാരമില്ല. നാം വലിയ വലിയ കാര്യങ്ങൾ ചർച്ച ചെയ്യുകയാണെന്നു് ഭാവമുണ്ടെങ്കിലും പരമാർത്ഥം പറഞ്ഞാൽ ഇതൊന്നും അത്ര വലിയ കാര്യങ്ങളല്ല. ചുരുക്കം ചില കാര്യങ്ങളൊഴിച്ചാൽ, അന്നന്നു് കഴിഞ്ഞുകൂടുന്നതിനുള്ള കാര്യങ്ങളെക്കുറിച്ചു മാത്രമാണു് ചർച്ച നടക്കുന്നതു്. അതുകൊണ്ടു് ആയിരിക്കണം 11 ദിവസംമാത്രം പ്രായമായ ഒരു മന്ത്രിസഭയ്ക്കു് ഏററവും വലിയ ഒരു പുസ്തകം ബഡ്ജററായി പ്രസൻറ ചെയ്യാൻ സാധിച്ചതു്. അതിൽ വളരെ ചുരുക്കം ചില ഭാഗങ്ങൾ ഒഴിച്ചാൽ ദൈനംദിന പരിപാടികൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള നടപടികൾ മാത്രമാണു് കാണുന്നതു്. ആ നിലയിൽ ഒരു റട്ടീൻ ബഡ്ജററായി മാത്രമേ അതിനെ കാണാൻ കഴികയുള്ളു. വലിയ വലിയ തുകകൾ ചെലവുചെയ്യുന്ന വകുപ്പുകൾ ഇവിടെയുണ്ടു്. ഒരുദാഹരണം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാം. അതായതു് വിദ്യാഭ്യാസകാര്യം. തിരുവിതാംകൂർ-കൊച്ചിയിലെ കാൺഗ്രസ്സ് മന്ത്രിമാരും അവരുടെ മൂന്നാംതരം പ്രചാരകന്മാരും വിദ്യാഭ്യാസത്തിൽ തിരുവിതാംകൂർ-കൊച്ചി മുന്നിട്ടു നിൽക്കുന്നുവെന്നും അതിനെല്ലാം കാരണം അവരാണെന്നും പറയുന്നുണ്ടു്. വാസ്തവത്തിൽ ഈ അവകാശവാദത്തിനു് യാതൊരു അർത്ഥവുമില്ല. ചരിത്രപരമായ കാരണങ്ങളാൽ തിരുവിതാംകൂർ-കൊച്ചി വളരെക്കാലമായി വിദ്യാഭ്യാസവിഷയത്തിൽ മുന്തി നിൽക്കുകയാണു്. മുതലെടുപ്പിൻെറ 20-22 ശതമാനത്തോളം വിദ്യാഭ്യാസവിഷയത്തിനു കാൺഗ്രസ്സ് വരുന്നതിനുമുമ്പു് ചെലവഴിച്ചിരുന്നു. ഇപ്പോൾ അതൊരു 25 ശതമാനം ആയിട്ടുണ്ടു്. അതുകൊണ്ടു്

വിദ്യാഭ്യാസകാര്യത്തിൽ തിരുവിതാംകൂർ-കൊച്ചി മുന്തിനിൽക്കുന്നതിന് കാരണക്കാർ കാൺഗ്രസ്സാണെന്നു പറയുന്നത് വാസ്തവത്തിൽ അസംബന്ധമാണ്. ഈ 25 ശതമാനത്തോളം ചെലവാകുന്ന ഈ വിഷയത്തിൽ പുതിയതായി എന്തെങ്കിലും ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയിരുന്നുവെങ്കിൽ കാൺഗ്രസ്സുകാരെ അനുമോദിക്കാമായിരുന്നു. ഈ 25 ശതമാനത്തോളം രൂപ ചെലവാകുന്നതുതന്നെയും ചരിത്രപരമായ ചില കാരണങ്ങളാലാണ്. ഈ തുക വെട്ടിക്കുറയ്ക്കുകയാണെങ്കിൽ പള്ളിക്കൂടങ്ങളും കാളേജുകളുമെല്ലാം അടയ്ക്കേണ്ടിവരും. അദ്ധ്യാപകന്മാരേയും വിദ്യാർത്ഥികളേയും സ്ഥാനത്തും അസ്ഥാനത്തും ഭീഷണിപ്പെടുത്തുന്നവർ അങ്ങനെയെങ്കിലും ചെയ്തിരുന്നെങ്കിൽ അതൊരു പുതിയ കാര്യമായിരുന്നേനെ. ഇൻഡ്യയിൽവച്ച് വിദ്യാഭ്യാസവിഷയത്തിൽ ഏററവും മുന്തിനിൽക്കുന്ന തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം മററു രാജ്യങ്ങളിലില്ലാത്തതായ യാതൊരു നല്ല കാര്യവും ആ വിഷയത്തിൽ ഇല്ല. എന്നുമാത്രവുമല്ല വിദ്യാഭ്യാസവ്യവസ്ഥയുടെ ഏതു ഘടകം പരിശോധിച്ചാലും നാം ഇൻഡ്യയുടെ മററേതു ഭാഗത്തേക്കാളും പിന്നാക്കമാണ് നിൽക്കുന്നതെന്നു കാണാം. വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡ് നോക്കിയാലും അദ്ധ്യാപകരുടെ ശമ്പളക്രമം നോക്കിയാലും നാം വളരെ പിന്നാക്കമാണു നിൽക്കുന്നത്. സാങ്കേതികവും ശാസ്ത്രീയവുമായ വിദ്യാഭ്യാസത്തിനു് മാററിവച്ചിരിക്കുന്ന തുകയും അതിനുള്ള സൗകര്യങ്ങളുടെ അനുപാതവും പ്രായേണ മോശമാണ്. ഇതെല്ലാം നോക്കിയാൽ തിരുവിതാംകൂർ-കൊച്ചി ബഡ്ജററിൽ വലിയ തുക കൊള്ളിച്ചിട്ടുള്ള ഈ വകുപ്പ് യാതൊരു പ്ലാനും പദ്ധതിയുമില്ലാതെ മുന്നോട്ട് ഉന്തിത്തള്ളിക്കൊണ്ടുപോവുകയാണു ചെയ്യുന്നത് എന്നു കാണാം. ഇന്നു വിദ്യാഭ്യാസത്തിൽ നാം മുന്തിനിൽക്കുന്നുഎന്നു പറയുന്നതിന്റെ അർത്ഥം ഈ രാജ്യത്തെ ചെറുപ്പക്കാരിൽ ഒരു വലിയവിഭാഗം വിദ്യാഭ്യാസത്തിൽ പങ്കുകൊള്ളുന്നു എന്നുള്ളതാണ്. അവരുടെ ഭാവിയെ ബാധിക്കുന്ന ഈ വിദ്യാഭ്യാസം കൊണ്ട് അവർ എന്തുചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്. പ്രൈമറി വിദ്യാഭ്യാസത്തിലാകട്ടെ സെക്കൻഡറി വിദ്യാഭ്യാസത്തിലാകട്ടെ യൂണിവേഴ്സിററി വിദ്യാഭ്യാസത്തിലാകട്ടെ പൊതുവ്യവസ്ഥയിൽ അവയുടെ പങ്കിന്റെ ഒരു ക്ലിപ്തപരിധി നിർണ്ണയിച്ച് കാര്യങ്ങൾ മുൻപോട്ടുകൊണ്ടുപോകുന്നതിനു് ഇന്നത്തെ ഗവണ്മെൻറിനു സാധിച്ചിട്ടില്ല. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെപ്പററി യാതൊരുരൂപവും അവക്കില്ലെന്നു മന്ത്രിമാർ ഏതു് ചെറിയകാര്യം പറഞ്ഞാലും ഭരണഘടനയുടെ പേരിൽ സ്ഥാനത്തും അസ്ഥാനത്തും ആണയിട്ട് മുറുകിപ്പിടിക്കുന്നതു് സാധാരണയാണ്. ഭരണഘടനയിൽ ഒരു കാര്യം വളരെ വ്യക്തമായി പറയുന്നുണ്ട്. ആറു വയസ്സുമുതൽ 14 വയസ്സുവരെ പ്രാഥമികവിദ്യാഭ്യാസം നിർബന്ധമായി പത്തുകൊല്ലംകൊണ്ട് നൽകണമെന്ന് ഭരണഘടനയിൽ അനുശാസിക്കുന്നുണ്ട്. ഭരണഘടന നടപ്പിൽവന്നിട്ട് ഇപ്പോൾതന്നെ രണ്ടുകൊല്ലമായിരിക്കുന്നു. ഇനി എട്ടുകൊല്ലമേയുള്ളു. ഇവരെങ്ങനെ ഭരണഘടനയുടെ നിർദ്ദേശം നടപ്പിലാക്കും. ഇവരുടെ വാക്കിന്റെ വ്യവസ്ഥ നോക്കൂ! ഈ കാൺഗ്രസ്സുകാരുടെ നേതാവ് പണ്ഡിററ് നെഹ്റുതന്നെ ഉറപ്പുപറഞ്ഞിട്ടുള്ള ഒരു കാര്യമാണ് 1952-ൽ തീർച്ചയായും ഇൻഡ്യ ഭക്ഷ്യകാര്യത്തിൽ സ്വയം പര്യാപ്തമായിത്തീരുമെന്ന്. (ബെൽ)

The House rose for lunch at 1 p. m. and reassembled at **2 p. m. with Mr. Speaker in the Chair.**

[ശ്രീ. പി. ഗോവിന്ദപ്പിള്ള]

2 P.M.]

ശ്രീ. പി. ഗോവിന്ദപ്പിള്ള—(തുടച്ച്): സർ, അതുകൊണ്ടു് ഈ ബഡ്ജററിനെപ്പററി വിമർശനം നടത്തുമ്പോൾ പ്രധാനമായി ശ്രദ്ധിക്കേണ്ടതു് ഈ മന്ത്രിമാർ ചെലവാക്കുന്നപണത്തിനു എന്തെങ്കിലും പദ്ധതികളുണ്ടോ, വല്ല ലക്ഷ്യങ്ങളുമുണ്ടോ എന്നാണു്. ഈ വക കാര്യങ്ങളെ സംബന്ധിച്ച പറയുമ്പോൾ, ഏററവും പ്രധാനമായിട്ടുള്ള വിദ്യാഭ്യാസവകുപ്പിനെപ്പററിയാണു് ഞാൻ മുൻപു സംസാരിച്ചുകൊണ്ടിരുന്നതു്. ഇന്നു തിരുവിതാംകൂർ–കൊച്ചിയിലെ വിദ്യാഭ്യാസരംഗം വളരെ പ്രക്ഷുബ്ധമായിരിക്കുന്നു. എവിടെയും അസ്വസ്ഥതയാണു കാണുന്നതു്. ഇന്നു വിദ്യാഭ്യാസരംഗത്തിൽ പല പല തകരാറുകളും കാണുന്നുണ്ടു്. വിദ്യാഭ്യാസനിലവാരം അധഃപതിച്ചുപോയി എന്നു പല പരാതികളുമുണ്ടു്. വിദ്യാഭ്യാസത്തിനുവേണ്ടി സാമാന്യം നല്ല ഒരു തുക ചെലവാക്കിവരുന്നുണ്ടു്. എന്നാൽ ആണ്ടുതോറും ഈ സ്ഥാപനങ്ങളിൽ നിന്നും വിജയം വരിച്ചുവരുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരികയുമാണു്. ചെലവു് എല്ലാവർഷവും കൂടിവരികയും ചെയ്യുന്നു എന്നുള്ളതു് എല്ലാവർക്കും കാണാൻ കഴിയുന്നതാണു്. എന്തുകൊണ്ടാണു് ഈ വിദ്യാഭ്യാസസമ്പ്രദായം ഇത്ര അധഃപതിച്ചുപോയതു് എന്നും സ്റ്റാൻേർഡു് ഇത്ര കുറഞ്ഞുപോയതു് എന്നുമുള്ളതിനെപ്പററി വലിയ വാദപ്രതിവാദങ്ങൾ നടക്കുകയാണു്. ഈ മന്ത്രിമാർക്കു് വിദ്യാഭ്യാസകാര്യങ്ങളെപ്പററി അറിയുകയും ചിന്തിക്കുകയും പ്രവർത്തിക്കുകയും, കേൾക്കുകയും ചെയ്യുന്നതിനുള്ള സന്മനോഭാവമോ കഴിവോ ഇല്ല. ഇവർക്കു് ഇതേപ്പററി ഒരു ചുക്കും അറിയാനും പാടില്ല. അവർ വെറും വീമ്പിളക്കുന്നതായിട്ടാണു് കാണുന്നതു്. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ തകരാറുമൂലം ഇന്നു വിജയശതമാനം കുറയുകയും സ്റ്റാൻേർഡു് കുറഞ്ഞുവരികയും ചെയ്യുന്നു. വിദ്യാഭ്യാസരംഗത്തു് ആകപ്പാടെ വന്നിട്ടുള്ള തകരാറുകൾക്കെല്ലാം കാരണമായി ഗവണ്മെൻറ പറയുന്നതു് കുറെ അധികം പോലീസുകാരെ അതിലേക്കു് അയച്ചിട്ടില്ല എന്നുള്ളതാണു്. പോലീസു് ഉദ്യോഗസ്ഥന്മാർക്കു നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ എന്തു കാര്യമാണുള്ളതു്? അവർ വിചാരിച്ചാൽ സ്റ്റാൻഡാർഡു് കൂടുമോ? നമ്മുടെ മന്ത്രിമാർ പറയുന്നതു് ഇവിടെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലുണ്ടാകുന്ന കുഴപ്പങ്ങൾ പോലീസുകാരെക്കൊണ്ടു് പരിഹരിക്കാം എന്നാണു്. ഈ സ്റ്റേററിലെ കുറെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുറേപ്പേർ ഇൻക്വിലാബ് വിളിക്കുന്നു എന്നു് ചില മന്ത്രിമാർ പറയുന്നു. ചില സ്ഥലങ്ങളിൽ മന്ത്രിമാർ കമ്മ്യൂണിസത്തിന്റെ പേരിൽ വിദ്യാർത്ഥികളെയും അദ്ധ്യാപകന്മാരേയും ഭീഷണപ്പെടുത്തിവരുന്നുണ്ടു്. കഴിഞ്ഞ ദിവസം ചാത്തന്നൂർ വച്ചു നടന്ന ഒരു പ്രസംഗത്തിൽ ഇതേക്കുറിച്ചു് ധനകാര്യമന്ത്രി ഒരു അഭിപ്രായം പുറപ്പെടുവിക്കയുണ്ടായി. കാൺഗ്രസ്സുകാർ സാധാരണയായി വിവരക്കേടുകൾ കാണിക്കുകയും പറയുകയും ചെയ്യും. എന്നാൽ അതാരും ശ്രദ്ധിക്കാറില്ല. പണ്ഡിതനെന്നു കേൾവികേട്ട നമ്മുടെ ധനകാര്യമന്ത്രി വിദ്യാഭ്യാസത്തെ സംബന്ധിച്ചു് ഇത്ര വിവരമില്ലാത്ത രീതിയിൽ അഭിപ്രായങ്ങൾ പാസ്സാക്കുന്നതു് കഷ്ടമല്ലേ? വിദ്യാർത്ഥികൾ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഇൻക്വിലാബ് വിളിക്കുന്നു എന്നും അവരെ ആരോ ചിലരെല്ലാം കുത്തിത്തിരിച്ചു വിടുകയാണെന്നും അതാണു്

സ്റ്റാൻഡാർഡ് കുറവിനും കുഴപ്പങ്ങൾക്കും കാരണം എന്നും അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞു, ഈ രാജ്യത്തു് എഞ്ചിനീയർമാർവേണ്ട, ഡാക്ടർമാർ വേണ്ട, ആരു ഭരിച്ചാലും അവർ ആവശ്യമല്ലേ എന്നു്. അതു വായിച്ചപ്പോൾ എനിക്കു് അവരോടു ചോദിക്കുവാനുള്ളതു് സാങ്കേതിക വിദ്യാഭ്യാസത്തെക്കുറിച്ചു് ഈ ഗവൺമെൻറിൻെറ നയം എന്താണെന്നാണു്. അതിലേക്കു ഞാൻ ഒരു കണക്കു കാണിച്ചുകൊള്ളട്ടെ. നമ്മുടെ യൂണിവേഴ്സിററിയുടെ കീഴിൽ 5 സാങ്കേതിക സ്ഥാപനങ്ങൾ ഉണ്ടു്. അതിൽ ഒരു കമേഴ്സ്യൽ സ്ഥാപനംകൂടി ഉൾപ്പെടുത്തിയിട്ടുണ്ടു്. ഇഞ്ചിനീയറിംഗ് കാളേജിൽ ൧൯൪൯-൫൦-ൽ ൧൩൧ സീററുകൾ ഉണ്ടായിരുന്നതു് ൧൯൫൧-൫൨-ൽ ൧൦൯ ആയി കുറഞ്ഞു. ടെക്സ്റ്റൈയിൽ ടെക്നാളജിക്കു് ൧൯൪൯-൫൦-ൽ ൨൭ സീററുണ്ടായിരുന്നതു് ൨൦ ആയി കുറഞ്ഞു. എം. എസ്. സി-ക്കു് ൧൯൪൯-൫൦-ൽ ൧൪ സീററുകൾ ഉണ്ടായിരുന്നതു് ൧൯൫൦-൫൧-ൽ ൧൨ ആയി കുറഞ്ഞു. ട്രിച്ചൂർ മഹാരാജാസ് ടെക്നിക്കൽ ഇൻസ്റ്റിററ്യൂട്ടിൽ ൧൦൧ സീററുണ്ടായിരുന്നതു് ൭൪ ആയിക്കുറഞ്ഞു. അതുപോലെ ഡിപ്ലോമാ കോഴ്സിനായി ൧൬ സീററുകൾ ഉണ്ടായിരുന്നതു് ഇപ്പോൾ ൧൪ സീററുകൾ ആയി കുറഞ്ഞിരിക്കുന്നു. ഇന്നു യൂണിവേഴ്സിററിയുടെ കീഴിൽ ൨൪ സ്ഥാപനങ്ങൾ ഉള്ളതിൽ ൫ സ്ഥാപനങ്ങളെ സാങ്കേതിക വിദ്യാഭ്യാസത്തിനായിട്ടുള്ളു. ഇവയ്ക്കെല്ലാം സീററുകൾ കുറച്ചുകളയുന്ന സംഗതി ഈ പ്രസംഗം നടത്തിയ മന്ത്രി അവർകൾ ആലോചിക്കുന്നുണ്ടോ എന്നാണു് എനിക്കു ചോദിക്കുവാനുള്ളതു്. ഇഞ്ചിനീയറിംഗിനും മററും ആണ്ടുതോറും സീററുകൾ കുറച്ചുവരുന്ന ഈ നയംകൊണ്ടു് സാങ്കേതിക വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്താൻ പോവുകയാണോ?

ഇന്നു കാളേജുകൾ വർദ്ധിപ്പിച്ചുവരുന്നുണ്ടു്. ഇതെല്ലാം ഏതു വിധത്തിലുള്ളവയാണെന്നു നമുക്കറിയാം. പലരേയും തൃപ്തിപ്പെടുത്താൻവേണ്ടി അനുവദിക്കുന്ന കാളേജുകളാണു്. ഇതെല്ലാം വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്താൻവേണ്ടി അനുവദിച്ചിട്ടുള്ളവയാണെന്നു് എനിക്കു തോന്നുന്നില്ല. പ്രൈവററുകോളേജിലെ പഠിത്തത്തിനു് ഉത്തരവാദിത്വമുള്ള ഒരു യൂണിവേഴ്സിററിതന്നെ ഇവിടെ ഇല്ലെന്നു നമുക്കറിയാം. ഇങ്ങനെ ഉത്തരവാദിത്വമില്ലാത്തതുകൊണ്ടുതന്നെയാണു് അവയുടെ നടത്തിപ്പു് ശരിയായ വിധത്തിൽ നടക്കാത്തതു്. ഇന്നലെ ബഹുമാനപ്പെട്ട മെമ്പർ ഓ.സി. നൈനാൻ തിരുവിതാംകൂർ-കൊച്ചിയിലെ പ്രൈവററുകാളേജുകൾക്കെല്ലാം ഗവൺമെൻറിൽനിന്നും കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാത്തതിനെപ്പററിയും അവയുടെ മേൽ യൂണിവേഴ്സിററിക്കുള്ള ചുമതലകൾക്കു് അയവു വരുത്തുന്ന കാര്യത്തെപ്പററിയും സംസാരിച്ചു. അതായതു്, ആയിരക്കണക്കിനുള്ള വിദ്യാർത്ഥികളെ കൊല്ലംതോറും വിജയികളാക്കി പുറത്തുവിടേണ്ട ഒരു ഉത്തരവാദിത്വമുള്ള സ്ഥാപനമാണു് ഈ യൂണിവേഴ്സിററി. അവരുടെ ഉത്തരവാദിത്വത്തിൽ നിന്നും പ്രൈവററ കാളേജുകൾക്കുള്ള ചുമതലയ്ക്കു് അയവുവരുത്തണമെന്നാണു പറയുന്നതു്. ഇന്നു് പ്രൈവററുകാളേജുകൾ യൂണിവേഴ്സിററിയുടെ ഒരു കാൺസ്റ്റിററ്യുവൻറു് യൂണിററു് അല്ല. യൂണിവേഴ്സിററി നിയമപ്രകാരം അവയെ യൂണിവേഴ്സിററിയുടെ പ്രിവിലേജിലേക്കു് അഡ്മിററു ചെയ്തിട്ടേ ഉള്ളു. അവിടത്തെ അദ്ധ്യാപകന്മാർക്കു് അംഗീകരിക്കപ്പെട്ട ക്വാളിഫിക്കേഷൻ വേണ്ട. പരീക്ഷായോഗ്യതയെ സംബന്ധിച്ചിടത്തോളം ഇന്നയിന്ന യോഗ്യത വേണമെന്നു നിർബ

[ശ്രീ. പീ. ഗോവിന്ദപ്പിള്ള.]

ന്ധമില്ല. മാത്രമല്ല അദ്ധ്യാപകന്മാക്ക് ഒരു ഫിക്സിററി ആഫ് ടെനൃവർ വേണം. ഇന്ന് കുറഞ്ഞ ശമ്പളം നിയമപ്രകാരം വ്യവസ്ഥ ചെയ്യണം. അതില്ല, പരീക്ഷായോഗ്യതയുള്ള അദ്ധ്യാപകന്മാരെ ആക്കുന്നതിനു പകരം കുറഞ്ഞ യോഗ്യതയുള്ളവരെയാണ് ഇന്നു പ്രൈവററ കാളേജുകളിൽ നിയമിക്കപ്പെടുന്നതു്. നല്ല പരീക്ഷായോഗ്യതയുള്ളവക്ക് നല്ല ശമ്പളം കൊടുക്കണം. പരീക്ഷായോഗ്യതയുള്ളവരുണ്ട്. പക്ഷെ അവർ നല്ല ശമ്പളം ലഭിക്കുമ്പോഠം അവിടെ നിന്നും പോകുന്നതാണ്. ഈമാതിരി സ്റ്റാൻഡാർഡ് കുറയുന്നതിനുള്ള ശാസ്ത്രീയ കാര്യങ്ങളെക്കുറിച്ചുള്ള പ്രാഥമിക തത്വങ്ങഠം പോലും നമ്മുടെ മന്ത്രിമാക്ക് അറിവുള്ളതായി തോന്നുന്നില്ല. എന്നാൽ അവർ വലിയ വിദ്യാഭ്യാസവിചക്ഷണന്മാരായി ഭാവിച്ച് അഭിപ്രായങ്ങഠം അലംഭാവമില്ലാതെ പുറപ്പെടുവിച്ചുകൊള്ളുകയും ചെയ്യും. വിദ്യാഭ്യാസവിചക്ഷണന്മാരായിട്ടുള്ളവരോട് ആലോചിക്കുന്നതിനുള്ള സന്മനോഭാവം അവക്കില്ല. ഇന്നു യൂണിവേഴ്സിററി വിദ്യാഭ്യാസത്തെ സംബന്ധിച്ചും അതിൻെറ നയത്തെ സംബന്ധിച്ചും വ്യക്തമായ യാതൊരു നയവും പ്ലാനുമില്ലാതെ ഇങ്ങനെ പണം ചെലവെഴുതി വിടുന്ന ഒരു പതിവ് മറെറാരു സ്ഥലത്തുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഇവിടെ രണ്ടു സംസ്ഥാനങ്ങഠം തമ്മിൽ ഇൻറിഗ്രേഷൻ കഴിഞ്ഞിട്ട് ഇത്രയും കാലമായെങ്കിലും തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ പല കാളേജുകളും ഇനിയും യൂണിവേഴ്സിററിയിൽ അംഗങ്ങളല്ല. ഗവണ്മെൻറ കാളേജുകഠം തന്നെ ഇനിയും ഈ യൂണിവേഴ്സിററിയുടെ ഡയറക്ട് കൺട്രോളിൽ വന്നിട്ടില്ല. അതായതു് യൂണിവേഴ്സിററിയുടെ കാൺസ്റ്റിററ്യൂവൻറ് യൂണിററായിട്ടില്ല. ഏററവും ചുരുക്കമായി പറഞ്ഞാൽ നമ്മുടെ യൂണിവേഴ്സിററി ആക്ററ് ഇൻറിഗ്രേഷനു ശേഷമുണ്ടായ സാധാരണ പ്രശ്നങ്ങളെ ഉഠംക്കൊള്ളിച്ചുപോലും പരിഷ്കരിച്ചിട്ടില്ല. ഇന്നും യൂണിവേഴ്സിററി പഴയതുപോലെ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ പരമാധികാരത്തിൻകീഴിൽതന്നെ ഇരിക്കുകയാണ്. ഈ മാതിരി വിദ്യാഭ്യാസം തകന്നു കിടക്കാനുള്ള കാരണങ്ങഠം നിവാരണംചെയ്യാതെ ഇന്നത്തെ മന്ത്രിമാർ അദ്ധ്യാപകന്മാരെയും വിദ്യാത്ഥികളെയും ഭീഷണിപ്പെടുത്തി നടക്കുകയാണ്. ഈ ഭീഷണിപ്പെടുത്തലുകഠംകൊണ്ട് ഒരു ഫലവും ഉണ്ടാകാൻ പോകുന്നില്ല. ഈ വക കാര്യങ്ങളെക്കുറിച്ചെല്ലാം വിദ്യാഭ്യാസത്തെക്കുറിച്ച് അറിയാവുന്നവരോട് ചോദിച്ചെങ്കിലും അവർ മനസ്സിലാക്കണമെന്ന് ബഹുമാനത്തോടുകൂടി അവരോട് അപേക്ഷിക്കുകയാണ്. ലോകത്തിലുള്ള പല യൂണിവേഴ്സിററിക്കാര്യങ്ങളെ സംബന്ധിച്ച് നാം അറിഞ്ഞിട്ടുണ്ട്. യൂറോപ്പിലും മററും ചില പ്രത്യേക കാലഘട്ടങ്ങളിൽ വിദ്യാലയങ്ങളിൽ അസ്വാസ്ഥ്യങ്ങഠം ഉണ്ടായിട്ടുണ്ട്. അതിനു ശാസ്ത്രീയമായ പരിഹാരങ്ങളും കണ്ടിട്ടുണ്ട്. അന്നൊന്നും പോലീസുകാരെ അവിടങ്ങളിൽ അയച്ചല്ല സമാധാനം പാലിച്ചിട്ടുള്ളതു്. സവ്വകലാശാലകളിലും വിദ്യാഭ്യാസരംഗത്തിലും സാച്ചേത്രികമായ അസ്വാസ്ഥ്യത ഉണ്ടാകുന്നതിനുള്ള പ്രധാന കാരണം സാമൂഹ്യമായിട്ടുള്ളതാണ്. തിരുവിതാംകൂർ-കൊച്ചിയിലും അപ്രകാരം അസ്വാസ്ഥ്യങ്ങളുണ്ടാകുന്നതിനുള്ള യഥാത്ഥകാരണങ്ങഠം കണ്ടുപിടിച്ച് അവയെ പരിഹരിക്കുന്നതിനു പകരം പോലീസുകാരെ വിദ്യാലയങ്ങളിലയച്ച് സൂത്രത്തിൽ കാര്യം കഴിക്കാ

നാണ് മന്ത്രിമാർ തുനിയുന്നതു്. വിദേശിയായ മേലുദ്യോഗസ്ഥനെ അതായതു് ഈ നാടുമായി യാതൊരു ബന്ധവുമില്ലാത്തതും യാതൊരറിവുമില്ലാത്തതുമായ സർ ആർക്കാട്ടു രാമസ്വാമിമുതലിയാരെ യൂണിവേഴ്സിററി വൈസ്ചാൻസലറായി നിയമിച്ചിരിക്കുന്നതും കുഴപ്പങ്ങൾക്കു് പരിഹാരമാകുകയില്ല.

യൂണിവേഴ്സിററി ആക്ററിലെ പ്രിയാംബിളിൽതന്നെ പറയുന്നതു്, ഈ യൂണിവേഴ്സിററി ഇവിടെ സ്ഥാപിക്കുന്നതു് ഒന്നാമതായി ഇവിടെ കേരളഭാഷ അഭിവൃദ്ധിപ്പെടുത്തുവാനും അടുത്തതായി ടെക്ക്നിക്കൽ വിദ്യാഭ്യാസം വർദ്ധിപ്പിക്കുവാനും ആണെന്നാണു്. എന്നാൽ ഇവിടെ മാതൃഭാഷാസംസ്കാരത്തിനായി ഇതുവരെ എന്താണു ചെയ്തിട്ടുള്ളതു്? അതിലേക്കു് ഇവർ ചെയ്തിട്ടുള്ളതു് മാതൃഭാഷ അറിയാൻ പാടില്ലാത്ത ഒരു വിദേശിയെ യൂണിവേഴ്സിററിയുടെ മേധാവി ആക്കിയിരിക്കുന്നു എന്നുള്ളതാണു്. അതുമാത്രമല്ല കഴിഞ്ഞ ബഡ്ജററെടുത്തു നോക്കിയാൽ ഇവിടെ ഒരു മലയാളി ലക്സിക്കൺ ഉണ്ടാക്കുന്നതിലേക്കായി എതാനും സംഖ്യ കൊള്ളിച്ചിട്ടുള്ളതായി കാണാം. അതിൻെറ സിംഹഭാഗം ലാപ്സായിപ്പോയി. എന്നാൽ അതിലേക്കു് ഈ വർഷത്തിൽ കഴിഞ്ഞ വർഷം അനുവദിച്ചിട്ടുള്ളിടത്തോളം തുക അനുവദിച്ചിട്ടില്ല. മാത്രമല്ല മാതൃഭാഷ സംസ്കരിക്കാൻ ഒരു വിദേശിയേയും നിയമിച്ചിരിക്കുന്നു.

<u>ശ്രീ. എ. കുഞ്ഞൻനാടാർ:</u> സർ രാമസ്വാമി മുതലിയാരുടെ മാതൃഭാഷ തമിഴാണെന്നും, തിരുവിതാംകൂറിൽ തമിഴ്ഭാഷ സംസാരിക്കുന്നവരുണ്ടെന്നും അറിയാമോ?

<u>ശ്രീ. പി. ഗോവിന്ദപ്പിള്ള:</u> ഇതേ സംബന്ധിച്ചു് കട്മോഷൻ വരുമ്പോൾ സംസാരിക്കാം.

ഇന്നു ചില കാളേജുകളിൽ ബി. എ്സു്. സി. സെക്കൻറ് ക്ലാസ്സ് പാസ്സായിട്ടുള്ളവർ ബി. എസ്സ്. സി-ക്കു് ക്ലാസ്സെടുക്കുന്നതായി ഒന്നുരണ്ടുദാഹരണങ്ങൾ പറയാൻ കഴിയും. ചില അദ്ധ്യാപകന്മാരുടെ സർട്ടിഫിക്കററ ചോദിച്ചാൽ അവർ അതു് ഹാജരാക്കുകയില്ല. അങ്ങനെയുള്ളവരെയും അദ്ധ്യാപകന്മാരായി നിയമിച്ചിട്ടുണ്ടു്. എന്നാൽ പരീക്ഷായോഗ്യതയുള്ളവർ കൂടുതൽ ശമ്പളം കിട്ടുന്ന അവസരത്തിൽ ഉദ്യോഗം ഒഴിഞ്ഞു മററ സ്ഥലങ്ങളിൽ പോവുകയും ചെയ്യും. ഇതു് അവക്കു് ഒരു ഫിക്സിററി ആഫ് ടെന്യൂവർ ഇല്ലാത്തതുകൊണ്ടാണു്. ഇതെല്ലാമാണു് ഇവിടെ വിദ്യാഭ്യാസത്തിൻെറ സ്റ്റാൻേർഡ് കുറയുന്നതിനുള്ള മുഖ്യകാരണങ്ങൾ. ഇതിനൊരു പരിഹാരം കാണാതെ പോലീസുകാരേയും പട്ടാളക്കാരേയും അയച്ചു് കാര്യങ്ങൾ നേരേ ആക്കാമെന്നു വിചാരിക്കുന്നതു് തീകച്ചും തെററാണു്. ഇവിടത്തെ വിദ്യാഭ്യാസമന്ത്രിയുടെ പോലീസ് നയവും ഇവിടത്തെ പോലീസുമന്ത്രിയുടെ വിദ്യാഭ്യാസനയവും കൊണ്ടു് ഇവിടുത്തെ വിദ്യാഭ്യാസത്തിൻെറ സ്റ്റാൻേർഡ് ഉയത്തുന്നതിനും അസ്വസ്ഥത ഇല്ലാതാക്കുന്നതിനും സാദ്ധ്യമല്ല.

വാസ്തവത്തിൽ യൂണിവേഴ്സിററിയിലെ സ്റ്റാൻറാർഡ് കുറയുന്നതിനുള്ള കാരണങ്ങൾ കുറേക്കൂടി കീഴ്പ്പോട്ടിറങ്ങി നോക്കേണ്ടതാണു്. അതിൻെറ ബീജങ്ങൾ സെക്കൻഡറിയും പ്രൈമറിയും ഘട്ടങ്ങളിൽ കിടക്കുന്നു. ഇന്നു നിലവിലുള്ള പ്രൈമറിവിദ്യാഭ്യാസവും, സെക്കൻഡറി വിദ്യാഭ്യാസവും വളരെ അധഃപതിച്ചിരിക്കുകയാണു്. (ബെൽ)

Shri K. Balakrishna Menon: Sir, the hon. Mr. Kesavan Nair paid a compliment to the hon. Finance Minister for boldness in presenting the present budget. I too will agree in a certain sense that he deserves this compliment because he certainly should have been a bold man to have come with a budget like this, especially in the light of the wigging that his party got in the general elections. At any rate, we on this side are not prepared to appreciate this sort of boldness. My friend, the hon. Member for Perumbavoor, who spoke before me stated that in a certain sense this budget is nothing but another modified form of demand for carrying on the day to day administration of the State. That is a fact. Those fundamental problems which I take it, is the duty of the administrators to solve, are still there. What has the Government attempted to do in regard to the solution of those problems? That is the major question before the House to consider at this stage.

Sir, yesterday to a question asked by my friend Mr. C. Achyutha Menon regarding the number of lepers in the State, the Public Health Minister was pleased to state that the figure stood somewhere at 50,000. To another question asked by the hon. Mr. Gangadharan regarding the number of beggars in the State, luckily for us, the Minister for Local Self-Government was not in a position to oblige us with an answer. I am sure if only he had taken the pains to collect the figures and had condescended to place them before the House, that would certainly have been a staggering figure. Add to this those who are sick, those who are capable of doing work but for want of work are now wasting their time, old people and children. Think of the overall picture of all such sections of society which constitute the majority. I ask the hon. Ministers of the Treasury Bench—what solace, what consolation could they find in the budget that is presented before the House. No doubt, Sir, the hon. Minister may point out that specially because of the efforts of the Government a lump sum provision of Rs. 2,50,000 has been provided for leprosy relief. I personally am against such making of a lump sum provision because when once this House sanctions it, it is up to the Heads of Departments to squander away the sums so sanctioned by this House, without regard to the necessities. Yet, making allowance for that, page 968 of the budget would show that only a sum of Rs. 5,000 or so has been provided for leprosy relief as such in the hospitals. There is also a grant for the treatment of poor patients which is Rs. 7,500. That is significant, Rs. 7,500 for treatment of poor; Sir, I could very well appreciate the Finance Minister and compliment him--to borrow an idiomatic phrase if only he had been in a position to catch the bull by the horn *i. e* grapple the necessity and rise up to the occasion. If he had then sought our co-operation for those bold steps, we on this side would have been only too glad to extend our hand of co-operation. But to perpetuate this sort of society, this sort of iniquity, this sort of hardship and injustice by budgets like this we on this side of the opposition are certainly not prepared to co-operate. But, Sir, the solution of these fundamental problems

is a big thing. The big things requires a big heart and a big brain and if the Treasury Bench could not solve any of these problems, I am not inclined to chastise them for that. Let things go. But what justification is there for the Treasury Bench in their failure to do those elementary, absolutely necessary things for the eradication of bribery, corruption, nepotism and favouritism which are rampant in the services of the State today and which do not require any imagination or bigness of heart or brain? Instance, after instance come to my recollection of petitions against police officers for bribery, put in, not months before but years before, where C. I. D. Officers have conducted enquiries and reports submitted; but with no action taken. I do not know, Sir, how the House would view it when I say, that in one particular instance from Mulloorkara where some of the 200 persons approached me and wanted to put in a petition against a field officer there for corruption and I put it to them, "Unless you yourselves subscribe your signatures to the petition, I for one am not going to enter into the affair" and when they did enter their signature, the petition was sent up with a covering letter. Could you imagine when I say, that very same petition was handed over to the very same officer for enquiry? The petition was then taken over to me and he put it to me: "Well, Sir, what shall I do? and I said, "I am not competent to advise you." These things, at any rate, could have been looked into by the Government. They have not done so. I am prepared even to condone these omissions and commissions on the part of Government, but what will you think of instances where poor Government servants who subsist on pittance of Rs. 25 a month or so come and make complaints of not getting their pay for months. I wonder is there a Government going on? Shall we be justified in saying that there is a Government here? It is no euphemism or platitude in which I am indulging. If the hon. Minister wants to take note of what I say, I would give a concrete instance. It is a case of a woman sub-jail warder at Wadakkancherry who did not receive her pay for about three months. She approached the Sub-Magistrate there for some sort of pecuniary aid which he was in the habit of giving for such contingencies. She came and complained to me; and I wrote a letter to the then Chief Secretary. Of course, he had the courtesy to reply to the effect that he was going to look into the matter but there he stopped; and nothing was heard of then. Now, I am sorry I did not bring here a letter that has been sent to me by one of the men who happened to retire from Government service a couple of months before and who is still not getting a pie of the amount which was due to him. It would have been worth the while, and interesting for this House to read that letter here, and hear the tone and tempo thereof. Unfortunately, I had not brought it along with me.

Now, Sir, if these little things could not be looked into, if this Government are not capable of obliging the people in regard to these small, little matters,—little though they are, they go a great way for subsistence—I ask, is there any good in our discussing things here? I am glad the Minister said at the time of

[Shri K. Balakrishna Menon.]

presentation of the budget and during his reply that it was all a piece of conventional formality and that these formalities are like conventional formalities which we find in the structural composition of classical poetry. I would say it will not be out of place if we characterize it as a classical farce. (*Opposition applause.*) Only thing is it is a farce which bleeds the people rather than give them any enjoyment.

In regard to one of the points mooted by the hon. Mr. Kesavan Nair, that is, in regard to our co-operation in the matter of putting up a united fight against the Central Government, it is strange that this wisdom has dawned upon his party only now. The Treasury Bench did not have the courtesy to ask for the co-operation of the Opposition Members just before they met the Finance Commission. I know what the hon. Finance Minister has in mind now to say. It is true that a letter had been sent up to my leader which was received only the day before the meeting. I could only put it : it was only another example of the classical formality. I heard from Mr. Achyutha Menon that no such letter had been sent up to the leader of the United Front, Mr. T. V. Thomas. Let all that go. Now, we could assure you, Sir, that on these matters, there will be absolutely no difference between you and us, but you have only to do one thing. You have to do the right thing at the right time, and seek our co-operation. I would conclude my speech by only making one statement to the Ministers. In all constructive things, in anything which is for the real good of the people, however revolutionary it may be, and whatever the consequences it may entail, if you require the co-operation of the opposition, or at any rate this side of the opposition, *i. e.* the Socialist Party—I promise to give you that but with the condition precedent that it should be for the good of the people, for the real good of the people. I have done.

ശ്രീ. ജോസഫ് വാഴപ്പിള്ളി: സർ, ഈ ബഡ്ജററിനെപ്പററിയുള്ള ഗുണദോഷം വിചിന്തനം ചെയ്യുന്നതിനുമുമ്പു പ്രതിപക്ഷത്തു നിന്നും ഈ സഭയെ തെററിധരിപ്പിക്കുവാൻ പര്യാപ്തമായ വിവരങ്ങൾ പറഞ്ഞതിന്റെ വിശദാംശങ്ങളിലേയ്ക്കു് ഞാൻ ആദ്യമായി പ്രവേശിക്കണമെന്നു് ഉദ്ദേശിക്കുന്നു. എന്റെ സ്നേഹിതൻ തൃശ്ശൂർ മെംബർ ശ്രീ. സി. അച്ചുതമേനോൻ ഇവിടെ വളരെ, വീറോടെ പ്രസ്താവിക്കുകയുണ്ടായി, ഈ ബഡ്ജററിൽ കാണിച്ചിരിക്കുന്ന ചെലവിന്റെ ൯൦ ശതമാനം 'ഓബ്ലിഗേററി എക്സ്പെൻസി'നുവേണ്ടി ചെലവാക്കിയിരിക്കുകയാണെന്നു്. ഈ വസ്തുതയെ ഞാനും സമ്മതിക്കുന്നു. എന്നാൽ അദ്ദേഹം പറഞ്ഞതുപോലെ ഓബ്ലിഗേററി എക്സ്പെൻസ് അഥവാ ബഡ്ജററിലെ ൯൦ ശതമാനം തിരുവിതാംകൂറിലേയും കൊച്ചിയിലേയും മഹാരാജാക്കന്മാർക്കു കൊടുക്കുന്ന രാഷ്ട്രീയപ്പെൻഷൻ ആണെന്നു പറഞ്ഞതിനോടു് എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. അദ്ദേഹം ഈ ഓബ്ലിഗേററി എക്സ്പെൻസിനെപ്പററിയുള്ള വിവരങ്ങൾ ഇപ്പോഴത്തെ ചീഫ്മന്ത്രി, ധനകാര്യമന്ത്രിയായിരുന്നപ്പോൾ അതായതു്, ൧൧൨൫-൨൬ൽ അവതരിപ്പിച്ച ബഡ്ജററു പ്രസംഗത്തിൽനിന്നു എടു

ത്തതാണെന്നു പറയുകയുണ്ടായി. ആ ബഡ്ജററ പ്രസംഗം ഞാനും വായിച്ചിട്ടുണ്ട്. എന്നാൽ അതിൽ പറഞ്ഞിരിക്കുന്നതു് സംസ്ഥാനത്തിന്റെ വരവിൽ ൨൦ ശതമാനത്തോളം വരുന്ന കാഷ്വിമേററി എക്സ്പെൻസിൽ ഉൾപ്പെടുന്നതായ വേറെ പല ചെലവുകളും ഉണ്ടെന്നാണു്. തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറുകൾ ൧൯൫൬-ലും ൧൯൫൪-ലും മററും മടക്കിക്കൊടുക്കേണ്ട കടപ്പത്രങ്ങളുടെ പലിശ വകയുള്ള സംഖ്യകളും ഗവണ്മെൻറ സർവ്വീസിൽനിന്നു പിരിയുന്ന ഉദ്യോഗസ്ഥന്മാക്കുള്ള പെൻഷൻ സംഖ്യകളും വേറെ അതുപോലെയുള്ള മററ സംഖ്യകളും ഉൾപ്പെടുമെന്നുള്ളതാണു്. എന്റെ സ്നേഹിതൻ ശ്രീ. അച്യുതമേനോനും അദ്ദേഹം ഉൾക്കൊള്ളുന്ന പാർട്ടിയും ഈ വക ചെലവുകൾ വെണ്ടെന്നു പറയുകയില്ലെന്നാണ് എന്റെ വിശ്വാസം. ഇതെല്ലാം കഴിച്ചാൽ തിരുവിതാംകൂർ-കൊച്ചി മഹാരാജാക്കന്മാക്കുള്ള പൊളിററിക്കൽ പെൻഷൻ സംസ്ഥാനത്തിലെ മൊത്തവരവിന്റെ വളരെവളരെ ചെറുതായ ഒരു ശതമാനം മാത്രമേ വരികയുള്ളുവെന്നു ഈ സഭ മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മെംബർ ശ്രീ. അച്യുതമേനോനും, ഈ സഭയുടെ ഡെപ്യൂട്ടി നേതാവും ഇവിടെ പറയുകണ്ടായി ഈ ബഡ്ജററ് ദിവാൻഭരണകാലത്തുണ്ടായിരുന്ന ബഡ്ജററുകളുമായി യാതൊരു വ്യത്യാസവുമില്ല എന്നു്. ഒരു ബഡ്ജററിന്റെ മെച്ചം സ്ഥിതിചെയ്യുന്നതു്, പ്രധാനമായി നികുതിദായകന്മാരായ ജനങ്ങൾക്കു സൗകര്യങ്ങളും സുഖവും ഉണ്ടാകുന്നതിനുതകുന്ന പ്രവൃത്തികളെ ചെയ്യിക്കുന്നതിനുള്ള പണം കൊള്ളിക്കുന്നതിലാണു്. അതായതു്, രാഷ്ട്രനിമ്മാണപദ്ധതികൾക്കും, വികസനപദ്ധതികൾക്കും എത്രകണ്ടു സംഖ്യകൊള്ളിച്ചിട്ടുണ്ടെന്നുള്ള കാര്യത്തിലാണു്. മെംബർമാരുടെ മുമ്പിൽ ഞാനും മുമ്പു വച്ചിരിക്കുന്നതായ കഴിഞ്ഞ ൨൫ കൊല്ലക്കാലത്തെ ബഡ്ജററുകളിൽ ഈ വക പദ്ധതികൾക്കു ഉൾക്കൊള്ളിച്ചിരുന്നതായ വകകളുടെ ഒരു സംക്ഷിപ്തവിവരത്തെ കാണിക്കുന്നു. ഈ കണക്കു പട്ടിക വച്ചുനോക്കുന്ന പക്ഷം ഈ കഴിഞ്ഞ ൨൫ കൊല്ലത്തിനുള്ളിൽ രാഷ്ട്രനിർമ്മാണപദ്ധതികൾക്കു ഒരിക്കലും ഇത്രയും സംഖ്യ കൊള്ളിച്ചിട്ടില്ല. ഒരു പക്ഷേ എന്റെ സ്നേഹിതന്മാർ പറയുമായിരിക്കാം, അതിനു് ഇക്കൊല്ലം വരവും കൂടി എന്നു്. ഇതിനു നമുക്കു മൊത്തം വരവിന്റെ എത്ര ശതമാനമാണ് രാഷ്ട്രനിമ്മാണപദ്ധതികൾക്കു ചെലവാക്കിയതെന്നു നോക്കുന്നപക്ഷം ഈ ആക്ഷേപം തീരുന്നതാണു്. ൧൧൧൫, ൧൧൧൬, ൧൧൧൭, ൧൧൧൮, ൧൧൧൯, ൧൧൨൦ ഈ കൊല്ലങ്ങളിൽ,—ദിവാൻഭരണം നടന്നിരുന്ന ഈ കൊല്ലങ്ങളിൽ—രാഷ്ട്രനിമ്മാണപദ്ധതികൾക്ക് ൪൦, ൪൨ ശതമാനം മാത്രമേ വക കൊള്ളിച്ചിട്ടുള്ളു. എന്നാൽ ഇക്കൊല്ലം അതു ൬൫ ശതമാനമായി ഉയന്നിട്ടുണ്ടെന്നുള്ള വസ്തുത എന്റെ സ്നേഹിതന്മാരും സമ്മതിക്കുന്നതാണു്. ഒരു പക്ഷെ വേണമെങ്കിൽ ഇക്കൊല്ലത്തെ ബഡ്ജററ പുസ്തകത്തിന്റെ വലിപ്പവും, അതിന്റെ പുറംചട്ടയുടെ നിറവും ദിവാൻഭരണകാലത്തുണ്ടാക്കപ്പെട്ടിട്ടുള്ള ബഡ്ജററ പുസ്തകങ്ങളോടു യോജിപ്പുണ്ടായിരിക്കാം. എന്തായാലും ആ കായ്യം ഞാൻ അത്ര സൂക്ഷിച്ചുനോക്കിയിട്ടില്ല.

മറെറാരു കായ്യം എതിർപക്ഷത്തുനിന്നും സ്വപക്ഷത്തുനിന്നും പറഞ്ഞിട്ടുള്ളതു് ബഡ്ജററ എസ്റ്റിമേററുകളുടെ കായ്യത്തിലാണു്. നാലുമാസം

[ശ്രീ. ജോസഫ് വാഴപ്പിള്ളി]

മുമ്പു ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റവിട്ടു ഇപ്പോൾ ൫൦ ലക്ഷം രൂപാ കൂടുതൽ വരവു പ്രതീക്ഷിക്കുന്നതായി കാണിച്ചിട്ടുണ്ടെന്നും ഈ പ്രതീക്ഷ എങ്ങിനെയാണ് ഈ നാലുമാസത്തിനുള്ളിൽ ഉണ്ടായിട്ടുള്ളതെന്നും ആയതിനു കാരണങ്ങളില്ലാത്ത സ്ഥിതിക്ക് ഈ സംഖ്യകൾ വിശ്വസനീയമല്ലെന്നും പ്രതിപക്ഷത്തുനിന്നും സ്വപക്ഷത്തുനിന്നും ഏതാനും മെംബർമാർ ഇവിടെ ഒരു വാദഗതി ഉന്നയിച്ചിട്ടുണ്ടായിരുന്നു. എനിക്കു ഇതു കേട്ടപ്പോൾ വളരെ ആശ്ചര്യമാണു തോന്നിയതു്. ൧൭ കോടിയോളം ആകെ വരവു പ്രതീക്ഷിക്കുന്ന ഒരു ബഡ്ജറ്റിൽ കഴിഞ്ഞ കൊല്ലത്തെ ആക്ച്വൽസിനെ ആസ്പദമാക്കി ആ വക ആക്ച്വൽസ് ലഭിക്കുവാൻ കഴിവുള്ള കാലമായ ഈ നാലുമാസത്തിനിടയിൽ വെറും ൫൦ ലക്ഷം രൂപയുടെ വ്യത്യാസം വരികയെന്നു വച്ചാൽ ആയതു ഒരു വലിയ വ്യത്യാസമാണോ? ബഡ്ജറ്റു മെമ്മോറാണ്ടം ൨൫-ാം പേജിലേയ്ക്കു് ഒന്നു നോക്കുന്നപക്ഷം ഇതിന്റെ ഏറെക്കുറെ വിവരം ലഭിക്കുന്നതാണ്. അതിൽ മോട്ടാർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട് അനുസരിച്ചു പിരിയുന്ന വരവു കാണിച്ചിട്ടുണ്ടു്. അതിൽ നമുക്കു കാണുവാൻ സാധിക്കും ൫൧-൫൨-ലെ ബഡ്ജറ്റു എസ്റ്റിമേറ്റ് ൪൧.൨൫ ലക്ഷം രൂപയാണെന്നു്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ൬൦ ലക്ഷം രൂപയായി ഉയർന്നിട്ടുണ്ടു്. ഈ റിവൈസ്ഡ് എസ്റ്റിമേറ്റ് ആസ്പദമാക്കിയാണ് ൫൨-൫൩-ലെ ബഡ്ജറ്റ് ഉണ്ടാക്കിയിരിക്കുന്നതു്. ന്യായമായി അതിൽ പ്രതീക്ഷിക്കാവുന്ന ൬൦ ലക്ഷം രൂപായിൽ രണ്ടേകാൽ ലക്ഷം രൂപാ 'ഇൻഡ്യൻ വെഹിക്കിൾസ് ടാക്സേഷൻ ബിൽ' നിയമമാക്കുന്നപക്ഷം വരാവുന്ന കുറവിനായി നീക്കംചെയ്തു് ൫൭.൭൫ ലക്ഷം ബഡ്ജറ്റ് എസ്റ്റിമേറ്റായി കാണിച്ചു. എന്നാൽ ഈ ഗവണ്മെന്റ ചാർജ്ജെടുത്തു ശ്രീ. കളത്തിൽ വേലായുധൻ നായർ ട്രാൻസ്പോർട്ടു മന്ത്രിയായശേഷം സംസ്ഥാനത്തു എല്ലായിടത്തും കർശനമായി ഓവർലോഡ് നിയന്ത്രിക്കുകയും, അനവധി മോട്ടാറുകൾ കൂടുതൽ ഓടിച്ചുതുടങ്ങുകയും ചെയ്തിട്ടുണ്ടു്. ഇതിൽ ലഭിക്കുന്ന വരവുകളെ കഴിഞ്ഞ ബഡ്ജറ്റുണ്ടാക്കിയ അവസരത്തിൽ പ്രതീക്ഷിക്കുവാൻ നിവൃത്തിയില്ലാത്തതാണ്. അതുകൊണ്ടാണ് ഈ റിവൈസ്ഡ് ബഡ്ജറ്റിൽ ഈ ഇനത്തിൽ ൧൦ ലക്ഷം രൂപാ കൂടുതൽ പ്രതീക്ഷിക്കുന്നതു്. ഇതുപോലെ മററു ഇനങ്ങളും എടുത്തു നോക്കുന്നപക്ഷം ഈ ബഡ്ജറ്റിൽ വിശ്വസനീയമല്ലാത്തതായാതൊന്നും തന്നെ കാണുകയില്ല.

എന്നാൽ ഞാൻ ഇതുകൊണ്ടു ധനകാര്യമന്ത്രിയെ പുകഴ്ത്തുന്നതിനൊ അനുമോദിക്കുന്നതിനൊ തയ്യാറില്ല. ഈ നാട്ടിൽ ഏററവും വലിയ പ്രശ്നം തൊഴിലില്ലായ്മയാണ്. ഇതു നീക്കംചെയ്യുന്നതിനു് എന്തു നടപടിയാണ് ഈ ഗവണ്മെന്റ് എടുത്തിട്ടുള്ളതു്? അവിടവിടെ കുറേ ഫാക്ടറികൾ ഉണ്ടായതുകൊണ്ടു് ഈ നാട്ടിലെ തൊഴിലില്ലായ്മ ഒരു ചെറിയ ശതമാനംപോലും കുറയുകയില്ല. കുടിൽവ്യവസായം ഒന്നുകൊണ്ടു മാത്രമെ ഇവിടത്തെ വർദ്ധിച്ച തൊഴിലില്ലാത്തവർക്കു് തൊഴിൽ കൊടുക്കുവാൻ നിവൃത്തിയുള്ളൂ. പക്ഷെ ഇവിടെ ഒരു കുടിൽവ്യവസായ കമ്മിററി രൂപീകരിച്ചു. റിപ്പോർട്ട് വാങ്ങി. അതങ്ങിനെ സെക്രട്ടറിയേററുദ്യോഗസ്ഥന്മാരുടെ ക്ലിക്കുകളിൽപ്പെട്ടു കിടക്കുകയാണ്. ഇവിടത്തെ

ഗവണ്മെൻറിനു ഈ കാര്യത്തിൽ യാതൊരു ശ്രദ്ധയും ഇല്ല എന്നു പറയേണ്ടിവന്നതിൽ ഖേദിക്കുന്നു.

മറെറാരു സംഗതി എനിക്കു പറയുവാനുള്ളതു് ഇവിടത്തെ കമ്മ്യൂണിററി പ്രോജക്ററുകളെക്കുറിച്ചാണു്. ഈ ബഡ്ജററിൽ ൧൧ ലക്ഷം രൂപയോളം വക കൊള്ളിച്ചിട്ടുണ്ടെങ്കിലും അതു് എങ്ങിനെയാണു നടത്തുന്നതെന്നും ഈ സംസ്ഥാനത്തെ ജനങ്ങൾക്കു അതു എങ്ങിനെ നടത്തിയാലാണു് മെച്ചം കിട്ടുന്നതെന്നും ആലോചിച്ചിട്ടില്ലെന്നു തോന്നുന്നു.

മറെറാരു കാര്യം എനിക്കു പറയുവാനുള്ളതു് ഇവിടത്തെ റെഡ്ടേപ്പിസത്തെപ്പററിയാണു്. എത്ര കണ്ടു് ഈ കാര്യം ഭേദപ്പെട്ടിട്ടുണ്ടെന്നു ചീഫ്മന്ത്രി പറഞ്ഞാലും ഒരു കടലാസ്സ് അയച്ചു കഴിഞ്ഞാൽ അതു അങ്ങു പോയപോലെ പോകുകയാണു ചെയ്യുന്നതു്. ഇതു വളരെ കഷ്ടമാണു്. കൈക്കൂലിയുടെ കാര്യവും ഇതുതന്നെ. ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ നിറുത്തൽ ചെയ്യേണ്ടതിനു കാര്യമായി ഒന്നും ചെയ്തിട്ടില്ല. ഈ കാര്യത്തിൽ ഗവണ്മെൻറിൻെറ സത്വരശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

Shri M. M. Abdul Khader : Sir, I rise to denounce this budget; I denounce this budget not because on its accounting aspect it shows a deficit. We know the traditional idea of surplus budgets as the *sine qua non* of economic stability has long become obsolete with Finance Ministers like ours. Our Finance Minister can also in the traditional way of Congress Government hold forth this deficit against all popular clamour for doing popular betterment. Sir, if we are to start from the tremendous economic requirements of the people, if we are to start from the enormity of the economic demands of the State, then this budget is ever so disappointing as the predecessor budgets of the Congress Government. We are not surprised at this because we on this side know what interests the party in power subserves not only here but in the all-India set up as well. Of course, the Finance Minister last time told us that he has modelled his budget on the previous years, simply because he had not the time to prepare a budget which would do credit to himself as well as to his party. But now we are told that the budget he has framed had not received the consent of the Central Government. This is the state of affairs to which the party in power has reduced this country.

Perhaps it has occurred now to the Finance Minister all too late that the difference between Part A and Part B States in the Constitution of India is very different from what he as a Congressman had persuaded himself to believe. In this context, in the context of our relationship with the Centre, I may most unreservedly join with my friend of the Socialist Party in endorsing the suggestion made by the friend on the Congress side that we should all co-operate to face the Centre in respect of financial integration. But, at the same time, he should also ask his party men, the leaders of his party to remember how shabbily the members of the Opposition were treated when the Finance Commission visited this State. Perhaps they thought that if the members of the Opposition were to meet them, if comrade T. V. Thomas or

[Shri M. M. Abdul Khader]

comrade Govindan Nair were to meet them, the dirty linen of the Congress Party would be exposed and the surrender that they have made of the economic interests of this State would be exposed and that the freedom for budgeting which these people have bartered away would come to public light. And now, to the Finance Minister and the members of the Congress Party, who are so profuse in their claims that they are building a Welfare State, I ask, is there a progressive system of taxation envisaged in this budget; how much does Agricultural Income Tax yield? According to the budget estimates it amounts to only Rs. 70 lakhs. In a country like ours, we know that Agricultural Income Tax could be made to yield much more than this. Have we got here Estate Duty or Death Duties which are all considered even by classical capitalistic economists as progressive ways of taxation. Certainly not. If the Finance Minister were to proceed like this, we on this side of the House know that he will very soon go the way he went, when he brought certain reforms in the Education system which certain sections of the people considered to be tampering with their close preserves. In the budget estimates under Stamps, my friend from the Congress party himself pointed out that there is an excess estimate of about Rs. 5 lakhs, and that such an increase in taxation would be a heavy burden on the litigant public, but I approach the problem from a different angle. What are the data on which this is based. That there would be more civil suits, more mortgages and more sales by the middle classes of their properties; that the middle classes in this State are in the direct economic plight, that they are heading towards bankruptcy—are not these the assumptions? It is a shame on the Congress party that they should try to cash on the ruin that is threatening the middle classes, instead of devising ways and means of preventing that ruin. But, Sir, the middle classes are wide awake. They will soon overwhelm not only the Finance Minister, but his party as well.

On a glance on the list of assets and liabiities, I find that useful funds such as the Irrigation Fund, the Postwar Services Reconstruction Fund, the Revenue Reserve Fund, the Grow More Food Fund, and so on, have not received any further allotment this year. On the contrary. the Postwar Reconstruction Fund actually loses about Rs. 70 lakhs.

Sir, under the head Assets Producing Revenue, we find share capital in industrial concerns—Rs. 534 lakhs. Just below that again, I find under Other Heads Shares in industrial concerns the amount of Rs. 102 lakhs. Are these shares amounting to more than a crore of rupees merely shares in companies in the process of being wound up? Hon. Members must be aware that such companies as the FACT and FIT are on their last legs. These shares worth nearly three crores and invested in such companies are, of course, in the first catagory.

Looking at the budget estimates not only of this year, but of the previous years, one would be convinced how false and

misleading, how very unimaginative are the calculations made by the Finance Ministers. The budget estimate for 1950-51 showed a deficit of Rs. 36 lakhs and under the revised estimates, there was a surplus of Rs. 125 lakhs, the difference being Rs. 150 lakhs. Again in 1951-52 under the original estimates, there was a deficit of Rs. 4·11 lakhs and under the revised estimates the amount was Rs. 149·64 lakhs, the difference being thus nearly 140 lakhs. This budget underwent a transformation from a surplus budget to a deficit one and what further transformation it will again undergo, I do not venture to predict.

The Finance Minister and the members of the Government party are prolific in their clamour about the funds set apart for what they call the nation-building activities. A perusal of part II of the budget would show that all these schemes, or almost all of them, are merely continuations of the old schemes and whatever new schemes there are, are merely such trifles as building a compound wall to some small Government office. The friend who spoke before me tried to meet the arguments of Comrade Atchyutha Menon stating that the obligatory expenses would include the allowances made to the Rajpramukh. But besides these allowances granted to the Rajpramukh the establishment and other charges take more than 30 per cent of the revenues. Certainly this is not the way the party is going to build a welfare state in this country.

Then again, Sir, see how the natural resources of our country are being harnessed by this Congress Government. The agricultural wealth of the country remains untapped. I do not propose to go into that question in detail.

I would like to say a word about the appointments in Government services. In regard to the promotions in the Government service, nepotism and favouritism are the order of the day. We are here presided over by persons who cannot see beyond, who cannot conceive beyond the Marthoma Community, the Catholic Community, the Nair Community. And in this clash of communal loyalties of the ministers, invariably it is the officers of the minority communities who have neither voice nor representation in the Government, who suffer. The Muslim community in this State is an instance in point. The Muslim officers here have been robbed of their rights of promotions. Whenever a Minister wants to fill a post, whether it is the High Court or the Magisterial services or the Registration Department, this is the plight in which many of the officers belonging to the Muslim community find themselves. I hope, Sir, that this appeal of mine will not be mere waste of breath.

Before I conclude, I must raise my voice of protest against Police zoolum that has been enacted in Alwaye and the insensate brutish butchery that has taken place in Pasumalai. If these are the ways in which the ministers are going to meet the problems of the people, if van-loads of the Police are going to be sent to the colleges against students clamouring for cheaper education, we on this side of the House cannot but denounce that policy.

Mr. Speaker: Order, order. I have to make an announcement.

ധനാഭ്യർത്ഥനകൾ ചർച്ചചെയ്തു വോട്ടുചെയ്യുന്നതിനു കൂടുതൽ ദിവസങ്ങൾ അനുവദിക്കണമെന്നു സഭയുടെപ്രതിപക്ഷനേതാവു ആവശ്യപ്പെട്ടതനുസരിച്ച് ഇതിലേയ്ക്കു ൧൦ ദിവസം അനുവദിച്ചിരിക്കുന്നു. ഈ ഭേദഗതി ഉൾപ്പെടുത്തി ഒരു റിവൈസ്ഡ് അജൻഡാ ബഹുമാനപ്പെട്ട അംഗങ്ങൾക്ക വിതരണം ചെയ്യുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. ധനാഭ്യർത്ഥനകൾ താഴെ പറയുന്ന ക്രമത്തിൽ ചർച്ചയ്ക്കു എടുക്കുന്നതാണ്.*

1. XXXII Extraordinary charges
2. XV Police
3. IX Heads of States, Ministers and Head-quarters staff
4. XVIII Education
5. XXVI Labour and Miscellaneous
6. II Land Revenue
7. I Agricultural Income Tax and Sales Tax
8. XXVII Civil Works
9. XXXVI Capital Outlay on Industrial Development
10. XXV Industries
11. XIX Medical
12. XXII Rural Development
13. XXXIII Transport Schemes
14. XXXI Miscellaneous
15. XXI Agriculture
16. XX Public Health
17. III Excise

ഇതിൽ ആദ്യത്തെ മൂന്നു ധനാഭ്യർത്ഥനകൾക്കും ഓരോ ദിവസം വീതവും ബാക്കിയുള്ളവകൾക്ക പകുതിദിവസംവീതവും എടുക്കാവുന്നതാണ്.

ധനാഭ്യർത്ഥനകളുടെ ചർച്ച ജൂലൈ ൭-ാംനു തുടങ്ങുമെന്നുള്ളതിനാൽ ആദ്യത്തെ ധനാഭ്യർത്ഥനയെ സംബന്ധിച്ചുള്ള കട്ട്മോഷൻസിനു നോട്ടീസുകൾ ൪-ാംനു വെള്ളിയാഴ്ച വൈകുന്നേരം മൂന്നുമണിക്കുമുമ്പ് സിക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്.

Shri E. P. Varghese: Is it not enough if cut motions are sent to the office two days prior to that on which the demand comes.?

Mr. Speaker: Exactly. According to my statement the cut motions on the Demands to be taken up on Monday must be given to the Secretary before 4 o' clock on Friday.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: സർ, ഒരു പായിൻറ് ഓഫ് ഇൻഫർമേഷൻ. ഇപ്പോൾ വായിച്ച ലിസ്റ്റനുസരിച്ച് ആദ്യത്തെ മൂന്നു

* Please see full list, Appendix II.

ദിവസങ്ങളിൽ ഓരോ ഡിമാൻറും ബാക്കിയുള്ള ഏഴുദിവസങ്ങളിൽ മററുള്ള ഡിമാൻറുകളും ചർച്ചാവിഷയമാക്കുന്നതാണെന്നു പ്രസ്താവിച്ചു. മററുള്ള എല്ലാ ഡിമാൻറുകളുടേയും ചർച്ച ഈ ഏഴുദിവസംകൊണ്ടു തീർന്നില്ലെങ്കിൽ ബാക്കിയുള്ള ഡിമാൻഡിനെപ്പററി ചർച്ചചെയ്യേണ്ടെന്നാണോ പറയുന്നതു് ?

Mr. Speaker : On the last day of the days allotted for passing the budget, at 5 p. m., I have to put to the House every question necessary to dispose of all the outstanding Demands. The programme has been fixed in consultation with the Leader of the House who agreed with the suggestion made by the Leader of the Opposition. Therefore there is no need for any further discussion on that matter.

[3 P. M.]

ശ്രീ. എൻ. രാജഗോപാലൻനായർ : സർ, കഴിഞ്ഞ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജററ നാലരലക്ഷം രൂപയുടെ ഒരു മിച്ചബഡ്ജററായിരുന്നു. എന്നാൽ ഇന്നു് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു ഏഴു ലക്ഷത്തിൽപരം രൂപയുടെ ഒരു കമ്മി ബഡ്ജററാണു്. ഒരു കമ്മി ബഡ്ജററ അവതരിപ്പിക്കാൻതക്കവണ്ണമുള്ള ഒരു വ്യത്യസ്ത പദ്ധതി ഇതിൽ ഉണ്ടാക്കിയിട്ടുമില്ല. എന്നാൽ ഈ സഭയുടെ ഘടനയിൽ ചില വ്യത്യാസങ്ങൾ വന്നിട്ടുണ്ടു്. അന്നു വോട്ടു് ഓൺ അക്കൌണ്ട്സിൻെറ ചർച്ചാവേളയിൽ 'ഇന്ത ബഡ്ജററിൽ മക്കളുക്കു എന്നായിരുക്കു'' എന്നു ചോദിച്ച എൻെറ മാന്യതമിഴ്നാട്ടു സ്നേഹിതൻ, ഇപ്പോൾ ട്രഷറിബെഞ്ചിൽ ധനകാര്യമന്ത്രിയുടെ അടുത്തിരുന്നുകൊണ്ടു് 'ഇന്ത ബഡ്ജററ താൻ മക്കളുടയ ബഡ്ജററ'' എന്നു പറയുന്ന ദയനീയമായ കാഴ്ചയാണു കാണാൻ കഴിയുന്നതു്. സർ, ഈ ബഡ്ജററിനെപ്പററി വിമർശിക്കുമ്പോൾ നമ്മുടെ ഗവമെൻറിൻെറ സാമ്പത്തികഭദ്രതയെക്കുറിച്ചുകൂടി നോക്കേണ്ടതാണു്. ൩൩ കോടി രൂപയുടെ ലയബിലിററീസും, ൪൩ കോടിരൂപയുടെ അസററ്സും ഉണ്ടെന്നു കാണുന്നുവെങ്കിലും നമ്മുടെ ക്യാഷ്ബാലൻസ് ക്രമേണ കുറഞ്ഞുവരുന്നതായിട്ടാണു കാണുന്നതു്. ഗവമെൻറ സെക്യൂരിട്ടിയിൽനിന്നു് പലിശ ഇനത്തിലുള്ള വരവു് ൨൧ ലക്ഷത്തിൽനിന്നും ൫൧ ലക്ഷമായി കുറയുകയും ചെയ്തിരിക്കുന്നു. ബാങ്കു് ബാലൻസിൽനിന്നുള്ള വരവു് ൪ ലക്ഷത്തിൽനിന്നും ൨ ലക്ഷമായി കുറഞ്ഞിരിക്കുന്നു. അതിൻെറ അർത്ഥം നമ്മുടെ ഗവമെൻറ വസ്തുക്കൾ പിൻവലിച്ചിരിക്കുന്നു എന്നാണു്. എന്തിനാണു് പിൻവലിച്ചിട്ടുള്ളതു് എന്നു വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല ഗവമെൻറിൻെറ അസററ്സിനെപ്പററി വ്യക്തമായ ഒരന്വേഷണംകൂടി നമുക്കു് ആവശ്യമാണു്. യാഥാർത്ഥ്യങ്ങളെ മറച്ചുവച്ചിരിക്കുന്ന ഈ ബഡ്ജററു് പൊതുജനങ്ങളുടെ ജീവിതാവശ്യങ്ങളുടെ നേരെ കാൺഗ്രസ്സു് ഗവമെൻറു് ചൂണ്ടിയിരിക്കുന്ന ഒരു നിറതോക്കാണു്. പ്രധാനപ്പെട്ട വരവിനങ്ങളിൽനിന്നു് ഈ വർഷം കൂടുതൽ തുക പ്രതീക്ഷിച്ചുകാണുന്നു. ആദായനികുതിയിനത്തിൽ മുൻ ബഡ്ജററിൽ ൧൭ ലക്ഷമായിരുന്നതു് ഈ ബഡ്ജററിൽ ൨൫ ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ടു്. ഉല്പന്നങ്ങളുടെ വിലയിടിവും വ്യവസായമാന്ദ്യവും നിമിത്തം എക്സൈസ്, സെയിൽസ് ടാക്സ്, എന്തിനു് എല്ലാ വരവിനങ്ങളിൽനിന്നും സാരമായ കുറവു സംഭ

[ശ്രീ. എൻ. രാജഗോപാലൻനായർ]

വിക്കാനാണ് ഇടയുള്ളതു്. എന്നാൽ ൧൯൫൦-൫൧-ൽ എസ്. ടി. യിൽ നിന്നും ൨,൦൩,൦൦,൦൦൦ രൂപാ കിട്ടിയിട്ടുണ്ടെന്നു ധനകാര്യ മന്ത്രി അഭിമാനിക്കുന്നുണ്ടായിരിക്കാം. പക്ഷെ ൧൯൫൨-൫൩-ലെ കാര്യംകൂടി ഓർമ്മിക്കേണ്ടതായിട്ടുണ്ട്. മുൻപു സ്റ്റേറ്റുകൾ തമ്മിലുണ്ടായിരുന്ന ഇടപാടുകൾക്കും കയററുമതി സാധനങ്ങൾക്കും നമുക്കു നികുതി ചുമത്താനുള്ള അധികാരമുണ്ടായിരുന്നു. ഇന്നാകട്ടെ ആ വകയിൽനിന്നും യാതൊരാദായവും വഴിയില്ലാതിരിക്കുകയാണ്. ഇതൊന്നും കൂടാതെ ജനങ്ങളുടെ ജീവിതത്തെ ആകെ ബാധിച്ചിരിക്കുന്ന ഭയങ്കര വിലയിടിവ്. അങ്ങനെ പലവഴിയിലും നമ്മുടെ വരവിനങ്ങൾ കുറയാൻ സാദ്ധ്യതയുണ്ടായിരിക്കെ കൂടുതൽ വരവു പ്രതീക്ഷിക്കുന്നതു് നോട്ടപ്പിശകാണെന്നു പറയാൻ ഞാൻ തയ്യാറില്ല. ജനങ്ങളെ ഇനിയും കഷ്ടപ്പെടുത്താനുള്ള ഉറച്ച തീരുമാനത്തിൻെറ പ്രഖ്യാപനമാണതു്. സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിനെ തടയാൻ വല്ല നടപടികളും എടുത്തിട്ടുണ്ടോ എന്നു ചോദിച്ചാൽ ഒരു നടപടിയും എടുക്കാൻ ഞങ്ങൾക്കു സാദ്ധ്യമല്ലെന്നാണു പറയുന്നതു്. ബോംബെയിലെ സോപ്പുടമകളെ സഹായിക്കാനായി കൊപ്രായുടെയും വെളിച്ചെണ്ണയുടെയും ഇംപോർട്ടു് ഡ്യൂട്ടി കുറച്ചപ്പോൾ ഈ ഗവൺമെൻറ എന്തു ചെയ്തു? അതിനു് open general license നൽകിയപ്പോൾ ഈ ഗവൺമെൻറ് എന്തുചെയ്തു? ഇങ്ങനെ ഡ്യൂട്ടിയിൽ കുറവുവരുത്തിയാൽ നമ്മുടെ ജനങ്ങളെയാണ് അതു ബാധിക്കുന്നതു് എന്നു് കേന്ദ്രത്തിനറിവില്ലേ; ഈ ഗവൺമെൻറിനറിവില്ലേ? സർ, ഇവരോടു ചോദിച്ചിട്ടാണോ ഇതു ചെയ്തതു്? അല്ലെങ്കിൽ ഇവർ നാണിക്കണം. ഇവരോടു ചോദിച്ചു് ഇവർകൂടി സമ്മതിച്ചാണു് ഇതു ചെയ്തതെങ്കിൽ അതിനു് ഉത്തരവാദികളായ മന്ത്രിമാർ ജനങ്ങളുടെ മുൻപിൽ സമാധാനം പറയേണ്ടതാണ്. നമ്മുടെ വരവിനങ്ങൾ എന്തെല്ലാമാണെന്നും അതിൽ ഉണ്ടായിട്ടുള്ള വിടവുകൾ നികത്താനുള്ള മാർഗ്ഗങ്ങൾ എന്താണെന്നും മനസ്സിലാക്കാൻ ഇവക്കു കഴിവില്ല. സർ, മൂന്നുകൊല്ലമായി ഭവനനിർമ്മാണപദ്ധതിക്കുവേണ്ടി നീക്കിവച്ചിട്ടുള്ളതു് ൧൫ ലക്ഷം രൂപയാണ്. എന്നാൽ മൂന്നുകൊല്ലം ആയിട്ടും എത്ര ഭവനങ്ങളാണ് ഇവിടെ ഉണ്ടായതു്? അനുവദിക്കപ്പെട്ടിട്ടുള്ള പണത്തിൻെറ ഏറിയ ഭാഗവും ചെലവഴിക്കാതിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെപ്പോലെ ഭവനനിർമ്മാണത്തിൽ അലസത കാണിക്കുന്ന മറെറാരു സംസ്ഥാനവുമില്ലെന്നുവേണം പറയുവാൻ. ഇവരുടെ ജനായത്തഭരണത്തിൻെറ ജന്മഭൂമിയായ ഇംഗ്ലണ്ടിൽ യുദ്ധം കഴിഞ്ഞു നാലുവർഷത്തിനകം ൧൧ ലക്ഷം വീടുകൾ പണിയിച്ചിട്ടുണ്ട്. വേണമെങ്കിൽ തെളിവുതരാം. എന്നാൽ ഈ കാര്യത്തെപ്പററി നമ്മുടെ ഗവൺമെൻറിൻെറ മനോഭാവം എന്താണെന്നുള്ളതു അവർ വെളിവാക്കിക്കഴിഞ്ഞു. അതങ്ങനെയിരിക്കട്ടെ. സർ, തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു് സർവ്വീസിൽ തൊഴിലുള്ളവരെക്കൂടി പിരിച്ചുവിടുകയാണു ചെയ്യുന്നതു്. തൊഴിലില്ലായ്മയ്ക്കു പരിഹാരം നേടാൻ കടമപ്പെട്ട ഗവൺമെൻറ തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതു ഒരിക്കലും ആശാസ്യമല്ല. ഇവിടെ ഫുൾ എംപ്ലോയ്മെൻറ് എവിടെയെങ്കിലും ഉണ്ടോ? സർ, ഇവിടെയുള്ളതു് under employment-ഉം un-employment-ഉം മാത്രമാണ്.

കൃഷിഡിപ്പാർട്ടുമെൻറിലെ ജീവനക്കാരുടെ ശമ്പളത്തിനും ഡിപ്പാർട്ടുമെൻറ പരസ്യങ്ങൾക്കുമായി ൧൭ ലക്ഷം രൂപ ബഡ്ജററിൽ കൊള്ളിച്ചു കാണുന്നു. മൊത്തം ജനസംഖ്യയിൽ ൭൫ ശതമാനം വരുന്ന കർഷകർക്ക് ഈ ഡിപ്പാർട്ടുമെൻറുകൊണ്ടു എന്തെല്ലാം ഗുണങ്ങളാണ് ഉണ്ടാകുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. യഥാർത്ഥ കർഷകരുമായി ഈ ഡിപ്പാർട്ടുമെൻറിന് യാതൊരു ബന്ധവുമില്ല. ആഹാരപ്രശ്നം ഒരു അടിയന്തിര പ്രശ്നമായിരിക്കുന്ന ഈ സന്ദർഭത്തിൽ കർഷകർക്കാവശ്യമുള്ള സകല സഹായസഹകരണങ്ങളും ഈ ഡിപ്പാർട്ടുമെൻറുമുഖേന ചെയ്യേണ്ടതായിട്ടുണ്ടു്. എന്നാൽ പറയത്തക്ക യാതൊരു ആനുകൂല്യങ്ങളും ചെയ്യുന്നില്ല. ഒട്ടും അപ്രധാനമല്ലാത്ത സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ ഹൌസിംഗ് സ്കീമിനുവേണ്ടി ഒരു ചെറിയ തുകപോലും ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല. അതു വാസ്തവത്തിൽ ഖേദകരമാണ്. ഗവണ്മെൻറിൽനിന്നും വൻപിച്ച ഷെയറുകൾ എടുത്തിട്ടുള്ള പല വ്യവസായ സ്ഥാപനങ്ങളും സംസ്ഥാനത്തു പ്രവർത്തനം നടത്തുന്നുണ്ടു്. അവയിൽ പ്രവൃത്തിയെടുക്കുന്ന തൊഴിലാളികളുടെ ആശ്വാസത്തിനുവേണ്ടി യാതൊന്നും ഞാൻ ബഡ്ജററിൽ കാണുന്നില്ല. ഇവരുടെ പ്രോവിഡൻറഫണ്ടിനെപ്പററി പറഞ്ഞ അവസരത്തിൽ നമ്മുടെ മുൻപിലുള്ള ട്രഷറിബഞ്ചിൽ സ്ഥലംപിടിച്ചിരിക്കുന്ന മന്ത്രി പറയുകയുണ്ടായി, തൊഴിലാളികളുടെ പ്രോവിഡൻറഫണ്ടു്, കാൺഗ്രസ്സുപാർട്ടിയുടെ പ്രഥമവും പ്രധാനവുമായ ഒരു പരിപാടിയാണെന്നു്. പക്ഷെ, തൊഴിലാളികളോടു ഗവണ്മെൻറിനു കൂടുതൽ അനുഭാവമുള്ളതുകൊണ്ടായിരിക്കാം ഈ കാര്യം വിസ്മരിച്ചതു്. ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ ഒരു രൂപായെങ്കിലും—Merely as a token, Sir—ബഡ്ജററിൽ കൊള്ളിക്കാമായിരുന്നു. പലവിധത്തിലുള്ള ഫാക്ടറികൾ ഗവണ്മെൻറിൻെറ ഉടമസ്ഥതയിൽ പ്രവർത്തനം നടത്തുന്ന നമ്മുടെ സംസ്ഥാനത്തു അതനുസരിച്ചുള്ള ആദായവും ലഭിക്കേണ്ടതാണ്. എന്നാൽ ആ ഇനങ്ങളിൽനിന്നും പ്രതീക്ഷിച്ചിരുന്ന വരവു ഉണ്ടായിട്ടില്ല. അതിനുള്ള കാരണങ്ങളെപ്പററി ഞാൻ വിവരിക്കണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ൧൯൫൨-൫൩-ൽ വ്യവസായങ്ങളിൽനിന്നുള്ള വരവു് കുറഞ്ഞുപോയതു ഈ ഫാക്ടറികളിലെ പ്രവർത്തനക്കുഴപ്പംകൊണ്ടാണെന്നു പറയുന്ന അവസരത്തിൽ ൧൯൫൩-൫൪-ൽ ആദായം കൂടുതൽ പ്രതീക്ഷിക്കുന്നതു Travancore Minerals-ൽ നിന്നു് F. A. S. charges ഇനത്തിൽ കൂടുതൽ കിട്ടുമെന്നുള്ളതുകൊണ്ടാണ്. പ്രവർത്തനക്കുഴപ്പം പരിഹരിച്ചിട്ടില്ല. ഇതുരണ്ടും ഒരു പാരഗ്രാഫിൽതന്നെ പറയാൻ ധൈര്യമുണ്ടായതിൽ ഞാൻ അത്ഭുതപ്പെടുന്നു.

അനവധി തൊഴിലാളികൾ ഉൾക്കൊള്ളുന്ന പല തരത്തിലുള്ള വ്യവസായസ്ഥാപനങ്ങളും പ്രവർത്തനത്തിൽ ഇരിക്കുന്നതായ രാജ്യങ്ങൾ ഉണ്ടു്. എന്നാലും ഒരു രീതിയും ഇല്ലാതെ ഒരു നിയമവുമില്ലാതെ തൊഴിൽശാലകൾ പ്രവർത്തനം തുടരുന്നതു് നമ്മുടെ രാജ്യത്തല്ലാതെ മററെങ്ങും ഇല്ല. ഗവണ്മെൻറിൽനിന്നും ഇവിടെ നടത്തുന്ന വ്യവസായ സ്ഥാപനങ്ങൾക്കുവേണ്ടി വളരെയധികം പണം കടമായി കൊടുത്തിട്ടുണ്ടു്. കടം തിരിച്ചുവീട്ടുകയോ അല്ലെങ്കിൽ അതിൻെറ പലിശപോലും കൊടുക്കുകയോ ചെയ്യുന്നില്ലെന്നു കാണുമ്പോൾ ഗവണ്മെൻറ് കൊടുത്തിട്ടുള്ള പണത്തിനെ ഷെയറാക്കി മാററുകയാണ് ചെയ്യുന്നതു്. ഉദാഹരണമായി എഫ്. എ. സി. ററി. കമ്പനിയുടെ കാര്യം തന്നെയെടുക്കാം. ഈ കമ്പനിക്കു് ഗവ

[ശ്രീ. എൻ. രാജഗോപാലൻനായർ]

ണ്മെൻറിൽനിന്നും ൯൫ ലക്ഷംരൂപ കടം കൊടുക്കുകയുണ്ടായി. അതിനു മുൻപു ൫൧ ശതമാനം ഷെയർ ആ കമ്പനിയിൽ ഗവണ്മെൻറ എടുത്തിട്ടുണ്ടു്. എന്നാൽ ഏഴുവർഷക്കാലമായിട്ടു പണമോ അതിൻെറ പലിശയോ ഗവണ്മെൻറിനു കിട്ടാതെയാണിരിക്കുന്നതു്. ഗവണ്മെൻറു് ഈ സ്ഥിതി കണ്ടപ്പോൾ കൊടുത്ത രൂപയെല്ലാം ഷെയറാക്കി മാററി. ഇപ്രകാരം വ്യവസായസ്ഥാപനങ്ങൾക്കുവേണ്ടി ഗവണ്മെൻറിൽനിന്നും ഏകദേശം ആറേകാൽ കോടിരൂപ ഇറക്കിയിരിക്കുകയാണു്. ഇതിൻെറ മൂന്നു ശതമാനമെങ്കിലും പലിശ കിട്ടിയിരുന്നുവെങ്കിൽ അങ്ങനെയെങ്കിലും സമാധാനിക്കാമായിരുന്നു. ഈ കമ്പനികളുടെ വരവു ചെലവുകളെപ്പററി പരിശോധിക്കുന്നതിനും മററുമായി നമ്മുടെ ഗവണ്മെൻറിൽനിന്നും സെക്രട്ടറിമാരെ അതിലെ ഡയറക്ടറന്മാരായി നിയമിക്കുകയും ചെയ്തിട്ടുണ്ടു്. വ്യവസായ സ്ഥാപനങ്ങളുമായി, അവയുടെ പ്രവൎത്തനങ്ങളുമായി യാതൊരു പരിജ്ഞാനവുമില്ലാത്ത ഉദ്യോഗസ്ഥന്മാരെ അവയിലെ ഡയറക്ടറന്മാരിൽ ഒരാളാക്കിയതുകൊണ്ടു് എന്തു ഗുണമാണു് ഗവണ്മെൻറിനു കിട്ടിയിട്ടുള്ളതു്? യാതൊരു ഗുണവുമില്ല. ഗുണമുണ്ടാകുമെന്നു് പ്രതീക്ഷിക്കാനും നിവൃത്തിയില്ല. സർ, മറെറാരു സംഗതി എനിക്കു പറയുവാനുള്ളതു് പൊതുജനങ്ങളിൽനിന്നും, പൊതുജനപ്രതിനിധികളിൽനിന്നും അനുനിമിഷം ഉണ്ടായിക്കൊണ്ടിരുന്ന ഒച്ചപ്പാടിൻെറ വെളിച്ചത്തിൽ ഗവണ്മെൻറു് ഒരു ഭൂനയക്കമ്മിററി ഉണ്ടാക്കി, ആ കമ്മിററി നിർദ്ദേശിക്കുന്ന ഭൂനയത്തിലും ഭൂവിതരണത്തിലും ഞങ്ങളുടെ പാർട്ടിക്കു് യാതൊരു വ്യാമോഹവും ഉണ്ടായിട്ടില്ല. എങ്കിലും ഭൂനയത്തെ സംബന്ധിച്ചു് ഈ കമ്മിററി പ്രവൎത്തനം ആരംഭിച്ചതിൻെറ ഫലമായിട്ടു് ഒരു റിപ്പോർട്ടു് സമർപ്പിച്ചിട്ടുണ്ടെന്നാണു് ഞാൻ അറിയുന്നതു്.

"ഒരു ഭൂഉടമസമ്പ്രദായം ഇവിടെ നടപ്പിൽ വന്നേ മതിയാവൂ. നമ്മുടെ ഗവണ്മെൻറിനു് അതിനുള്ള കഴിവില്ല. ഞങ്ങൾക്കുമാത്രമേ അതിനു കഴിവുള്ളു എന്നു് കൊട്ടി ഘോഷിച്ചുകൊണ്ടു നടക്കുന്ന ഒരു കക്ഷി ഇവിടെയുണ്ടെന്നു് ഓർക്കണം" എന്നു പറഞ്ഞ എൻെറ പ്രിയപ്പെട്ട ആമ്പല്ലൂർ മെമ്പർ ഇന്നു് ഒരു മന്ത്രിയാണു്. ഒരുലക്ഷം രൂപാ അതിലേക്കു മാററി വച്ചു പൂഞ്ഞാർ മെമ്പറും ഒരു മന്ത്രിയാണു്. മല എലിയെപ്പോലും പ്രസവിക്കാത്ത ഒരു സ്ഥിതിയാണു് ഇന്നു വന്നുചേൎന്നിരിക്കുന്നതു്. ഞങ്ങളുടെ പാർട്ടിക്കു് വ്യക്തമായ ഒരു ഭൂനയമുണ്ടെന്നു് സചിവോത്തമന്മാരായ മന്ത്രിമാരെ ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കും ഇടത്തരം കൃഷിക്കാൎക്കും ചെറിയ കൃഷിക്കാൎക്കും അനുയോജ്യമായ ഒരു ഭൂനയം ഞങ്ങൾക്കുണ്ടു്. ജന്മിത്വത്തിനും നാടുവാഴിത്വത്തിനും എതിരായ ഒരു ഭൂനയംതന്നെയാണു ഞങ്ങൾക്കുള്ളതു്. അന്നത്തേക്കാൾ ആയിരം മടങ്ങു ശക്തിയോടെ, ജനാധിപത്യശക്തികൾക്കു മാത്രമേ അതു നടപ്പിലാക്കാൻ കഴിയുകയുള്ളുവെന്നു് ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു.

സർ, ഇവിടെ വനം പതിച്ചുകൊടുക്കുന്നുണ്ടു്. കായൽനിലങ്ങളും, ദേവികുളം പീരുമേട്ടിലെ തരിശുകളും പതിച്ചുകൊടുക്കുന്നുണ്ടു്. അതാർക്കാണു് കിട്ടുന്നതെന്നുള്ള കാര്യം നാം നോക്കേണ്ടിയിരിക്കുന്നു. ചില ഭാഗ്യവാന്മാരായ വ്യക്തികൾക്കാണു് അതു കിട്ടുന്നതു്. അതുപോലെ

തന്നെ ബണ്ടുകെട്ടിയും മററുതരത്തിലുള്ള ജലസേചനസൗകര്യങ്ങളും ചെയ്തു കൊടുക്കുന്നുണ്ട്. അതും ചില വ്യക്തികളെ പ്രീണിപ്പിക്കുന്നതിനുവേണ്ടിയാണ് ചെയ്തിട്ടുള്ളതു്. അടുത്തു നടന്ന ഫുഡ്പ്രൊഡക്ഷൻ ബോർഡുയോഗത്തിൽ ഒരു ഭീമമായ സംഖ്യ വായ്പയായി മുഖ്യമന്ത്രിയുടെ ഒരു ബന്ധുവിനു കൊടുക്കുകയുണ്ടായി. ബന്ധുക്കൾക്കും ജാതിക്കാക്കും മാത്രം ആനുകൂല്യങ്ങൾ ചെയ്യുന്നു എന്നു കേൾക്കാതിരിക്കാൻ എന്നു കഴിയും നമ്മുടെ നാട്ടിൽ! ഈ പാർട്ടിയുടെ ഭരണം മാറിയല്ലാതെ ഈമാതിരിയുള്ള ബന്ധുപ്രീണനങ്ങൾ മാററാൻ കഴിയുകയില്ല. ഗ്രോ മോർ ഫുഡിന് എത്രലക്ഷംരൂപാ ചിലവുചെയ്തിട്ടുണ്ടെന്നു് ബഹുമാനപ്പെട്ട മെമ്പറന്മാക്ക് അറിവുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. അതേഅവസരത്തിൽ എത്രമണി അരിയാണ് വിളഞ്ഞിട്ടുള്ളതെന്നു ബഹുമാനപ്പെട്ട മന്ത്രിമാക്കു പറയാൻ കഴിയുമോ? ഇത്രത്തോളം പണം ചിലവാക്കിയിട്ടും ഒന്നും ഉണ്ടായില്ല എന്നു പറഞ്ഞാൽ വിശ്വസിക്കാൻ ഞാൻ തയ്യാറില്ല. പഴയ ഒരു ചീഫ്മന്ത്രി പറഞ്ഞതുപോലെ എന്തുണ്ടായി എന്നു ചോദിച്ചാൽ നെല്ലുണ്ടായി എന്നാണുത്തരം. എന്തു ചെയ്തു എന്നു ചോദിച്ചാൽ ഉണ്ടു എന്നു പറയും. പക്ഷെ ആരുണ്ടു എന്നുള്ളതാണ് ചോദ്യം. ഈ ഉല്പാദനമെല്ലാം എവിടെയാണു പോകുന്നതു്? ഇന്നത്തെ നിലയിൽ അതാതു ഡിസ്ട്രിക്ടുകളിൽ എല്ലായിടത്തും നെല്ലു കൊണ്ടുപോകാം. ആ നിലയിൽ പ്രൊക്യൂവർ ചെയ്യണമെങ്കിൽ എങ്ങിനെയാണ് ഫോളോ ചെയ്യുന്നതെന്നു് മനസ്സിലാകുന്നില്ല. ൧൧൨൧-ലാണ് എന്യൂമറേഷൻ നടന്നതു്. അതിനുശേഷം എത്രയോ ജനനവും മരണവും നടന്നിട്ടുണ്ട്. എന്നിട്ടും പുതുതായി ഒരു കണക്കെടുത്തിട്ടില്ല. ഈ രീതിയിലാണ് ഇവരുടെ വിതരണപദ്ധതി പോകുന്നതു്. ബീഹാറിൽ ഗോതമ്പിനു് അല്പം ക്ഷാമം നേരിട്ടപ്പോൾ കേന്ദ്രഗവണ്മെൻറ് ഒന്നിളകി. നമ്മുടെ നാട്ടിൽ അരി ആവശ്യത്തിൻെറ നാല്പതുശതമാനം മാത്രമേ ഉണ്ടാകുന്നുള്ളു എന്നു പറഞ്ഞാൽ "ഓ! ഈ അരിതിന്നികൾ" എന്നാണ് കേന്ദ്രക്കാർ പറയുന്നതു്. ഇതിൻെറ കുററം അവരുടേതല്ല.

സർ, കേന്ദ്രവുമായി ഇടപെട്ടിട്ടുള്ള എല്ലാ കാര്യങ്ങളിലും ഇവർ നമ്മുടെ അവകാശങ്ങളെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. പഴയ കൊച്ചിൻ പോർട്ട് എഗ്രിമെൻറനുസരിച്ച് ൬൦ ലക്ഷം രൂപാ കുരുമുളകിനു മാത്രം നമുക്ക് കിട്ടുമായിരുന്നു. ഇപ്പോൾ നമുക്ക് ആ ഇനത്തിൽ ഒരു വരവുമില്ല. അതു് നമ്മുടെ ഒരു മോണോപ്പളിയല്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്. ൧൯൫൬-ലെ ആക്ടനുസരിച്ച് ജൂട്ടിൻെറ കസ്റ്റംസ് ഇനത്തിൽ ൬൦ ശതമാനം ബംഗാൾ ഗവണ്മെൻറിനു കൊടുക്കാൻ വ്യവസ്ഥയുണ്ട്. എൻെറ ബഹുമാനപ്പെട്ട സ്നേഹിതന്മാർ കൂടി പോയിരുന്നു പാസ്സാക്കിയ ഭരണഘടനയനുസരിച്ച് ജൂട്ടിൻെറ കസ്റ്റംസിൽ ഒരു ഭാഗം കിട്ടാൻ അവക്ക് അവകാശമുണ്ടായി. നമ്മുടെ നാട്ടിൽ അങ്ങനെയുള്ള ഒരവകാശവും ഇല്ലാതെയും ആയി. സർ, എൻെറ പാർട്ടിക്കും അധികാരത്തിലിരിക്കുന്ന എൻെറ സ്നേഹിതന്മാരുടെ പാർട്ടിക്കും തമ്മിൽ അഭിപ്രായവ്യത്യാസമില്ലാത്ത കാര്യങ്ങൾ വളരെ ചുരുക്കമാണ്. എന്നുവരികിലും നാട്ടിലെ പൊതുവായ കാര്യങ്ങൾ എന്തിന് ഇവർ ഒളിച്ചുവയ്ക്കുന്നു എന്നാണു ഞാൻ ചോദിക്കുന്നതു്. എന്തിനാണ് അവയെല്ലാം പാർട്ടികാര്യമാക്കിവയ്ക്കുന്നതു്. ഈയിടെ വന്ന ഫിനാൻസ് കമ്മീഷനു സമ

[ശ്രീ. എൻ. രാജഗോപാലൻനായർ]

പ്പിച്ച മെമ്മോറാണ്ടത്തെപ്പററി വളരെ വിശദമായി എന്റെ സ്നേഹിതന്മാർ ഇവിടെ പ്രസ്താവിച്ചിട്ടുണ്ടു്. അതിനാൽ അക്കാര്യത്തിലേക്കു് ഞാൻ കടക്കണമെന്നു വിചാരിക്കുന്നില്ല. സർ, അയൽനാട്ടിൽ പത്തു മാസത്തെ റേഷൻ സ്റ്റാക്കുചെയ്യാൻ അനുവദിച്ചപ്പോഴും നമ്മുടെ നാട്ടിൽ നാലരഔൺസാക്കി ആളുകളെ പട്ടിണിക്കിടുകയാണു ചെയ്തതു്. എന്റെ സ്നേഹിതൻ ശ്രീ. കേശവൻനായർ പ്രസ്താവിക്കയുണ്ടായി, നമുക്കെല്ലാം ഒരുമിച്ചുനിന്നു കാര്യങ്ങളും ശരിയാക്കാമെന്നു്. ആരാണു് അതിനു തടസ്ഥമായി നിൽക്കുന്നതു്? അവരെ, ഈ മന്ത്രിസഭയെ ആദ്യമായി എടുത്തു മാററിക്കളയുക. എന്നിട്ടു് നമുക്കു് ഒന്നിച്ചു് ഉറച്ചുനിന്നു വാദിക്കാം. എങ്കിലേ നമുക്കു് അതു കഴിയൂ.

Shri E. P. Varghese: Sir, I do not know whether I should congratulate the Finance Minister on producing this budget. He has done his duty as Finance Minister, that is all. It is not quite correct to say that he has not placed before the House a revised budget. Last time he placed a surplus budget and this time a deficit budget. There is nothing to be congratulated or condemned in this. What we should know is whether the money collected from the people, every unit of it, is spent for purposes set apart in the budget and properly utilised for the benefit of the public. It is there that we have to keep an ever vigilant eye. The hon. Member who spoke before me has dealt with some of the defects in the budget.

Sir, I wish to point out only some of the outstanding defects in the budget. It is said that large amounts have been set apart for nation building purposes. That is true. Most of the demands are for nation-building purposes. I find practically that all the amount that is spent is for nation-building purposes. Today, Sir, another set of accounts are placed and the amount, set apart for this purpose is a little less. Now, the question is whether we are benefited by it. There has been, for example, the Grow More Food Campaign. Have they been able to produce one grain more, I ask. Has there been any substantial increase in the production of food in spite of spending all these moneys? Money must be spent for this purpose, but what happend was that it was not properly spent.

There are other defects also in the budget. That is where we have to keep an ever vigilant eye. Unless the money collected in the name of the people and for the good of the people is spent properly, though the budget proposed is a deficit one, there is nothing to commend. The real thing is that the hon. Ministers should see that the money that is asked for certain purposes is really utilised honestly and sincerely for that purpose. It is not enough to get the demands passed and then to feel safe and secure for another year. That is not the way in which a budget ought to be viewed.

Sir, now I come to another point. One thing that stands in the way of progress in this country and which is rooted deep is,

I must say, communalism. I thought I will not see much of it when the national Government of the Republic of India is in full swing, and our old Government has undergone a change. But I find that in every file, and in every order of the Government there is that cloven hoof of communalism. It is in the rank and file of the officials. If the Ministers themselves can rise above this, then only they can root out this evil of communalism. Otherwise there is no hope for our country.

